ഭാഷാപഠനം

ആഴ്ചപ്പതിപ്പ്

L.K.P



ANNAS 2

ആണ്ട് അവസാനിക്കുകയാണ്

നിങ്ങൾക്കു പുതുവർഷത്തെ
കണക്കുകൾ എഴുതണ്ടേ?

ആഫീസ് ആവശ്യത്തിനുള്ള എല്ലാവിധ അക്കൗണ്ടുബുക്കുകളും

മനോഹരമായും

★

അച്ചടിച്ചു തയാറാക്കി തരുന്നതാണ്

നേരത്തെ ബുക്കുകൾ തയ്യാറാക്കിക്കുക

ഇന്ദിരാ പ്രിൻറിംഗ് വർക്ക്സ്,

പേട്ട—തിരുവനന്തപുരം

Reg: T. 168 Reg: M. 5661 പത്രാധിപർ—കെ. ബാലകൃഷ്ണൻ

കേരളമിത്രം

പുസ്തകം 1 | 1126 വൃശ്ചികം 26 തിങ്കൾ | ലക്കം 39

കേരളകൗമുദി കാർട്ടൂൺ

പോലീസ് ഭരണം

ജനകീയഭരണം വെറും പോലീസ് ഭരണമാണെന്ന ആരോപണം ഇന്നു ഭാരതത്തിന്റെ എല്ലാ ഭാഗങ്ങളിൽനിന്നും ഉയർന്നുവരുന്നുണ്ട്. ഹൈദരാബാദിലും ആന്ധ്രാദേശത്തും നടക്കുന്ന പൈശാചികമായ നരവേട്ടകളുടെ വിവരങ്ങൾ ശ്രീ. കെ. ഏ. അബ്ബാസ് എഴുതിയിരുന്നതു ഞങ്ങൾ കൗമുദിയിൽ പ്രസിദ്ധീകരിച്ചിരുന്നു. ഭാരതത്തിന്റെ ഇതര ഭാഗങ്ങളിൽ നടക്കുന്ന സംഭവങ്ങളിൽനിന്നും തീരെ വ്യത്യസ്തമല്ലെന്നോ ഇതരഭാഗങ്ങളിൽ നടക്കുന്നതിനെക്കാൾ ഭയങ്കരമെന്നോ പറയാവുന്ന സംഭവങ്ങൾ നമ്മുടെ രാജ്യത്തു ദൈനംദിനമെന്നോണം നടന്നുവരുന്നുണ്ട്. പോലീസിനെതിരായി എന്തെങ്കിലും ശബ്ദിച്ചുപോയാൽ ജീവൻ അപകടത്തിലാണ് എന്നു പരമാർത്ഥംവച്ചു താക്കീതുകൊടുക്കുന്ന നിലയിലാണ് കാര്യങ്ങൾ മുന്നോട്ടുപോയ്ക്കൊണ്ടിരിക്കുന്നതു്. കാൺഗ്രസ്സുകാർ, കാൺഗ്രസ്സ് എം. എൽ. ഏ. മാർ എന്തിനു മന്ത്രിവരെയുള്ള ബന്ധുക്കളായ എം. എൽ. ഏ. മാർ വരെ പ്രക്ഷുബ്ധരാകുകയോ പ്രക്ഷുബ്ധരാക്കപ്പെടുകയോ ചെയ്ത സംഭവങ്ങൾ ഇന്നു രാജ്യത്തുണ്ടാകുന്നുണ്ട്.

കുറേക്കാലങ്ങൾക്കു മുൻപു ഒരിക്കൽ ഗവണ്മെന്റു പറയുകയുണ്ടായി കൊലയും കൊള്ളയും കൊള്ളിവയ്പുമായി നടക്കുന്ന ഒരു പാർട്ടിയായതുകൊണ്ടു കമ്മ്യൂണിസ്റ്റുപാർട്ടിയെ നിരോധിച്ചെന്നു്. തുടർന്നു പ്രധാനമന്ത്രി പ്രസ്താവിച്ച അക്രമത്തെ അക്രമംകൊണ്ടു നേരിടുമെന്നു് എന്തായാലും പോലീസുമർദ്ദനം ഭീകരമായിരിക്കുന്ന ഇന്നു കാലഘട്ടത്തിൽ അക്രമരഹിതമായും അക്രമപരമായ പ്രവർത്തനങ്ങളെയും പാടി വേർപ്പെടുത്തിക്കൊണ്ടിരുന്നെങ്കിലായിരുന്നു കരുതേണ്ടതു്. ചിന്തിക്കേണ്ടതുണ്ടു്. ഇന്നു അടുത്തകാലത്തു കമ്മ്യൂണിസ്റ്റുകാർ അക്രമരഹിതമെന്ന പേരിൽ ഗവണ്മെന്റിനു ഒരു കെട്ടുകഥപോലും ചമയ്ക്കുവാൻ കഴിഞ്ഞിട്ടില്ല. പറയത്തക്ക അസ്വാസ്ഥ്യങ്ങളൊന്നുംതന്നെ രാജ്യത്തിന്റെ ഒരുഭാഗത്തും നടന്നിട്ടുമില്ല. എങ്കിലും പോലീസുകാരുടെ "അക്രമംകൊണ്ടു തോൽടീലിനു" യാതൊരു കുറവുമില്ലെന്നാണു.


ഫലനാപരമായി ഒരു മുതലാളിത്തഗവണ്മെന്റിന്റെ പോലീസു പ്രധാനമായും എപ്പോഴും ബഹുജനമർദ്ദനത്തിൽ വ്യാപൃതമായിരിക്കും. ബഹുജനമുന്നേറ്റം ശക്തി പ്രാപിച്ചുവരുന്തോറും പോലീസുമർദ്ദനവും വർദ്ധമാനമായിക്കൊണ്ടിരിക്കും. അവസാനം പോലീസിനുപോലും തടഞ്ഞുനിർത്താനാവാത്ത ഒരു ശക്തിയായി പൊതുജനമുന്നേറ്റം രൂപമെടുത്തു [illegible] സൃഷ്ടിപ്പിയിലാണു കഴിഞ്ഞകൂട്ടന്ന ഗവണ്മെന്റു കാനായി ഞെട്ടലോടെ ഉണരുകയും, ചെയ്യും.

രാഷ്ട്രീയ പ്രവർത്തകരോടും രാഷ്ട്രീയപാർട്ടികളോടും ഇന്നു ഗവണ്മെന്റു സ്വീകരിച്ചിട്ടുള്ള നയത്തെപ്പറ്റി പ്രതിപാദിക്കുന്നതു ഞങ്ങൾ പ്രധാനമായി ഉദ്ദേശിക്കുന്നതു്. എല്ലാ രാഷ്ട്രീയപാർട്ടികൾക്കും അകത്തായോ, വേണമെങ്കിൽ പറയുക, എല്ലാ രാഷ്ട്രീയപാർട്ടികൾക്കും അതീതമായോ ഇന്നു രാജ്യത്തു കോടി ജനങ്ങളുണ്ടു്. അവരിൽ ആർക്കും തന്നെ പോലീസുകാരിൽനിന്നു രക്ഷയില്ല എന്നു വന്നുകൂടിയാൽ മതവിരുദ്ധമായ ചില തകരാറുകളെപ്പറ്റി അവർ ഒന്നിച്ചുകൂടി ചിന്തിക്കാതിരിക്കുക അസാധ്യമായിത്തീരും. ഇന്നു ആ കാലഘട്ടംവരെ സ്ഥിതിഗതികൾ എത്തിച്ചേർന്നിട്ടുണ്ടെന്നു ഞങ്ങൾ കരുതുന്നു.

പ്രക്ഷുബ്ധമായ ചിന്തകളെക്കാൾ നിശ്ചയദാർഢ്യത്തോടുകൂടിയുള്ള പ്രവർത്തനത്തിനുള്ള കാലഘട്ടം താമസിച്ചുപോകുകകൂടി ചെയ്തുപോയില്ലേ എന്നു ഞങ്ങൾ സംശയിക്കുന്നു. എന്തായാലും നാം ഈ രാജ്യത്തു ജീവിക്കാൻ തീരുമാനിച്ചിട്ടുണ്ടു്. ഏതു നിമിഷത്തിലും പുഴുക്കളെപ്പോലെ ചതച്ചു കൊല്ലപ്പെടാവുന്നുള്ള തത്ത്വദീക്ഷയില്ലാതെ നാമെല്ലാം കഴിയുന്നതു്. പക്ഷെ ഡെമോക്ലീസിന്റെ വാളുപോലെ പോലീസിന്റെ ലാത്തിയും ഇപ്പോൾ നമുക്കുമേലുള്ള തലയ്ക്കുമീതെ തൂങ്ങുകയാണു് ഒരുതരം ഭയജനകമായ നിശ്ചലാവസ്ഥ. ഇന്നു കായംകുളത്താണെങ്കിൽ നാളെ കൊട്ടാരക്കര. മറന്നാൽ തൊട്ടുപുഴ. അതിനടുത്തദിവസം കൊല്ലത്തോ തിരുവനന്തപുരത്തോ ആയിരിക്കും. ഗവണ്മെന്റെന്ന പേരിൽ നിയമപരിപാലനമെന്നപേരിൽ ഒരു കൊലപാതകസംഘത്തെവച്ചു പുലർത്താൻ ചോരനീരാക്കി കരംകൊടുക്കണമെന്നാണോ ഇന്നു നമ്മോടു പറയുന്നതു്. ഒരു മനുഷ്യനെ നിയമത്തിന്റെ വടമ്പട്ടകെട്ടി ഇരുമ്പഴിക്കുള്ളിലാക്കി നിയമപരിപാലനം കയ്യൂരിയ കാമുകിയുടെ വീരഭോഗമാക്കിച്ചെയ്ത മനുഷ്യനെ മുഗത്തെക്കാൾ ഹീനമായി ചതച്ചുകൊല്ലുന്ന ഏർപ്പാടു് ഈ രാജ്യത്തു നടപ്പില്ലെന്നു ഈ രാജ്യത്തെ ജനങ്ങൾ രാജ്യത്തിന്റെ കാരോഭാഗത്തു നിന്നും സംഘടിതമായി വിളിച്ചു പറയണം. കമ്മ്യൂണിസ്റ്റാക്കിക്കാണിച്ചാൽ വിരണ്ടോടാൻ നാമാരും പഠിച്ചിട്ടില്ല. കമ്മ്യൂണിസമെന്നു പറഞ്ഞാൽ എന്തുണ്ടെന്നു അതിന്റെ ഹരിശ്രീ പോലും നിശ്ചയമില്ലാത്തവരിൽ നിന്നു നമുക്കൊന്നും പഠിക്കാനുമില്ല. രാജ്യത്തു വർദ്ധമാനമായിത്തീർന്നിരിക്കുന്നപോലീസു അരാജകത്വത്തിലും, നിയമപരിപാലനത്തിന്റെ പേരിൽ നടക്കുന്ന സംഘടിത കൊലപാതകത്തിലുംനിന്നു രാജ്യത്തെയും ജനങ്ങളെയും രക്ഷിക്കാൻ എന്തു രാഷ്ട്രീയ ചിന്താഗതിക്കാരായാലും മനു

മുഖചിത്രം:

ദക്ഷിണതിരുവിതാംകൂറിലെ പ്രകൃതിമനോഹരമായ ഒരു ഭാഗം



"വയലാർ ഗർജ്ജിക്കുന്നു"

വൈദ്യുതൻ പ്രത്യക്ഷപ്പെട്ടു

മുതലാളിമാരിൽനിന്നും തൊഴിലാളിരാഷ്ട്രങ്ങൾക്കും ഇണങ്ങുന്നപ്പോഴെയും ഏകാധിപതി സഹോദരന്മാരെപ്പോഴെയും സമാധാനമായി ഒരുമിച്ചു ജീവിക്കാമെന്നുള്ള സ്റ്റാലിന്റെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ടു സഖാവു് വിഷ്ണിൻസ്കി യു എൻ ജനറൽ അസംബ്ലിയിൽ ചെയ്ത പ്രസംഗം ന്യൂയോർക്ക് ടൈംസ് മുതൽ മലയാളമനോരമവരെയുള്ള പത്രങ്ങൾ സ്വാഗതം ചെയ്തതോടെ ഈ ലോകത്തു് ശാശ്വതമായ ശാന്തിയും സമാധാനവും സംസ്ഥാപിതമാകാനുള്ള സകല സാദ്ധ്യതകളും ഉത്ഭവമായി. കഴിഞ്ഞദിവസം ഒരു വെള്ളിനക്ഷത്രം ഉദിച്ചു ക്രമേണ പടിഞ്ഞാറോട്ടു നീങ്ങിക്കൊണ്ടിരുന്നുവെന്നും, അതു് ലോകസ്ക്രീസിൽ പൊന്നു നിശ്ചലമായി നിന്നുവെന്നും, അവിടെ നിന്നും അതു ഭൂമിയിലേയ്ക്കിറങ്ങി വന്നുവെന്നും, ഒടുവിൽ വിഷിൻസ്കിയുടെ ഭൗതിക ശരീരത്തിൽ ഐക്യരാഷ്ട്ര ജനറൽ അസംബ്ലിയുടെ പ്രസംഗവേദിയിൽ പ്രത്യക്ഷമായെന്നും ഭീ വു ന്മാർ കണ്ടറിഞ്ഞു. വിശുദ്ധ വേദപുസ്തകത്തിൽ പ്രവാചകന്മാരാൽ കല്പിക്കപ്പെട്ടിരിക്കുന്ന മിശിഹായുടെ അവതാരമാണെന്നു അന്ത്യോഖ്യയിൽനിന്നും അരുളപ്പാടുണ്ടായി. രക്ഷകനായ അന്തിക്രിസ്തുവിന്റെ അവതാരമാണെന്നു മാലാഖമാർ സ്തുതിഗീതങ്ങൾ പാടി. ദേശവേതാരത്തിൽ ഭവിഷ്യത്തുക്കളായി പ്രഥമതായിരിക്കുന്ന സാക്ഷാൽ കല്ക്കിയാണു വിഷിൻസ്കിയെന്ന നാമധേയത്തിൽ ഇപ്പോൾ പശ്ചിമ ഭൂഖണ്ഡത്തിൻ അശ്വാരൂഢനായി അവതരിച്ചിരിക്കുന്നതെന്നു പൊന്നായിലെ ആചാര്യപീഠത്തിൽനിന്നും തീർപ്പുകൽപ്പിച്ചു.

സമാധാനപ്രേമികൾ ഒത്തുകൂടുന്നു.

വിഷിൻസ്കിയുടെ യു. എൻ. പ്രസംഗംമൂലം ഉണ്ടായിരിക്കുന്ന പുതിയ സംഭവവികാസങ്ങളെപ്പറ്റി ചർച്ച ചെയ്യുന്നതിനായി ആഹ്വാനം മുഴക്കിക്കൊണ്ടു സഖാക്കൾ എ.സി. എം. അച്ചുപ്പിള്ളയും കെ. എൻ. ശങ്കുണ്ണിപ്പിള്ളയുംകൂടി സംയുക്തപ്രസ്താവനയിറക്കി. വിഷിൻസ്കിയുടെ പ്രസംഗത്തിന്റെ വെളിച്ചത്തിൽ ഇന്ത്യൻ ഭരണഘടനയിൽ വിഭാവന ചെയ്തിരിക്കുന്ന മതേതരാധികാരങ്ങൾക്കു ചില ഭേദഗതികൾ വരുത്തേണ്ടതാണെന്നും, തൊഴിലാളിമാരും മുതലാളിമാരും സമാധാനമായി ചങ്ങാതികളെപ്പോലെ കഴിയാൻ സാദ്ധ്യമാണെന്നുള്ള പരമാർത്ഥം ഭരണഘടനാ അംഗീകരിച്ചിരിക്കുന്ന സ്ഥിതിക്ക് വർഗ്ഗസമരങ്ങളെപ്പറ്റി പ്രസംഗിക്കുന്നവരെ ഉടനടി ലിക്വിഡേറ്റ് ചെയ്യേണ്ടതാണെന്നും, പണിമുടക്കങ്ങളെപ്പറ്റി ആലോചിപ്പിക്കുകതന്നെ, ഉല്പാദനോപകരണങ്ങൾ ദേശസാൽക്കരിക്കുന്നതു തീരെ തിരിഞ്ഞ പ്രസ്ഥാനത്തിൽനിന്നും ടി. കെ. സക്കാർ പിന്തിരിയേണ്ടതാണെന്നും, മുതലാളിമാർ സക്കാരിന്റെ കറവപ്പശുക്കളാണെന്നു പറയുന്ന പന്ന്യമ്പിള്ളിക്കിറുക്കന്മാരെ അവസാനിപ്പിക്കണമെന്നും, മുതലാളിയും തൊഴിലാളിയുംകൂടി പഴയതുപോലെ സൗഹാർദ്ദമായി രാജ്യകാര്യങ്ങൾ നോക്കിക്കൊള്ളണമെന്നും, മൂന്നാം പേർക്കു രായ കോൺഗ്രസ്സുകാരുടെ ആവശ്യംതന്നെ ഉല്പാദനമാണെന്നും ഉള്ള പരമാർത്ഥങ്ങൾ ആ സംയുക്തപ്രസ്താവനയിൽ ഉടൻതീർപ്പു പ്രതിപാദിച്ചിരുന്നു "കോൺഗ്രസ്സുകാർ എന്നാണു മുതലാളിമാരിൽനിന്നും പണം പിടുങ്ങുന്നു? ഇവർക്കു പത്രമെന്തിനു്? തൊഴിലാളിസഹോദരങ്ങൾക്കു മുതലാളിമാർക്കുവേണ്ടി ഞങ്ങൾ പത്രം നടത്താൻ തന്നെ ഉറച്ചിരിക്കുന്നു" എന്നിതുമാതിരി ബുദ്ധ്യുപദേശങ്ങൾകൊണ്ടും പ്രസ്തുത സംയുക്തപ്രസ്താവന സർവ്വാദരണീയമായിത്തീർന്നു.

എല്ലാവർക്കും സമാധാനം

"എല്ലാവർക്കും സമാധാനം." ഹാ! എത്ര മധുരകോമളമായ ആദർശം! മുതലാളികളും തൊഴിലാളിയും, കരിഞ്ചന്തക്കാരനും, പൂഴ്ത്തിവെപ്പുകാരനും കോൺഗ്രസ്സിനും, ഹിന്ദുമണ്ഡലത്തിനും എന്നു വേണ്ടാ സമസ്തവർഗ്ഗങ്ങൾക്കും ഇനിമേൽ യാതൊരുലോഹവും അങ്കുരാപ്പും കൂടാതെ സുഖമായി ജീവിക്കാം!

ഒപ്പുശേഖരണം

വിദ്യാർത്ഥികൾക്കും വക്കീലന്മാർക്കും ഉത്സാഹത്തിന്റെ മത്തുപിടിച്ചു. സമാധാനാഭിമുഖീകരണത്തിൽ ഒപ്പുവയ്പ്പാനും, ഒപ്പുശേഖരിക്കുവാനുമായി എല്ലാവരും അഹമഹമികയാ മുമ്പോട്ടുവന്നു ഒപ്പിടാത്തവൻ പിന്തിരിപ്പൻ — തടിതപ്പി ട്രൂമാന്റെയും ആറ്റ്ലിയുടെയും ഏജന്റാണവൻ. തീവ്രവാദികളും സൂപ്പർ പുരോഗമനക്കാരുമായവർ നാലുംഞ്ചുംപ്രാവശ്യംവീതം ഒപ്പുവച്ചു. കാരോ ഒപ്പും ആംഗ്ലോ-അമേരിക്കൻ കുത്തകമുതലാളിത്തത്തിന്റെ ശവപ്പെട്ടിയിൽ അടിച്ചുകേറിയ കൂരാണികളായിരുന്നു. ഇനി ആ ഒർഭൂതം ലോകത്തെ ഗ്രസിക്കയില്ലെന്നു തീർത്തുപറയാമെന്നായി. അങ്ങനെ അതു ആറ്റ്ലിത്തിന്റെ ദിനംതന്നെയായി.

ശ്രമശാന്തഘോഷയാത്ര

തിരുവിതാംകൂറിന്റെ നാനാഭാഗങ്ങളിൽനിന്നും ശേഖരിക്കപ്പെട്ട അനേകലക്ഷം ഒപ്പുകളടങ്ങിയ സമാധാനാഭ്യർത്ഥനകളെല്ലാംകൂടി ബ്രഹ്മാണ്ഡസദൃശമായ ഒരു പെട്ടിയിലാക്കി, ആ പെട്ടി താങ്ങിയെടുത്തു മുകളിലുണ്ടു കെട്ടിയുണ്ടാക്കിയ ഒരു മഞ്ചത്തിൽ കിടത്തി സഖാക്കളെല്ലാവരുംകൂടി ചുമലിലേറ്റി വടക്കോട്ടു തിരിച്ചു ജഡത്തിനു നടയവരായി പറവൂർ പി. ആർ, ഒ എൻ. വി. കുറുപ്പ്, തെങ്ങമം ബാലകൃഷ്ണൻ, വക്കം ആർ. ജി., വക്കീൽ മാധവൻ കുന്നുമുഖത്തു ശങ്കുപ്പിള്ള, മന്നത്തു പത്മനാഭൻ, പുത്തൂർ ശങ്കർ എന്നിങ്ങനെയുള്ള മച്ചുമ്പിക്കാർ മഞ്ചത്തിനു അകമ്പടി സേവിച്ചു. പുലവാലായ്മയുള്ള പിണങ്ങത്തിനടയവർ വഴിനീളെ അതിൽ പുഷ്പവൃഷ്ടിചെയ്തു. അച്ചുമ്മർ ഇരുന്നുകൊണ്ടു് തലയുംമുഴിച്ചിട്ടു്

ഷ്യസ്നേഹികൾ ഒന്നിച്ചുചേരാത്ത തരമില്ല. ഒന്നിച്ചുചേരുള്ള സംഘടിതമായ പ്രവർത്തനാഭിമുഖ്യമായ, ജനശബ്ദമല്ലാതെ മറ്റൊന്നുംതന്നെ നമ്മെ പിടിച്ചുപുകൽ നടക്കുന്ന ഈ കൊലപാതകങ്ങളിൽനിന്നു രക്ഷപ്പെടുത്താൻ പോകുന്നുമില്ല. ഗവൺമെന്റിനോടു് എന്തെങ്കിലും ചെയ്യണമെന്നോ ചെയ്യരുതെന്നോ പറയാനല്ല ഞങ്ങളിതെഴുതുന്നതു്. നമുക്കു ചിലതൊക്കെ ചെയ്യേണ്ടതുണ്ടു്. നാം നമ്മുടെ കർത്തവ്യങ്ങളും ചുമതലകളും മറക്കുമ്പോഴാണു് നമ്മുടെ പിടലിക്കു മുകളിൽ സാൻഡ ബാർബിലെ കശ്മീരിന്റെ പിടലിയിലെന്നപോലെ ഇത്തരം ഗവൺമെന്റുകൾ സ്ഥിരമായി സ്ഥാനമുറപ്പിക്കുന്നതു്. ലോകപ്പിനകത്തെ കൊലപാതകം നിർത്താൻ കെല്പില്ലാത്ത ഗവൺമെന്റിനു ഒരു നിമിഷംപോലും ആ കസേരയിലിരിക്കാനുള്ള അവകാശമില്ലതന്നെ.

—കാ

തലയിലും നെഞ്ചത്തും അറഞ്ഞുകൊണ്ടു ഇഴഞ്ഞു കയറ്റി. ഇണങ്ങരും പിണങ്ങരും എന്ന ഭേദബുദ്ധിയുമില്ലാതെ പെൺകുലം കണ്ണാക്ഷ കൊടുത്തു "എന്റെ പൊന്നു പാച്ചുണ്ണോ! എന്നെക്കൂടെ കൊണ്ടുപോണേ!" എന്നു തുടങ്ങുന്ന ധർമ്മപത്നിയുടെ പരിദേവനം എടയാത്തുള്ളം തന്നെയായിരുന്നു. ആ കപ്പലിൽ മാലാകർ ആലേഖ്യ ഖാഷ് പനിരുകി.

സമാധാനത്തിന്റെ ശവക്കുഴി

ഘോഷയാത്ര ചരിത്രപ്രസിദ്ധമായ വയലാർ മുനമ്പിൽ പെന്നവസാനിച്ചു. അവിടെ "കരാളം കയ്യും" എന്ന അളവിൽ സജ്ജമാക്കിയിരുന്ന കുഴിയിൽ ശവപ്പെട്ടി ഇറക്കിവച്ച അന്ത്രപ്പേരും കട്ടിയാട്ട :ശിവരാമപ്പണിക്കരും രണ്ടാം മുണ്ടെടുത്തു അരയിൽകെട്ടി മൺവെട്ടിയെടുത്തു. വൈദ്യനാഥയ്യരും, കെ. എം. ഖാദറും തുമ്പായെടുത്തു. കൂടി നിറഞ്ഞുതുടങ്ങി. പട്ടംതാണുപിള്ളയും ടി. എ. വഹീസുംകൂടി കരിലാഞ്ചിവള്ളി അറുത്തു തലയിൽ ചുമന്നുകൊണ്ടുവന്നു കുഴിയിൽ ഇട്ടു. മേജർ ജനറൽ വി. എൻ. പരമേശ്വരൻപിള്ള തീട്ട കോപ്പിട്ടിച്ച കള്ളിമുള്ളും നട്ടു. കടപ്പുറപ്പള്ളിയിലെ വികാരിഅച്ചൻ കുർബ്ബാനയും. അങ്ങിനെ ആ മംഗളകർമ്മം അവസാനിച്ചു.

വൻമുറിയടിയന്തിരം

സമാധാനാഭ്യർത്ഥനയുടെ ശവമഞ്ചം വയലാറിലെ പുണ്യഭൂമിയിൽ നിക്ഷിപ്തമാക്കിയ മംഗളകർമ്മത്തോടെ അന്നത്തെ ചടങ്ങുകൾ അവസാനിച്ചു. ഇനി മച്ചമ്പിക്കാരെയും ശ്രമക്കാരെയും വിളിച്ചുവരുത്തി ഒരു വൻമുറിനടത്തേണ്ട കാര്യംമാത്രം ശേഷിച്ചു. അതിനുവേണ്ടി കാരണവർ പാത്തെഴുതി. തെള്ളിപ്പൊടി പത്തുപറ. അട ആയിരം. കരുത്തോല നൂറ്. തെങ്ങിൻപൂക്കുല, പറം, തെറ്റിപ്പൂവ്, വറ, ഇവ വേണ്ടുവോളം കരിമ്പിടക്കോഴി അമ്പതു ചായം അഞ്ചുപറ. ഇങ്ങിനെയിങ്ങനെ ആ ചാർത്തു് നീണ്ടുനീണ്ടു പോയി.

സമാധാന സമ്മേളനം

വൻമുറിയാട്ടകുടി ഒരു സമാധാനസമ്മേളനവും നടത്തുവാൻ തീരുമാനിച്ചു വയലാർ മുനമ്പിൽ കരുത്തോലകളും കലവാഴകളും ഗരുഡഗന്ധർവ്വക്കൊടികൾകൊണ്ടു ഒരു പൂപ്പന്തൽ നിർമ്മിച്ചു. അടുത്തുകണ്ട ഒരു മൺകൂനയും പ്ലാറ്റ്ഫാറമാക്കി. യോഗാദ്ധ്യക്ഷനായി കുന്നരിൽനിന്നും സർ സി. പി. രാമസ്വാമിഅയ്യർ പ്രത്യേക വിമാനമാർഗ്ഗം എത്തിയിട്ടുണ്ട്. അങ്ങിനെ എല്ലാ ഏർപ്പാടുകളും അല്പാവൃത്തിനേരം അത്ഭുതവിളക്കുതന്നെ സാധിച്ചെടുത്തതുപോലെ കാര്യങ്ങൾ വലിയ പൊട്ടിയായി നടന്നു. പൊങ്കാടിയും, തൃവണ്ണപതാകയും ഒരുമിച്ചു് അവിടെങ്ങും പാറിക്കളിച്ചു. "എല്ലാവർക്കും സമാധാനം" എന്ന പുഷ്പവൃഷ്ടിയുടെ പൂമുഖത്തും, പ്ലാറ്റ്ഫാറത്തിന്റെ മുൻവശത്തും എഴുതിപ്പിടിപ്പിച്ചിരുന്നു. അന്നത്തെ സുപ്രധാനം അസ്സംഗിരിയെ പ്രാപിക്കാറായപ്പോൾ സ്റ്റോറേജബാൻറിന്റെയും ദേശീയ ഗാനാലാപത്തിന്റെയും, ഇങ്കിലാബു വിളികളുടെയും അകമ്പടിയോടുകൂടി യോഗാദ്ധ്യക്ഷനും വിശിഷ്ടാതിഥികളും ഘോഷയാത്രയായി പ്ലാറ്റഫാറത്തിലേക്കാനയിക്കപ്പെട്ടു.

യോഗം തുടങ്ങി

ആ മംഗളാവസരത്തിലേയ്ക്കുവേണ്ടി പ്രത്യേകമായി രചിക്കപ്പെട്ടിരുന്ന വള്ളത്തോളിന്റെ ശാന്തിഗീതം സഖാവു് കെ. എൻ. വി. കുറുപ്പ് സസ്സിൽ പാടി. അതിനെ തുടർന്നു സഖാവു് എ. സി എം. അന്ത്രപ്പർ എഴുതിക്കൊണ്ടുവന്ന ഉൽഘാടനപ്രസംഗം വികാരാവേശത്തോടെ വായിച്ചു. പ്രസംഗം കുറേ വരി മുമ്പോട്ടു പോകുന്തോറും അദ്ദേഹത്തിന്റെ കവിളുകളിൽകൂടി ആനന്ദബാഷ്പം രണ്ടു ചാലുകളായി ഒഴുകിക്കൊണ്ടിരുന്നു. പ്രസംഗം അവസാനിച്ചപ്പോഴേയ്ക്കും അതു് ഒരു കാട്ടാറുപോലെ കലിതുള്ളാൻ തുടങ്ങി.

അദ്ധ്യക്ഷപ്രസംഗം

അനന്തരം ഘനഗംഭീരനായി സർ സി. പി. രാമസ്വാമിഅയ്യർ എഴുന്നേറ്റുനിന്നുകൊണ്ടു് മിനിറ്റുനേരം നീണ്ടുനിന്ന ഉത്തേജകവും ഏടയും വർജ്ജകവുമായ ഒരു പ്രസംഗം ചെയ്തു. ഈ വയലാറിൽ നിൽക്കുമ്പോൾ പല പഴയ സ്മരണകളും ശരത്കാലത്തെ വെള്ളിമേഘശകലങ്ങൾപോലെ തന്റെ ഹൃദയാകാശത്തിൽ കൂടികടന്നുപോകുന്നെന്നും, ഈ സമാധാനസമ്മേളനത്തിനു തെരഞ്ഞെടുത്തസ്ഥലം വിശേഷിച്ചും യോഗ്യമാണെന്നും, സാക്ഷാൽ സമാധാനം അന്യപീഡനംകൊള്ളുന്നതു് ഇവിടെത്തന്നെയാണെന്നും, അതിന്റെ പ്രധാനകാരണം തനിയ്ക്കവകാശപ്പെട്ടതാണെന്നും, അന്ത്രപ്പർ, ശിവരാമപ്പണിക്കർ, പരമേശ്വരൻപിള്ള മുതലായ പൂർവ്വസൂഹൃത്തുക്കളെ വീണ്ടും ഇവിടെവച്ചു തന്നെ കാണാൻ ഇടയായതിൽ സന്തോഷമുണ്ടെന്നും, ഈ സമാധാനസമ്മേളനം സർവ്വോൽക്കർഷേണ വിജയിക്കട്ടെ എന്നു പ്രസ്താവിച്ചുകൊണ്ടും എതിരേയ ബ്രാഹ്മണത്തിലെ ഒരു സൂക്തശ്രുതി മധുരമായി ഉച്ചരിച്ചുകൊണ്ടും അദ്ദേഹം പ്രസംഗം ഉപസംഹരിച്ചു.

പ്രസംഗങ്ങൾ

അദ്ധ്യക്ഷപ്രസംഗത്തെ തുടർന്നു സമാധാനത്തിന്റെ മഹാത്മ്യത്തെ പ്രകീർത്തിച്ചുകൊണ്ടു സഖാക്കൾ കെ എം ഖാദർ, ഡി. എസ് പി. അച്യുതൻ, ഡി. ഐ. ജി ഗംഗാധരൻ, റ്റി: ഡി. എസ്. പി. വൈദ്യനാഥയ്യർ, അബ്ദുൽകരീം സാഹിബ്, പാർത്ഥസാരഥി അയ്യങ്കാർ, മേജർ ജനറൽ വി. എൻ. പരമേശ്വരൻപിള്ള എന്നിവർ ആവേശഭരിതരായി പ്രസംഗിച്ചു, സമാധാനം ഇന്നു എല്ലാപേരുടെയും ആവശ്യമാണെന്നും, എന്നാൽ അതിനെതിരായി നിൽക്കുന്നതു ആംഗ്ലോ–അമേരിക്കൻ പോരിയിലെ ഒരു പാർട്ടി ആളുകൾ മാത്രമാണെന്നും, ഭൂമാനെന്നും, ആറ്റലിയെന്നും ബവിനെന്നും പ്ലീവനെന്നും, ഷൂമാനെന്നും പറയുന്ന ഏതാനും അധികപ്രസംഗിപ്പിള്ളേരാണ് ഇവരുടെ നേതാക്കന്മാരെന്നും, ഏഷ്യയിലെന്നല്ല ലോകത്തിലിടത്തുംതന്നെ ആറംബോംബിടുവാൻ നാം അനുവദിക്കുന്നതല്ലെന്നും സഖാവു് വൈദ്യനാഥയ്യർ പ്രഖ്യാപി

മെൻസാണ

മുതൊറിയുള്ള ആർത്തവം, ആർത്തവരക്തതടസ്സം, അതിസ്രവണം, അതിവേദന, അസ്ഥിസ്രാവം, പുയമേഹം (വഴുപ്പുപോക്ക്) വയറകത്തൽ, നടുവുവേദന, തലകറക്കം, കൈകാൽപുകച്ചിൽ എന്നിങ്ങനെയുള്ള രോഗങ്ങളിൽപെട്ടഴലുന്ന സ്ത്രീജനങ്ങൾ ഞങ്ങളുടെ "മെൻസാണ" സേവിക്കുക. ഗർഭാശയസംബന്ധമായും തജ്ജന്യങ്ങളായുമുള്ള എല്ലാരോഗങ്ങളേയും ശമിപ്പിക്കുന്നു. ഗർഭാശയത്തെ ശുദ്ധവും ബലിഷ്ഠവുമാക്കിത്തീർക്കുന്നു. ആകർഷകമായ ആരോഗ്യവും സൗന്ദര്യവും ലഭ്യമാകുന്നു. പ്രസവാക്ഷയ്യം ഉത്തമം.

കുപ്പി 1-ക്ക് 4 രൂ. 8 ണ. (പാക്കിംഗ് & പോസ്റ്റേജ് പുറമേ)

സ്റ്റോക്കിസ്റ്റ് സ്റ്റുഡി അൻഡ് കമ്പനി, എടത്വാ, വി. പി. ഓർഡ്രാടിനു ഞങ്ങൾക്കു നേരിട്ടെഴുതുക.

എസ്. കെ. വി. ഫാർമസി,

പാലസ് റോഡ് :: ആലപ്പുഴ

സിനിമാലോകം

(വി. പി. സാരേ)

ബ്രിട്ടീഷു ഭരണകാലത്തു ഇൻഡ്യയിലെ ഡാക്കുമെന്ററി ഫിലിം നിർമ്മാണത്തിനു തുടക്കമിട്ടതാരാണെന്നു നിങ്ങൾക്കറിയാമോ? അലക്സ്ണ്ടർ ഷായെ അക്കാലത്തു പത്രലോകം അവഗണിച്ചിട്ടുണ്ടായിരുന്നു എന്നുള്ളതു നാം മറന്നിരിക്കാൻ ഇടയില്ലല്ലോ? യുദ്ധാനന്തരം ഇൻഡ്യയിലേയും പാകിസ്ഥാനിലേയും സിനിമാവ്യവസായത്തെപ്പറ്റി കൂലംകഷമായി സ്റ്റഡിച്ചു റിപ്പോർട്ടു തയാറാക്കാനായി അദ്ദേഹം ഈ രണ്ടു രാജ്യങ്ങളിലും പര്യടനം നടത്തുകയുണ്ടായി. പാകിസ്ഥാനിലെ സിനിമാവ്യവസായത്തെപ്പറ്റിയുള്ള അദ്ദേഹത്തിന്റെ റിപ്പോർട്ടു ഇന്നിനകം വന്നു കഴിഞ്ഞിട്ടുണ്ട്. പാകിസ്ഥാനിൽ സിനിമാനിർമ്മാണം ഗവൺമെന്റു നിയന്ത്രിച്ചിട്ടില്ലെന്നാണു അദ്ദേഹത്തിന്റെ റിപ്പോർട്ടിൽ കാണുന്നതു്. വിഭജനം മൂലം ഇൻഡ്യയിലേയ്ക്കു പോന്നവരുടെ വകയാണു് അധികവും സിനിമാവ്യവസായങ്ങളും ഇപ്പോൾ അതൊക്കെ ചേർത്തു പൊതുവായ ഒരു കാർപ്പറേഷൻ ആക്കണമെന്നു ഒരു പദ്ധതി ഉണ്ടായിരുന്നു. പക്ഷേ എന്തുകൊണ്ടോ ആ പദ്ധതി പൊലിഞ്ഞുപോയിരിക്കുന്നു. പാകിസ്ഥാനിൽ ആകെക്കൂടി 240 തിയേറ്ററുകളും അവയിൽ ആണ്ടിൽ 25 മുതൽ 40 കോടിവരെ ഹാജരും ഉണ്ടെന്നും കണക്കാക്കപ്പെട്ടിരിക്കുന്നു. ഇൻഡ്യയിൽ നിന്നും അവിടേയ്ക്കു ഫീച്ചർ ഫിലിമുകൾ അയക്കുന്നതിൽ 15 ശതമാനം അമേരിക്കനും 5 ശതമാനം ബ്രിട്ടീഷും ഫിലിമുകൾ ഉൾപ്പെടുന്നുണ്ടു്.

പാകിസ്ഥാനിലെ സിനിമാനിർമ്മാണത്തിനുള്ള പരിതിസ്ഥിതികളും അല്പം മോശമാണു്. ആണ്ടിൽ അഞ്ചുമുതൽ പതിനാലുവരെ ചിത്രങ്ങൾ പഞ്ചാലിയിൽ നിന്നും പുറത്തുവരുന്നുണ്ടു്.

ഈ ആഴ്ചയിലെ ചിത്രം

ശോഭനാസമർത്ഥ് നിർമ്മിച്ചതും അവരുടെ പുത്രിമാരായ നൂതനും തനൂജയും പേരും അഭിനയിച്ചിട്ടുള്ളതുമായ "ഹമാരിബേട്ടി" എന്ന ചിത്രമാണു് ഈ ആഴ്ചയിൽ നമ്മുടെ ശ്രദ്ധയെ ആകർഷിച്ചിരിക്കുന്നതു്. ബേബി തനൂജയാണു് നമ്മുടെ പ്രശംസയുടെ സിംഹഭാഗവും തട്ടിയെടുക്കുന്നതു്. എന്നാൽ നൂതനിന്റെ ആകർഷകത്വം നമ്മെ സന്തോഷിപ്പിക്കുവാൻ പര്യാപ്തമാണു്. ശോഭന അമ്മയുടേയും നൂതൻ മകളുടേയും ഭാഗങ്ങളാണു അഭിനയിക്കുന്നതു് കഥ അമ്മയുടെയും മകളുടേയും ചുറ്റിക്കറങ്ങുന്നു എന്നാണു്. ആ അമ്മയ്ക്കു ആ കാരണമകനെ നഷ്ടപ്പെട്ടുണ്ടെങ്കിലും ഡേവിഡ് ആ കുഞ്ഞിനെ എടുത്തു തന്റെ യജമാനനായ മോട്ടിലാലിനെ ഏൽപ്പിക്കുന്നു. മോട്ടിലാലിന്റെ വളർത്തു പുത്രിയായി അവൾ അങ്ങനെ വളരുന്നു പുത്രി നഷ്ടപ്പെട്ട ആ അമ്മ വേണ്ടെന്നുവച്ചു ദിനങ്ങൾ കഴിക്കുമ്പോൾ കെ. എൻ. സിംഗിന്റെ വക ഒരു സ്കൂളിൽ ഉദ്യോഗത്തിൽ പ്രവേശിക്കുന്നു. കഷ്ടം! കെ. എൻ. സിംഗിന്റെ ഭാര്യ മരിച്ചതറിഞ്ഞ ശോഭനയിൽ ദുഷ്കീർത്തി ആരോപിക്കപ്പെടുന്നു. ദിനങ്ങളും വർഷങ്ങളും മുന്നോട്ടു നീങ്ങി, നൂതൻ യൗവനത്തിന്റെ കൊടുമുടിയിൽ കയറ്റി. റേഡിയോഗായകനും കോളേജ് വിദ്യാർത്ഥിയുമായ ശേഖർ അവളുടെ ഏതോ കീഴടക്കി പ്രേമത്തിന്റെ കേളീരംഗമാക്കി ഉയർത്തുന്നു. പക്ഷേ നൂതന്റെ അമ്മയെപ്പറ്റിയുള്ള ദുഷ്കീർത്തി ഒരു വിലങ്ങു തടിയായി മാറി ഡേവിഡിന്റെ അവസരോചിതമായ പ്രവർത്തനങ്ങൾ അന്തരീക്ഷത്തിൻ തടിച്ചുകൂടിയ കാർമേഘങ്ങളെ തള്ളിമാറ്റി കഥ സന്തോഷമായി പരിണമിക്കുന്നു.

കഥ വളരെ നന്നായിട്ടുണ്ടെന്നു പറയാം പക്ഷെ അതു വളരെക്കൂടുതൽ നന്നാകുമെന്നുള്ളതും നന്നാക്കാവുന്നതുമാണു്. കുമാർ ജയ്വന്തിന്റെ കഴിവുകൾ ഇതിൽ അത്രത്തോളം ഫലിച്ചുകാണുന്നില്ല. ചിത്രം പൂർത്തിയാക്കാനുള്ള തിടുക്കത്തിൽ പലേ അപാകതകളും ഇതിൽ വന്നുചേർന്നിട്ടുണ്ടു് ആകെക്കൂടി തരക്കേടില്ല എന്നതുകൊണ്ടു "ഹമാരിബേട്ടി"യെ പാടി പുകഴ്ത്തുവാൻ.

ഈ ആഴ്ചയിലെ താരം

സാമാന്യം കൊള്ളാവുന്ന സിനിമാതാരങ്ങളുടെ അഭാവം നിമിത്തമാണു് ഉള്ളതാരങ്ങൾക്കു പ്രാധാന്യം കൂടിക്കാണുന്നതു്. ദേവേന്ദ്രഗോയൽ ആണു് ശേഖറിനെ ആദ്യമായി സിനിമാലോകത്തു തള്ളിയിറക്കിയതു്. ശേഖറിന്റെ പ്രഥമ ചിത്രമായ ആൻവർ പൂർണ്ണമാകുന്നതിനുമുമ്പുതന്നെ പലേ കൺട്രാക്ടുകളും ശേഖർ ഒപ്പിട്ടുകഴിഞ്ഞിരുന്നു

നല്ല ലക്ഷണമുള്ളവനായ ഒരു നടനായിട്ടാണു് എനിക്കു് ആദ്യം ശേഖറെപ്പറ്റിയുണ്ടായ അഭിപ്രായം. പക്ഷേ ആ അഭിപ്രായം മാറേണ്ടിയിരിക്കുന്നു എന്നാണു് ഇപ്പോൾ എനിക്കു തോന്നുന്നതു്. ഒരു വല്ലാത്ത ഡംഭു് ശേഖറെ ഗ്രസിച്ചുകഴിഞ്ഞിരിക്കുന്നു. ചില കഴിവുകൾ ഉള്ളതു സമ്മതിച്ചു കൊടുക്കാമെങ്കിലും ഭാഗ്യദേവത ഇനിയും അദ്ദേഹത്തെ കടാക്ഷിച്ചില്ലെങ്കിൽ— കൂടുതൽ എന്തിനു പറയുന്നു.

———

ച്ചപ്പോൾ സദസ്സിൽ ഇടതടവില്ലാതെ കരഘോഷങ്ങളും ഹർഷാരവങ്ങളും മുഴങ്ങി.

പ്ലാറ്റഫാറം ആടിത്തുടങ്ങി

പ്രേക്ഷകർ ഇരുപതുപേർക്കു പ്ലാറ്റഫാറമായി ഉപയോഗിച്ച ഭീമാകാരം ഇളകിത്തുടങ്ങി. അതിനകത്തുനിന്നും വിചിത്രമായ അസ്ഥിപഞ്ജരങ്ങൾ കുതിച്ചുചാടി, ഘോരാട്ടഹാസങ്ങളോടെ വായുംപിളർത്തിക്കൊണ്ടു അദ്ധ്യക്ഷപീഠത്തിലേയ്ക്കു പാഞ്ഞടുത്തു. 'പതി! പതി! വൻപതി!' എന്ന നിലവിളിച്ചുകൊണ്ടു അദ്ധ്യക്ഷൻ പടിഞ്ഞാറോട്ടോടി. എല്ലാവരും പരക്കം പാഞ്ഞു 'രക്ഷിക്കണേ! രക്ഷിക്കണേ! സമാധാനം വേണേ" എന്ന നിലവിളിച്ചുകൊണ്ടു പ്രസംഗകർ കായലിലേയ്ക്കു ചാടി കിടക്കട്ടെന്നിനി. എന്നാൽ ഞെട്ടുന്ന കതിരവൻ വയലാർ മുനമ്പിൽ നിൽക്കുന്ന ആലിൻശിരസ്സിൽ അല്പനേരം കുടികൊണ്ടശേഷം ആഴിയിൽമുങ്ങി. സർവ്വത്രഅന്ധകാരം. ഭയങ്കരമായ ഗർജ്ജനം. ബീഭത്സരൂപംപൂണ്ട കരാളസത്വങ്ങൾ സമാധാനപ്രേമികളോടു പ്രതികാരമൂർച്ഛയോടെ പാഞ്ഞടുക്കുന്നു അപ്പോൾ കിഴക്കുനിന്നും കായലിലെ കല്ലോലജാലങ്ങളിലൂടെ ഇങ്ങനെ ഒരു ഈരടിയുടെ ഇരമ്പൽ അന്തരീക്ഷത്തിൽ ഉയർന്നു.

"ഉയരും ഞാൻ—
വീണ്ടുമുയരും ഞാൻ—
നാടാകെ പടരും ഞാൻ—
വയലാറലറിടും..."

—കുമ്പ

"ബയണറുകൾകൊണ്ടുള്ള മദ്യനിരോധനം"

റഷ്യയിലും ഇന്ത്യയിലും

(കെ. ഏ അബ്ബാസ്)

ബാംബേ, മെഡിക്കൽ കോൺഗ്രസ്സിന്റെ എട്ടാമതു സമ്മേളനം ഉൽഘാടനം ചെയ്തുകൊണ്ട് ഡാക്ടർ എസ്. എസ്. വാസിഫ്ദർ ബാംബേ ഗവർമ്മെൻറിനോട്, ജനങ്ങളെ മദ്യത്തിൽ നിന്നും അകറ്റുന്നതിന് "പ്രേരകമായ വിദ്യാഭ്യാസ"മാണ് "നിബന്ധിതമായ നിയമനിർമ്മാണ"ത്തെക്കാൾ കൂടുതൽ പ്രയോജനകരമെന്നു, ചെയ്ത പ്രസ്താവന പെരുതെങ്കിലും ഫലവത്തായ ഒരു ആറാംബാബു പൊട്ടലായിരുന്നു സോവിയറ ഗവൺമെൻറ വെള്ളിത്തിരയിലൂടെയും, പ്രചാരഫാരത്തിലൂടെയും, പത്രങ്ങളിലൂടെയും നടത്തുന്ന നിരന്തരമായ പ്രചരണം കൊണ്ടു കഴിഞ്ഞ കുറച്ചുവർഷങ്ങൾക്കുള്ളിൽ മദ്യപാനം വളരെയധികം കുറഞ്ഞിട്ടുള്ള 'റഷ്യയുടെ' മാതൃക അദ്ദേഹം ചൂണ്ടിക്കാണിച്ചു.

മദ്യനിരോധനത്തെപ്പോലെയുള്ള ഒരു പ്രശ്നത്തിൽ നമ്മുടെ ഗവൺമെൻറ മികച്ചവരല്ലാത്ത സാമൂഹ്യശാസ്ത്രജ്ഞന്മാരുടെയും ആചാരതല്പരരായ പരിഷ്കർത്താക്കളുടെയും അഭിപ്രായങ്ങളെ പ്രമുഖരായ വൈദ്യശാസ്ത്രജ്ഞന്മാരുടെ അഭിപ്രായത്തെക്കാൾ കൂടുതൽ വിലമതിച്ചിട്ടുള്ളതു സ്വാഭാവികമെങ്കിലും, ഡാക്ടർ വാസിഫ്ദരെപോലുള്ള ഒരു ഉന്നതയായ വൈദ്യശാസ്ത്രിപുണൻറെ പ്രസ്താവന വളരെ കൂടുതൽ പൊതുജനതാല്പര്യം ഉളവാക്കിയിട്ടുണ്ട്.

അതിനാൽ ഞാൻ സൈസൺ കോർട്ടറുടെ പ്രസിദ്ധമായ 'പാപവും ശാസ്ത്രവും' എന്ന ചെറിയ പുസ്തകത്തിലെ "ബയണറുകൾകൊണ്ടുള്ള മദ്യനിരോധനം" "ലോകത്തിലെ ഏറ്റവും വിലകുറവുള്ള മദ്യം" എന്നീ രണ്ടദ്ധ്യായങ്ങൾ പലപ്രാവശ്യം പലപ്രാവശ്യം വായിച്ചു. ഞാൻ വായിച്ച ചില രസാവഹങ്ങളും പ്രസ്താവ്യങ്ങളുമായ കാര്യങ്ങൾ താഴെകുറിക്കുന്നു.

ആയിരത്തിലധികം കൊല്ലം റഷ്യയിൽ മദ്യപാനം വളരെ വർദ്ധിച്ചിരുന്നു. റഷ്യൻ നോവലിസ്റ്റായ ടർജനീവ് സ്ഥിതിഗതിയെ ഇങ്ങനെ വിവരിച്ചു "സാധാരണ പൌരന്മാർ തലകറങ്ങുന്നതുവരെ മാത്രം കുടിക്കുന്നതുകൊണ്ടു തൃപ്തിയാകും; എന്നാൽ ഒരു പുണ്യവാളൻറെ ഒഴിവുദിവസത്തിൽ മദ്യം അരിച്ചു കോരുകുന്നവരെ അവൻ കുടിക്കും"

1819 മുതൽ റഷ്യയിൽ മദ്യപാനം നിയന്ത്രിക്കുന്നതിനു സംഘടിതമായ ശ്രമങ്ങൾ നടത്തി. ആദ്യമായി മദ്യവ്യാപനം നിയന്ത്രിച്ചുകൊണ്ടുള്ള ഒരുതരം ഗവൺമെൻറ കുത്തകസമ്പ്രദായം ചക്രവർത്തി ഏർപ്പെടുത്തി. ഗവൺമെൻറിനു അതുകൊണ്ടു ലാഭമുണ്ടായിരുന്നുവെങ്കിലും മദ്യത്തിൻറെ ചില്ലറവിൽപനയിൽ വലുതായ മാറ്റങ്ങളുണ്ടായില്ല. പിന്നീട് മദ്യത്തിനു ഭീമമായ കരം ചുമത്തിയെങ്കിലും, അതിൻറെ ആധിക്യം കൊണ്ടിരുന്നതിനെയുള്ള 250,000 ൽ നിന്നും 115,000 ലേക്കു മദ്യോപഭോക്താക്കളുടെ സംഖ്യ കുറച്ചെങ്കിലും, 'വോഡ്ക്കാ'യുടെ മൊത്തവില്പന കൂടിക്കൊണ്ടിരുന്നു. അതിനുശേഷം പ്രസിദ്ധീകരണങ്ങൾ, പ്രസംഗങ്ങൾ, സന്ധ്യാപ്രതിജ്ഞകൾ, മുതലായവ വഴി നടത്തിയ, മദ്യം കുടിക്കരുതെന്നുള്ള പ്രചരണം ശക്തിയുക്തം നടത്തിയെങ്കിലും, അതും പൊള്ളയുക്തിയാണെന്നായിത്തീർന്നു. ഒടുവിൽ 1916 ൽ സാർ ചക്രവർത്തി, കോൺഗ്രസ്സുകാർ ഇന്നുവരെ ചെയ്തിരിക്കുന്ന പരിപൂർണ്ണമദ്യനിരോധനം നടപ്പിലാക്കി.

"നാട്ടിലുള്ള കാരേ വാറകുകളും തകർപ്പൻ പട്ടാളം' അരിച്ചു നീക്കുകയും' വഡ്ക്കായും ബിയറും നദികളിലൊഴിക്കുകയും വാറ സാമഗ്രികളും യന്ത്രങ്ങളും നശിപ്പിക്കുകയും ചെയ്തു. ചില ആഴ്ചകൊണ്ടുള്ളിൽ സാറിസ്റ്റ റഷ്യയിലെ മദ്യോല്പാദനത്തിനുള്ള വമ്പിച്ച കഴിവു മുഴുവൻ താറുമാറാക്കപ്പെട്ടുവെന്നായി" എന്നാൽ മദ്യനിരോധനം ചില മാസങ്ങൾ മാത്രമേ നിലനിന്നുള്ളു. അതിനുശേഷം:

സാറിൻറെ മദ്യനിരോധന ഉത്തരവിനെക്കൊണ്ടുമാത്രം ഉലനം ചെയ്യപ്പെടാവുന്ന വേഗതയോടുകൂടി റഷ്യ മുഴുവൻ 'വഡ്ക്കാ'യിൽ മുങ്ങിപ്പോയി. ധാന്യങ്ങൾക്കു പകരം കൃഷിക്കാർ ഉരുളക്കിഴങ്ങു കൃഷിചെയ്തു. അവയെക്കൊണ്ടു വാറ്റുകലക്കി വൃത്തികെട്ട നാടൻവാറവകരണങ്ങൾകൂടി അവർ കൃത്രിമമദ്യം ഉല്പാദിപ്പിച്ചു ജർമ്മൻ ആക്രമണത്തിനിടയിൽ കൃഷിക്കാർ ധാന്യങ്ങളുടെ കൃഷിയും എളുപ്പത്തിൽ കയറ്റി അയയ്ക്കാവുന്നതുമായ ഒരുതരം പാരായമാക്കി മാറി. പട്ടണങ്ങളിലും പട്ടാളക്കാരുടെയിടയിലും ഞൊടിക്കുള്ളിൽ വിറ്റഴിച്ചുകൊണ്ടിരുന്ന ഈ കൃത്രിമപാരായത്തിൻറെ കാലഘട്ടം, അമേരിക്കയിലുണ്ടായിരുന്ന അത്തരം ഒരു കാലഘട്ടത്തെ അസ്തപ്രജ്ഞമാക്കുകയുണ്ടായി. പുതുക്കം മാസങ്ങൾക്കുള്ളിൽ നിയമവിരുദ്ധമായ മദ്യത്തിനുള്ളിൽ സാറിൻറെ ഭരണകൂടം കൊടുത്തിരുന്നതിനെക്കാൾ വിറ്റു ഈ സാധനം വിഷമുള്ളതും അപകടകരവുമായിരുന്ന മദ്യനിരോധനത്തിൻറെ ഒരു പ്രസ്താവ്യമായ പ്രത്യേകത, പായക്കടകളെയും മറ്റു കുഴപ്പംപിടിച്ച സ്ഥലങ്ങളെയും ഒരുതരം നാക്കേടുള്ള സംസാരശൈലികളായി 'മാറിയെന്നുള്ളതാണ്'.

റവറൻറ പ്രൊക്കനോഫ് എന്ന റഷ്യൻ പുരോഹിതൻ സ്ഥിതിഗതിയെ ഇപ്രകാരം വിവരിച്ചു "മുമ്പു ശരാശരി ഒരു കുടിയനുണ്ടായിരുന്ന വീടുകളും, മദ്യനിരോധനകാലത്തു വാറ്റുകടകളും, വില്പനശാലകളുമായി മാറി. നിയമത്തെ പ്രകടമായി എതിർത്തുകൊണ്ടു്. പുരുഷന്മാരും സ്ത്രീകളും 'വഡ്ക്ക' എല്ലായിടത്തും ഉല്പാദിപ്പിച്ചു. ആളുകൾ കിടക്കാൻപോകുന്നതു കുടിച്ചുകൊണ്ടായിരുന്നു, രാവിലത്തെ ആഹാരത്തിൻറെകൂടെ മദ്യം ഉപയോഗിച്ചു. ജോലിക്കുപോകുകയും പള്ളിയിൽനിന്നു തിരിച്ചുവരികയും, ചെയ്യുന്നതും മദ്യപിക്കാതെയായിരുന്നു. ഉച്ചയാഹാരത്തോടുകൂടി അമ്മമാർ കുഞ്ഞുങ്ങൾക്കു 'വഡ്ക്ക' നൽകിയിരുന്നു."


ബാംഷെവിക്ക് വിപ്ലവത്തിനുശേഷം സോവിയറ ഗവൺമെൻറിനു ചേരിടമുണ്ടായിരുന്ന വൃത്തികെട്ട സ്ഥിതിഗതികളിതായിരുന്നു

സോവിയറ അധികൃതരുടെ ആദ്യത്തെ നടപടി ഉരുളക്കിഴങ്ങിൽ നിന്നുണ്ടാകുന്ന 'വഡ്ക്ക' നിർമ്മാണം നിയമവിധേയമുള്ളതാക്കിയും വമ്പിച്ച വാറശാലകൾ തുറപ്പിക്കുന്നതുമായിരുന്നു. അതു "അടിയന്തിരമായി ആരോഗ്യത്തിനു ഗുണപ്രദമായ നടപടിയായിരുന്നു. വിഷം കലർന്ന കൃത്രിമമദ്യം പറയിൽനിന്നും തുരത്തിപ്പായിക്കുകയെന്നതു" എന്നാൽ അവരുടെ സാമൂഹ്യശാസ്ത്രജ്ഞന്മാരും വൈദ്യശാസ്ത്രപണ്ഡിതന്മാരും 'കടി' തടയുന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്യുന്നതിൽ വ്യാപൃതരായിരുന്നു. റഷ്യയിലെ 'കടി'യുടെ മുഴുവൻ ചരിത്രവും പഠിച്ചതിനുശേഷം അവരെത്തിച്ചേർന്നിരിക്കുന്ന നിഗമനം, വമർസു ക്രിസ്റ്റ്യൻ ൈവറൻസ് യൂണിയൻറെ അടിസ്ഥാനനിമിത്തമായും ജീവിതകാലംമുഴുവൻ പ്രസിഡൻറുമായിരുന്ന ഫ്രൻസിസ് വില്ലാർഡിൻറെ വാക്കുകളിൽ മുക്കുമായിപറഞ്ഞാൽ (ഇവയുടെമേൽ നമ്മുടെ കോൺഗ്രസ്സ് സംസ്കാരപൂർണമായ ശ്രദ്ധപതിപ്പിക്കുന്നതു നന്നായിരിക്കും:-

"ആളുകൾ കുടിക്കുന്നതുകൊണ്ടാണ് അവർ കഷ്ടപ്പെടുന്നതെന്നതിനെക്കാൾ ശരി കൂടുതൽ ആളുകളും കുടിക്കുന്നതു അവർ കഷ്ടപ്പെടുന്നതുകൊണ്ടാണ്. എന്നു പറയുന്നതായിരിക്കും" മദ്യത്തിനെപ്പറ്റിയുള്ള പരമമായ സത്യമിവിടെയാണ്. സാറിസ്റ്റ റഷ്യയിലെ ജനങ്ങളും (ഇന്ത്യയിലെ പാവപ്പെട്ട ചെത്തുകാരെപോലെ) മദ്യപാനത്തിലേക്കു തിരിഞ്ഞതു് അവരുടെ അസഹനീയമായ കഷ്ടപ്പാടുകൊണ്ടാണ്. സമഗ്രമായ പുരോഗതിയുടെ പരിപാടികളിൽകൂടി മാത്രമേ 'കുടിയിൽ'നിന്നുള്ള മോചനത്തിനു സാധ്യതയുള്ളു. "സമൂഹ്യപുരോഗതിയുടെ പാട്ടകൊണ്ടു യുക്തി മദ്യപാനം ചെയ്യുന്നെങ്കിൽ, മദ്യത്തിനുള്ള കരം കൂട്ടുകയാൽ കൂടി ഗവൺമെൻറിനുള്ള വമ്പിച്ച ആദായമാണു ജനങ്ങളെ കുടിക്കാൻ പ്രേരിപ്പിക്കുന്നു"തെന്നതായിരുന്നു അവരുടെ രണ്ടാമത്തെ അടിസ്ഥാനപരമായ നിഗമനം.

അതിനാൽ സോവിയറ ഗവൺമെൻറ മദ്യനിരോധനം നടപ്പിലാക്കിയില്ല അതിനെറ പ്രവർത്തനം ആരംഭിച്ചതു്. മദ്യത്തിനുള്ള എല്ലാ കു

തുടർച്ചയുണ്ട്—



[ഈ പംക്തിയിൽ പത്രാധിപർ വായനക്കാരുമായി സംസാരിക്കാൻ ശ്രമിക്കുന്നു. നിങ്ങൾക്ക് ഇഷ്ടമുള്ള കാര്യം പോസ്റ്റ്കാർഡിൽ പത്രാധിപർക്ക് എഴുതുക. കവറിനു മുകളിൽ "പോരും" എന്നു കാണിച്ചിരിക്കണം. നന്നായിരുന്നാൽ നിങ്ങളുടെ പോസ്റ്റ്കാർഡിനു അഞ്ചുരൂപാ സമ്മാനം ലഭിക്കും. പത്രാധിപർ]

പി. കെ. ആൻറണി, ചങ്ങനാശേരി.

കത്തോലിക്കർ അയയ്ക്കുന്ന പോസ്റ്റ്കാർഡുകൾ എത്ര നല്ലതായിരുന്നാലും പത്രാധിപർ അവകളെ പിന്നാക്കുട്ടയിൽ തള്ളുകയെന്നുള്ള കിംവദന്തികൾക്ക് വല്ല അടിസ്ഥാനവുമുണ്ടോ? ഉണ്ടെങ്കിൽ അതു് പത്രധർമ്മമാണോ?

എനിക്കു പോസ്റ്റ്കാർഡുകൾ അയക്കുന്നവർ സാധാരണ ജാതിയും മതവും എഴുതാറില്ല. എന്നായാലും ഈ പംക്തിയിൽ സമുദായപ്രാതിനിധ്യത്തിനു പ്രാധാന്യം കൽപ്പിക്കുന്നില്ല. ഈ പ്രത്യേകം അറിയിച്ചുകൊണ്ട് കത്തോലിക്കർ എന്നു തോന്നിയേക്കാവുന്നവരുടെ പോസ്റ്റ്കാർഡുകൾക്ക് മുൻഗണന നൽകുക എന്ന മാതിരിയും ഞാൻ കാണിക്കയില്ല.

പി. ജെ. ആനന്ദവല്ലി, തേവള്ളി.

വൈവാഹികജീവിതം വേണ്ടെന്നു തീരുമാനിക്കുന്ന ഒരു സ്ത്രീയുടെ ജീവിതം എന്തിനോടു് ഉപമിക്കാം?

സൂര്യകാന്തി പുഷ്പത്തോടു്.

എൻ. വി. മെയ്യപ്പൻ, മയ്യനാടു്.

താങ്കൾ മച്ചിപ്പശുവിനെ കറന്നു പാലെടുക്കുന്ന ആളാണെന്നു ചിലർ പറയുന്നു. വാസ്തവമാണോ?

നിങ്ങളെക്കൊണ്ടു പാലും ഒരു പോസ്റ്റ്കാർഡും പോരിപ്പിച്ച സ്ഥിതിക്കു് വാസ്തവമാണെന്നാണു് എനിക്കു തോന്നുന്നതു്.

വി. കൃഷ്ണൻകുട്ടി കായംകുളം.

വിധിവൈപരീത്യം എന്നാൽ എന്താണു്?

പി. കേശവദേവു്.

രാമനാശാരി, പൂത്തൻചന്ത.

താരതമ്യേന സ്ത്രീകൾക്കു് വിദ്യാഭ്യാസം കുറ്റംതോറും അവരുടെ വിവാഹപ്രായവുംകൂടി വരുന്നു കാരണം എന്തു്?

വിദ്യാഭ്യാസം കൂടണമെങ്കിൽ കൂടുതൽവർഷം പഠിക്കണമെന്നുള്ളതുതന്നെ.

ആർ. പി. നായർ, പൂജപ്പുര.

ദ്രാവിഡകഴകം എന്നൊരു പാർട്ടി ഉത്തർ ഇജിതത്തിൽ പ്രവർത്തിക്കുന്നതു് ഹിന്ദുമണ്ഡലത്തെ തകർക്കാനല്ലേ?

ഹിന്ദുമണ്ഡലത്തിന്റെ എല്ലാവിധ ദുഷ്യങ്ങളും ദ്രാവിഡകഴകത്തിനും ഉണ്ടു്.

ംഇല്ലാതാക്കിയും ചില്ലാ 'വാഡ്ക്കായ്'ടെ വിവളരെ താണ ഒരു നിലയിലേയ്ക്കു കൊണ്ടുപയ്യുമാണു്. വിഷമയമുള്ള മദ്യത്തിന്റെ നിമവിരുദ്ധമായ വാറവും കള്ളക്കച്ചവടവും ഉർത്തന്നെ അവക്ക് തടയാൻ കഴിഞ്ഞു.

സാവധാനത്തിൽ മദ്യപാനം ഇല്ലാതാക്കാള്ള പരിപാടികൾ അവർ നടപ്പിലാക്കി. ും ഫാക്ടറികളുടെ സമീപത്തെങ്കും വീകൂടാതാക്കി. കഴിവുടിവസങ്ങളിലും ശമ്പളവസങ്ങളിലും മദ്യവില്പന പാടില്ലാതാക്കി. ലന്മാക്കും, കുടിച്ചിട്ടില്ലവക്കും മദ്യംവിൽക്കതിനു് കർശനമായ ശിക്ഷകളേർപ്പെടുത്തി. ുപാനത്തിനെതിരായി ശാസ്ത്രീയമായി തയ്യായ്യ ഒരു വർഗ്ഗാതിലുള്ള പ്രചരണപ്രക്ഷോാം ആരംഭിച്ചു. ഈ വാദങ്ങളിൽ പാപത്തിറയും സദാചാരത്തിന്റെയും പ്രശ്നങ്ങളും ത്തി പ്പെടുക്കിയില്ല. ചിലരായം ക്ഷീണംങ്കുന്നതും ചിലപ്പോഴൊക്കെ ആരോഗ്യപ്രദവും വലുപ്പ കാര്യമുണ്ടാക്കാത്തതുമായ ഒരുതരം മരുന്നാണെന്ന നാട്ടുകാരെ ധരിപ്പിച്ചു. അതു നിയന്ത്രണാതീതമായി കുടിച്ചാൽ കുടിയന്റെ കഴിവുകളും നശിപ്പിക്കും. പരിഷ്കരിച്ചുപോയ കുടിക്കൂട്ടുകൾ ദോഷകരമായ കഴപ്പുങ്ങളും, മാനസികമായ തകരാറുകളും ഉണ്ടാക്കും. ചുരുക്കത്തിൽ മദ്യപാനത്തിന്റെ ഉഷ്പിച്ചവശങ്ങളെപ്പറ്റിയുള്ള പാഠങ്ങൾ പാപത്തിന്റെയും സദാചാരവിഹീനതയുടെയും പ്രശ്നങ്ങളിൽപ്പെടുത്താതെതന്നെ നാട്ടുകാരുടെ എയ്ങ്ങളിൽ തറപ്പിച്ചു.

ഈ വമ്പിച്ച സംരംഭം പത്രങ്ങൾ, റേഡിയോ, സിനിമാശാലകൾ, ഫിലിമുകൾ, പ്രസിദ്ധീകരണങ്ങൾ മുതലായവ വഴി വിജയിപ്പിച്ചെങ്കിലും, ഒരിക്കലുംതന്നെ ഒരു കുടിയനെയും വിമർശിക്കുകയുണ്ടായില്ല. അവരെ ഒരുതരം വിഡ്ഢികളായി സങ്കല്പിച്ചുകൊണ്ടു ഒരു പുതിയ സമൂഹഘടനയുടെ സൃഷ്ടികർമ്മം എത്ര മഹത്തരമായ സേവനമായിരിക്കുമെന്നും, ജീവിതം എത്രയേറെ ശോഭയുള്ള ഒരനുഭൂതിയാണെന്നും കാണിക്കുവാനാണു് ശ്രമിച്ചതു്. ഒരു തികഞ്ഞ കുടിയനെ ഒരു രോഗിയായി സങ്കല്പിച്ചു ശാരീരികവും, മാനസികവുമായ വൈദ്യസഹായംനൽകുവാനും.

ഇതിന്റെ ഫലമായി കുടിച്ചു ലക്കില്ലാതെ ബഹളമുണ്ടാക്കി നടക്കുന്ന ഏർപ്പാടു് സമ്പൂർണ്ണമായി ഇല്ലായ്മചെയ്യുവാൻ കഴിഞ്ഞു.

സോവിയറ്റ് യൂണിയനിൽ വഡ്ക്കായുടെ ചിലവു പ്രതിവർഷം പത്തുകോടി ഗ്രാമുകൾ വീതം കാഞ്ഞുകൊണ്ടിരിക്കുകയാണു് ഈ പരീക്ഷണവും ഫലവും നമ്മുടെ പരീക്ഷണങ്ങളും ഫലവുമായി താരതമ്യപ്പെടുത്തുക. ഡാക്ടർ വാസിഫ് ദാരുടെ പ്രസ്താവനയിൽ അടങ്ങിയിരിക്കുന്ന ബുദ്ധിമുട്ടുകൾ നമുക്കു അപ്പോൾ പ്രകടമായി കാണാം.

എം. കെ. ശങ്കരൻ, തിരുവല്ല.

ഏകാധിപത്യമാണോ പ്രജാധിപത്യമാണോ മാർക്സിസത്തിന്റെ അടിസ്ഥാനം?

സാമ്പത്തികമായ ഉച്ചനീചത്വമോ പരാധീനതകളോ ഇല്ലാത്ത ഒരു ജനസമൂഹത്തിന്റെ ശ്രീപക്ഷ ഏകാധിപത്യത്തിൽകൂടി വളർന്നുവരുന്ന ജനാധിപത്യം സൃഷ്ടിക്കുന്ന അരാജകത്വമാണ് മാർക്സിസത്തിന്റെ ലക്ഷ്യം.

ജി. വിജയമ്മ, ആലപ്പുഴ.

പെൺപള്ളിക്കൂടങ്ങളിൽ പാചകകല പാഠ്യവിഷയങ്ങളിൽ ഒന്നായി ഏർപ്പെടുത്തുന്നതു് യുക്തമായിരിക്കുമോ?

അങ്ങനെയാണെങ്കിൽ പഠിച്ചവരെ വിവാഹം കഴിച്ചാൽ എന്തെങ്കിലും പ്രയോജനം ഉണ്ടായിരിക്കും.

എൻ. ഭരതൻ, പെരിങ്ങാട്ട്.

കാഷ്മീർ പ്രധാനമന്ത്രിക്കു് ആറടി നാലിഞ്ചു് ഉയരമുണ്ടു്. തിരു-കൊച്ചി ഭരണരീതിയും, കാഷ്മീരിലെ ഭരണരീതിയോടൊപ്പമാകാൻ തിരു-കൊച്ചി പ്രധാനമന്ത്രിക്കു് ഇനി എത്ര അടിക്കുടി വേണം?

ശരിയാണു. ഉഞ്ഞുകെണ്ടു് യാതൊരു പ്രയോജനവുമില്ല. അടിതന്നെയാണു് വേണ്ടതു്.

കെ. പ്രഭാകരൻ, ചേർത്തല.

നിങ്ങളുടെ "ഒളിവിൽനിന്നുള്ളകത്തു്" എന്ന ചെറുകഥയെപ്പോലും ചില കമ്മ്യൂണി

---

25 രൂപാ സമ്മാനം

"കൺഫ്യൂഷ്യസിന്റെ ദോഷം" എന്ന ശീർഷകത്തിൽ എഴുതുന്ന ഏറ്റവും സ്വീപ്പ് ആയ പുരത്തിൽ കവിയാത്ത ഏറ്റവും വിജ്ഞാനപ്രദമായ ലേഖനത്തിനു് 25 രൂപാ സമ്മാനം നൽകുന്നതാണു്. ലേഖനം ഡിസംബർ 14-ാംതീയതിക്കുമുമ്പു് ആഫീസിൽ കിട്ടിയിരിക്കണം.

കൌമുദി വാരിക

പേട്ട, തിരുവനന്തപുരം.

സ്റ്റേറ്റ് സാഹിത്യകോടാലികൾ അനിനിരിതമായി നിരുപണം ചെയ്യുന്നതെന്താണു്?

ഒരുതരം ഹിപ്നോട്ടിസം.

ജി. പരമേശ്വരൻ, വയലാർ.

വായനക്കാർക്കു പ്രയോജനമില്ലെന്നാണു് "കൗമുദിലീഗ്"നെപ്പറ്റി ഗ്രാമസഭരാജിന്റെ അഭിപ്രായം. അങ്ങനെയാണെങ്കിൽ അതു പ്രസിദ്ധീകരിക്കാതിരിക്കരുതോ?

എങ്ങനെയാണെങ്കിൽ? ഗ്രാമസഭരാജ് പറഞ്ഞതുകൊണ്ടോ അതേ നിങ്ങൾക്കു അങ്ങനെ തോന്നുന്നതുകൊണ്ടോ? നിങ്ങളുടെ കൊച്ചുമകൻ എഴുതി അയക്കട്ടെ. ആ പംക്തി നിർത്തുകയേക്കാം.

സി: കെ. പത്മനാഭൻ, പാലാ.

ബോട്ടപകടം വന്ന ബ്രഹ്മപുത്രാ നദിയിൽ വീണ ആസ്സാം ഭക്ഷ്യവകുപ്പുമന്ത്രിയെ ആരോ രക്ഷിച്ചു വീണതു് തിരുവിതാംകൂർ ഭക്ഷ്യവകുപ്പുമന്ത്രിയായിരുന്നെങ്കിൽ ആ അവസരം ആരെങ്കിലും പാഴാക്കുമോ?

രക്ഷിക്കുന്ന കാര്യത്തെപ്പറ്റിയാണോ പറയുന്നതു്. മറിച്ചാണെങ്കിൽ ആരും സഹായിക്കേണ്ട കാര്യമില്ല.

എൻ. മുഹമ്മദ്ഷരീഫ്, വള്ളിക്കടവു്.

അതിവേഗത്തിൽ ഇറക്കം ഇറങ്ങിപ്പോകുന്നു് ബ്രേക്കില്ലാത്ത ഒരു മോട്ടോറിന്റെ അവസ്ഥയിലാണോ ഇന്നത്തെ ജനകീയഭരണം മുന്നോട്ടു പോകുന്നതു്?

എഞ്ചിനില്ലാതെ ഇല്ല, എന്നു പറയുന്നതിൽ ഉപമ ഏകദേശം പൂർണ്ണമാകും.

പി. റാഫി മാത്യു, തൃശ്ശൂർ

മാനവസമുദായത്തിന്റെ ആരോഗ്യത്തിനു മുതലപ്പെട്ടവർ ആരെല്ലാം?

ആണും പെണ്ണും.

ഡി. സുദർശനൻ, ക്ഷേമം.


എനിക്കും ഒരു സഖാവാകണം. ഞാൻ എന്തുചെയ്താൽ അതുപോലെയാകും?

എന്തെങ്കിലും പെയ്യണം. പെയ്യുന്നതിനു കുലിവാങ്ങാൻ പഠിക്കണം. കുലിവാങ്ങുന്ന മറുള്ളവർ തന്നെപ്പോലുണ്ടെന്നു വിശ്വസിക്കണം. ആ വിശ്വാസം പരത്തുവാൻ നിങ്ങളും ശ്രമിച്ചു തുടങ്ങുമ്പോൾ സഖാവായിക്കഴിഞ്ഞു.

സമ്മാനം

ഈ ആഴ്ചയിൽ ഏറ്റവും നല്ല പോലും പോലിച്ചതിനുള്ള സമ്മാനമായ അഞ്ചു രൂപാ ശ്രീ. എൻ. ഭരതൻ പെരുങ്ങാട്ടു കൊല്ലത്തിനു നൽകുന്നു.

പുതിപ്പ്—



പത്മാദേവി

നീലികുന്നുരാമൻ

15-ാം അദ്ധ്യായം

(തുടർച്ച)

[കഥ:—ഏതാനും കൂട്ടുകാരുമൊന്നിച്ച ഒരു വിനോദയാത്രയ്ക്കായി സിലോണിൽ എത്തിയ ഗംഗാധരൻ, അവിടെവച്ച കലാശേഖരന്റെ പുത്രി പത്മാദേവിയുമായി പ്രണയബന്ധത്തിലേർപ്പെട്ടു. കലാശേഖരൻ അവരുടെ വിവാഹത്തിനു സമ്മതം നൽകിയിരിക്കയാണു്. അപ്പോഴാണു് കലാശേഖരൻ തന്റെ മാതുലനും, പത്മ തന്റെ മുറപ്പെണ്ണുമാണെന്നു് സുകുമാരനു് അറിവാൻ കഴിഞ്ഞതു്. ഈ സുകുമാരനെവല്ലാതെ വ്യാകുലപ്പെടുത്തി കലാശേഖരന്റെ അന്തേവാസിയായശേഖരനും, ഈ വാർത്ത ധരിച്ചയുടൻ അത്യന്തം വികാരവിവശനായി പരിണമിച്ചിരിക്കുകയാണു്. ശേഖരൻ ഹൃദയപൂർവ്വമായ ക്ഷണത്തിനു വിധേയനായി ഒരു പ്രഭാതത്തിൽ പത്മ ശേഖരനുമൊന്നിച്ച ഒരു കാട്ടുപൊയ്കയിൽ പൂപറിക്കുവാൻ വന്നിരിക്കയാണു്. ശേഖരൻ പൊയ്കയിൽ ഇറങ്ങിക്കഴിഞ്ഞപ്പോഴാകട്ടെ, വൃക്ഷശിഖരങ്ങൾക്കിടയിൽ മറഞ്ഞുനിന്നിരുന്ന തൃജടയും, ഉലൂപികയും പൊടുന്നനെ പ്രത്യക്ഷപ്പെടുന്നു. മാത്രമല്ല, തൃജട പല്ലകം തെരിച്ചുകൊണ്ടു്, പത്മ തന്റെ കൈയിൽ അകപ്പെട്ടുകഴിഞ്ഞിരിക്കുന്നവെന്നുപറഞ്ഞു അട്ടഹസിച്ചും തുടങ്ങി. —ഇനി തുടർന്നു വായിക്കുക]

തൃജട അടക്കാൻ കഴിയാത്ത കോപാവേശത്തോടെ ഒരു പിശാചിനെപ്പോലെ പറഞ്ഞു:—"ക്ഷീണിച്ചിരിക്കുന്നു! ക്ഷീണിച്ചിരിക്കുന്നു ഹാ! എന്തൊരു ഭയം! എന്തൊരു വാത്സല്യം! ആ കഴുത്തുപിരിക്കുവാനുള്ള ഭാഗ്യം ഇന്നു വിരലുകൾക്കു സിദ്ധിക്കയാണെങ്കിൽ അപ്പോൾ കാണിച്ചുതരാം ഞാൻ ക്ഷീണിച്ചിരിക്കയോണോ എന്നു്."

പൊടുന്നനെ ഉലൂപിക തൃജടയുടെ കൈയ് പിടിച്ചുവലിച്ചു്, ചെവിയിൽ എന്തോ മന്ത്രിച്ചു. അല്പമൊന്നു് ശാന്തമായി, അവൾ പറഞ്ഞു:—"ശരി! എങ്കിൽ നീ പറയൂ ഞാൻ പിന്നീടായിക്കൊള്ളാം."

ഉലൂപിക തൊണ്ടയനക്കിച്ചു്, പത്മാദേവിയുടെ മുഖത്തു മുറപ്പിച്ചു നോക്കിക്കൊണ്ടു പറഞ്ഞു:—"ഈ നാട്ടിൽനിന്നു പൊയ്ക്കൊള്ളുക. അതാണു് നിങ്ങൾക്കും, നിങ്ങളുടെ പിതാവിനും, ഈ നിൽക്കുന്ന ജന്തുവിനും നല്ലതു്" തന്നെ തുറിച്ചു നോക്കിക്കൊണ്ടുനിന്ന ശേഖരനെ അവജ്ഞയോടെ മൂന്നുനിക്കാണിച്ചുകൊണ്ടു് അവൾ തുടർന്നു:—"മനസ്സിലായോ? ഈ ലങ്കാപിച്ചയ്ക്കുവന്നു് യജമാനനാകാൻ തുടങ്ങുന്ന പരദേശിപ്പരിഷകൾക്കുള്ളതല്ല കൊച്ചിയാനു് കൊള്ളയിടാനും കുബേരനാകാനുമുള്ള നാടു്. ഇതല്ല നിങ്ങടെ മന്ത്രതന്ത്രങ്ങളിലും മയക്കിലുംപെട്ടു് ഈ നാടു മുടിഞ്ഞു. ഇനി ഒരു നിമിഷവും ഈ മയക്കു് ഇട്ടിക്കിൽ വേണ്ട. പോ, പോ! അസത്തുക്കളെ ഒഴിഞ്ഞില്ലാതെ ഇവിടം ശുദ്ധമാകാൻ പോകുന്നില്ല. പോ കാരണപക്ഷം—"

ഒരു പാമ്പിന്റെ ചീറ്റംപോലെ, തൃജടയുടെ വാക്കുകളും അതിനെ പൂരിപ്പിച്ചു:—"ഞങ്ങൾ സകലതും ചുട്ട പാമ്പലാക്കും. നിന്റെ പത്മവിലാസവും, നീയും നിന്റെ പിതാവും, നിന്റെയും അയാളുടെയും അഹങ്കാരവും അതാടെ തുലയുന്നുണ്ടു്"

ഈ വാക്കുകളും കേട്ടു് ഒരു കലുഷവും കൂടാതെ, പത്മാദേവി സൗമ്യമായി പറഞ്ഞു:—"നിറുത്തു! എനിക്കിതിനെപ്പറ്റിയൊക്കെ അഭിപ്രായം? ഒന്നുകിൽ നിങ്ങൾക്കു ഭ്രാന്താണു്; അല്ലെങ്കിൽ നിങ്ങൾ വെറും ഉർബുദ്ധികളാണു്. ഞങ്ങൾ ഈ നാടുവിട്ടു പോകണം—ഞങ്ങളുടെ വീടു തീവയ്ക്കുമെന്നു് ഭയപ്പെടുത്തുന്നു. അല്ലേ? എന്തിനു്? ഞങ്ങൾ നിങ്ങൾക്കൊരു ദ്രോഹവും ചെയ്തിട്ടില്ല. ഞങ്ങൾ എന്തു ചെയ്യണമെന്നു് പറയൂ" അവൾ തീർത്തു് തൃജടയോടു ചോദിച്ചു:—"രാഗനിമിത്തമാണോ, അവൾ താമസിക്കുന്ന വീടു് നിങ്ങൾ എഴുതിച്ചുകൊടുക്കാൻ പോകുന്നതു്? എന്തിനീ സ്ത്രീധനത്തിനു്? എന്നെ ശപിച്ചു മുടിക്കാനോ ഈ അടുത്ത ഒരു ദിവസം നിങ്ങൾ തുനിഞ്ഞ അഭിനവതിനായിരുന്നു? ഞാനെന്തപരാധം നിങ്ങളോടു കാണിച്ചു"

ആ വൃദ്ധ അപാരബലവും ക്രൗര്യവുമായ ദൃഷ്ടികളും അവളുടെമേൽ ഉറപ്പിച്ചുകൊണ്ടു് പറഞ്ഞു:—"എന്തപരാധമെന്നോ? നീ നിന്റെ അമ്മയുടെ പുത്രിയായതുതന്നെ! ഞാൻ ആ സ്ത്രീയെ വെറുത്തിരുന്നു ഞാൻ നിന്നെയും വെറുക്കുന്നു. നീ കൊച്ചിയാന്റെ മകളാകയാൽ, നിനക്കുമുണ്ടു് മന്ത്രവും തന്ത്രവും, ജാലവുമൊക്കെ! ഇവിടെയൊരുത്തനും അറിയാത്തതല്ല നിന്റെ ജാലങ്ങൾ. ആ സ്വാമിധർമ്മസംക്ഷുബ്ധനും പാമ്പനും അതുതന്നെ. അദ്ദേഹത്തിനു് നിന്റെ പിതാവിന്റെ നാട്ടിനേയും നാട്ടുകാരെയും നല്ലപോലറിയാം. മനുഷ്യനെ കബളിപ്പിക്കുന്ന ഏതു കൂട്ടത്തെയും എങ്ങനെ ദ്രോഹിക്കുന്നതിലും തൊഴിലുണ്ടു് അദ്ദേഹം ഞങ്ങളെ പഠിപ്പിച്ചിട്ടുണ്ടു് ഓർക്കുമ്പോൾ ഇതിനെ ഫലം ഓർക്കുക!"

പത്മ:—"എങ്കിൽ, ഓർക്കുമ്പോൾ ഫലം ആ ധർമ്മസംക്ഷുബ്ധനെന്നെയാണു് അനുഭ

(ശേഷം 24-ാം പേജിൽ)

—കുമാരൻ

നിവർന്നു നിൽക്കാറായി

[ഒരു നാടകം]

★

വി. ടി. ഇന്ദുചൂഡൻ

കഥാപാത്രങ്ങൾ

1 കുഞ്ഞൻപണിക്കർ:—ഒരു വൃദ്ധനായ കൃഷിക്കാരൻ.
2. അമ്മു:—പണിക്കരുടെ മകൾ.
3 വാസു:....അമ്മുവിന്റെ കാമുകൻ.
4. മത്തായി:—ഒരു ജന്മിയും കച്ചവടക്കാരനും.
5. കരുണാകരമേനോൻ:—എം. എൽ. എ.
6 അന്തോണി:—മത്തായിയുടെ കാര്യസ്ഥൻ.
7. ചാക്കപ്പൻ:—മത്തായിയുടെ വേലക്കാരൻ.
8 കിട്ടുണ്ണി:—കരുണാകരമേനോന്റെ വേലക്കാരൻ.

രംഗം 8

[മൂൻരംഗത്തിലെ അതേദിവസം തന്നെ. സമയം ഉച്ചയ്ക്ക് പന്ത്രണ്ടുമണി കഴിഞ്ഞു. കുഞ്ഞൻ പണിക്കരുടെ വീട്ടിന്റെ ഉമ്മറം. പണിക്കർ വടിയും കുത്തിപ്പിടിച്ച് പ്രവേശിയ്ക്കുന്നു. മുഖത്തു നല്ല ക്ഷീണമുണ്ട്. കരുണാകരമേനോന്റെ വീട്ടിൽപോയി മടങ്ങി വരവാണ്; അതേവേഷം തന്നെ പണിക്കർ അല്പാരപ്രാവശ്യം അമ്മുവിനെ ഉറക്കെ വിളിയ്ക്കുന്നു. ആരും വിളികേൾക്കുന്നില്ല. "മരണം! ഈ ജന്തു എവിടെ പോയിക്കിടക്കുന്നു" എന്നു ശപിച്ചുകൊണ്ട് പണിക്കർ വാതിൽ തള്ളിത്തുറന്ന് അകത്തു കടന്ന് വീണ്ടും വിളിയ്ക്കുന്നു. അമ്മു പിന്നേയും വിളികേൾക്കുന്നില്ല. പണിക്കർ ജ്യോതിഷഗ്രന്ഥവുമെടുത്തു പുത്തുവന്ന് കട്ടിലിന്മേൽ ഇരിയ്ക്കുന്നു. "കഴുത! തെണ്ടാൻ പോയിരിക്കുന്നു. ഇങ്ങോട്ട് വരട്ടെ ഇന്ന്, കാണിച്ചുകൊടുക്കാം!" എന്നു പിറുപിറുത്തുകൊണ്ട് പണിക്കർ ഗ്രന്ഥം തുറന്ന് വായിയ്ക്കാൻ ശ്രമിയ്ക്കുന്നു]

പണിക്കർ:—(വായിക്കുന്നു)
"ആയുർഭാവേ ചരേ ചതുർത്ഥമൃതിഗാഃ സൌമ്യാഗതസ്യാഗമം
കർവ്വ്യതുർത്ഥ സഹോത്ഥഗാ അപിപുനഃ പ്രസ്ഥായമാഗ്ഗതം...."
(വീണ്ടും ആവർത്തിച്ചു പൊല്ലുന്നു)
"ആയുർഭാവേ ചരേ ചതുർത്ഥമൃതിഗാഃ ..."
(മനസ്സിലാകാത്തതുപോലെ ആവർത്തിയ്ക്കുന്നു)
"ആയുർഭാവേ ചരേ ചതുർത്ഥമൃതിഗാഃ ... സൌമ്യാഗതസ്യാഗമം....
കർവ്വ്യതുർത്ഥ സഹോത്ഥഗാ അപിപുനഃ...."
(വീണ്ടും ആവർത്തിയ്ക്കുന്നു)
"കർവ്വ്യതുർത്ഥ സഹോത്ഥഗാ അപിപുനഃ ..."
(ആലോചിച്ച് ആദ്യം മുതൽ വീണ്ടും ആവർത്തിച്ച് പൊല്ലുന്നു)
"ആയുർഭാവേ ചരേ ചതുർത്ഥമൃതിഗാഃ:...."
(വീണ്ടും അതുതന്നെ)
"ആയുർഭാവേ ചരേ...."
(നിർത്തി ആലോചിച്ചിട്ട് പിറുപിറുക്കുന്നു)

ഹേ:....ശുദ്ധനില്ലെന്നില്ല. മനസ്സിനു് അലോഗ്യം വന്നാൽ പിന്നെ വായിച്ചാൽ നേരുംവില്ല.

[ഗ്രന്ഥം അടച്ചുവെച്ച് മറക്കാൻ പൊതിഞ്ഞുകെട്ടി, മറക്കാൻ തുടങ്ങുന്നു. അകത്തൊരു ശബ്ദം പണിക്കർ ശ്രദ്ധിയ്ക്കുന്നു]

പണിക്കർ:—ആരാ അകത്തു്? (ആരും മിണ്ടുന്നില്ല) അമ്മു വന്നോ (അകത്തു നിന്നു് അമ്മു വിളികേൾക്കുന്നു) ഇവിടെവായേ!....(അമ്മു കടന്നു വരുന്നു. വാസുവുമായുള്ള കൂടിക്കാഴ്ച കഴിഞ്ഞു് വരുന്ന വരവാണു്; മുഖത്തു ലജ്ജയുടെ ലേപം തന്നെ) നിയ്യവിടെപ്പോയി കുത്തിരിക്കുവാർന്നു? കഴുതേ! തെണ്ടിനടക്കാണോ? ഏം!....

അമ്മു:—ഞാൻ തെണ്ടാനൊന്നും പോയില്ല. ഇന്നലെ ഉപ്പു വാങ്ങിച്ചതിന്റെ കാശ്കൊടുക്കാൻ പോയതാണു്.

പണിക്കർ:—തെണ്ടാൻപോയി എന്നല്ല പറഞ്ഞതു്. മനസ്സിലായോ? തെണ്ടാൻ പോകരുതു് എന്നാണു് പറഞ്ഞതു് ചീത്തക്കാലം, ശവം ഉച്ചയ്ക്കിലാണു് നിൽപ്....(അമ്മു ഒന്നും മിണ്ടുന്നില്ല) അല്പം കഞ്ഞിവെള്ളം കൊണ്ടുവായോ. നടന്നിട്ട് ചങ്കു കലങ്ങി നാഴിക മൂന്നും മൂന്നും ആറു നടക്കണം, ആ മേനോന്റെ വീട്ടിൽ പോയിവരാൻ. (അമ്മു അകത്തുപോയി കഞ്ഞിവെള്ളം എടുത്തുകൊണ്ടുവന്നു കൊടുക്കുന്നു പണിക്കർ വാങ്ങിമോന്തിയിട്ട്) എടീ, പോയകാര്യമൊന്നും നടന്നില്ല ഞാൻ പുറപ്പെട്ടപ്പോൾ തന്നെ ഒരു കണ്ടൻപൂച്ച വെലങ്ങനെ ഒരു ചാട്ടം. ആ ശകുനം കണ്ടപ്പോൾ കണക്കാക്കി ഞാൻ, കാര്യം നടക്കില്ലാന്നു്.

അമ്മു:—അയാളെന്തു പറഞ്ഞു?

പണിക്കർ:—മുപ്പരുക്കണ്ടിട്ടു വേണ്ടേ, പറയാൻ? കാണാൻ തന്നെ തരമായില്ല

അമ്മു:—അതെന്താ, അവിടെ ഉണ്ടാർന്നില്ലേ?

പണിക്കർ:—ആളവിടെ ഉണ്ടു്; ഇന്നു കാണാൻ സൌകര്യം ഇല്ലാന്നു്. ഞാനാരാണെന്നു് അവിടുത്തെ വേലക്കാരൻ, മൂപ്പരെ ശരിയ്ക്കു് പറഞ്ഞ മനസ്സിലാക്കിട്ടുണ്ടാവില്ലെന്നാണു് എന്റെ ശങ്ക. മനസ്സിലാക്കിട്ടുണ്ടെങ്കിൽ മുപ്പരു് എന്നെ കാണാണ്ടിരിയ്ക്കില്ല. ആ വേലക്കാരൻ ഒരു ശപ്പനാണു്! അവന്റെ ഇളിഞ്ഞതൊരുകഴ കണ്ടാലറിയാം. പട്ടിക്കള്ളൻ! അവനെന്റെ കഴുത്തിൽ പിടിച്ചു്, തള്ളാൻ വന്നിരിയ്ക്കുന്നു!.... ഹ.!

അമ്മു:—ഇനിയെന്തു ചെയ്യും?

പണിക്കർ:—മൂപ്പരെ കാണാൻ ഒന്നുകൂടി പോണം. കണ്ടാലല്ലേ അറിയൂ, വല്ല ഗ്രഹപ്പാടോന്നാണോ?

അമ്മു:—ഗ്രഹപ്പാടൊന്നും ഉണ്ടാവില്ലാന്നാണു് പറേണ്ടതു്. മത്തായിമാപ്ലേം, ആ മേനോനും തമ്മിലു് വലിയ ബന്ധത്തിലാണത്രെ.

പണിക്കർ:—അങ്ങനെ ആരുപറഞ്ഞു?

അമ്മു:—(ഉള്ളിൽ) അങ്ങനെ ഇവിടത്തുള്ളവർ പറയുന്നതു് കേട്ട

പണിക്കർ:—അതാണു് പറഞ്ഞതെന്നു് പറ. കഴുതേ!

അമ്മു:—ആ മുല്ലക്കലെ പാറുവിന്റെ അങ്ങള പറയുന്നതു് കേട്ട.....

പണിക്കർ:—ആര്? ആ പ്രഭാന്റെ പെങ്കോനോ?

അമ്മു:—ഉം.....

പണിക്കർ:—(ആലോചിച്ച്) അതു് ശരിയായിരിയ്ക്കും. ആ പെക്കൻ കായ്പുപായുന്നവനാണെന്നാണു് കേട്ടിരിയ്ക്കുന്നതു്.....എന്തായാലും ഒന്നുകൂടി പോയിനോക്കാം. പോയിക്കൊണ്ടുകൊണ്ടു് ദോഷമൊന്നും വരാനില്ലല്ലോ.

അമ്മു: ഇവരുടെ അടുത്തു് സങ്കടം പറഞ്ഞതുകൊണ്ടു് ഗുണമൊന്നുമുണ്ടാവില്ലാന്നാണു് ആളുകൾ പറേണതു്. കായ്പുവൻ ശുദ്ധനായതു തല്ലാൻ വെന്നതിനപ്പുറത്തു് ഒരു ഹരജി കൊടുത്തുകൊണ്ടാണത്രെ ആ വാസുനായരെ ജയിലിലടച്ചതു്,

പണിക്കർ:—പച്ചക്കള്ളം!....നിന്നോടിതാര പറഞ്ഞു? അവൻ കമ്മ്യൂണിസ്റ്റിലെ പെട്ടതുകൊണ്ടാണു് കേസിലാക്കിയതു്.

അമ്മു:—അങ്ങനെയല്ലത്രേ.

പണിക്കർ:—നിന്നോടിതാരുപറഞ്ഞു? ആ വാസു പറഞ്ഞു പിടിപ്പിച്ചതല്ലേ? കഴുത! ഹും....

അമ്മു:—വാസു പറഞ്ഞു പിടിപ്പിച്ചതൊന്നുമല്ല പാറുണ്ണി ആങ്ങള പറേണതു് കേട്ടതാണു്.

പണിക്കർ:—എന്നാൽ ഞാൻ ആ പ്രേയെ ഒന്നു കണ്ടു ചോദിയ്ക്കട്ടെ, അവൻ പറഞ്ഞോന്നു്.

അമ്മു:—(പരുങ്ങിക്കൊണ്ടു്) അച്ഛൻ ആരോടെങ്കിലും അമ്മയിതുമൊന്നും ചോദിയ്ക്കാൻ നടക്കണ്ട. പാറുണ്ണി ആങ്ങള പറേണതു് കേട്ടന്നു് എന്നോടു് തേരിലെ മീനാക്ഷി പറഞ്ഞതാണു്.....

പണിക്കർ:—'കേട്ടു് അനങ്ങി; എലിയോ പുലിയോന്നു് അറിഞ്ഞിട്ടല്ലേടാ' ന്നാണു് പെണ്ണു് പറേണതു്. കഴുത.....സങ്കടം പറഞ്ഞതുകൊണ്ടു് ഗ്രഹോടലുങ്കി വേണ്ട! പറഞ്ഞതൊക്കിട്ടുണ്ടോ? അതിനെന്തു് ചേതം! നീ പോയി കുച്ചു് പച്ചവെള്ളം എടുത്തു് കൊണ്ടുവായോ പൊകയില കൊള്ളില്ല; കയ്യുന്നു! വായ വൃത്തിയാക്കട്ടെ. (അമ്മു അകത്തുനിന്നു് കിണ്ടിയിൽ പച്ചവെള്ളം എടുത്തുകൊടുക്കുന്നു. പണിക്കർ വായ് കഴുകി കട്ടിലിന്റെ അടിയിൽനിന്നു് കോളാമ്പി എടുത്തു് തുപ്പുന്നു)

അമ്മു:—സങ്കടം പറഞ്ഞിട്ടു് ഒത്തില്ലെങ്കിൽ പിന്നെന്തു ചെയ്യും?

പണിക്കർ:—ഒത്തില്ലെങ്കിൽ പിന്നത്തെ വഴി പിന്നെനോക്കാം. നിനക്കെന്താ ഒരെടുത്തുചാട്ടം? ഒരു....ഒരു....ഇരിയ്ക്കപ്പൊറുതിലായ.? ഏ? എട്ടുംമാസത്തല്ലല്ലോ നിന്നെ പ്രസവിച്ചതു്? പത്തുമാസം ക്ഷമയോടുകൂടി കിടന്നില്ലേ, വയറാലി? ഏ?

അമ്മു:—എനിയ്ക്കു് ഇരിയ്ക്കപ്പൊറുതില്യായെങ്കിലു കിടക്കുന്ന വീടു് ആരാങ്കൊണ്ടു പോകുന്നതെന്നു് ഒരു വിചാരമുണ്ടു്....

പണിക്കർ:—ഓ ഒരു നീയൊരു തറവാട്ടമ്മ, എവിടെ നിന്നിറങ്ങിവന്നു, ഇപ്പോഴോ? പോടി, നിന്നെ പത്തുപതിനെട്ടു വയസ്സുവുന്നതുവരെ പോറ്റി വളർത്തിയതു് ഈ ഞാനാണു്, മനസ്സിലായോ? എനിയ്ക്കറിയാം, കയ്യും നോക്കാൻ.....മീനാന്റെ അടുത്തുപോയിട്ടു് ഒത്തില്ലെങ്കിൽ വേറെ വല്ലവഴിയും നോക്കണം കഴിഞ്ഞകൊടുക്കണമെന്നു് പറയുന്നുണ്ടല്ലോ ആ വാസു. അങ്ങിനെയൊക്കെ ചെയ്യാൻ, സൂക്ഷിച്ചുവേണം, മനസ്സിലായോ?.....പോയാലെങ്കിൽ കണ്ണുവെയ്ക്കും. രുചിയില്ല; എന്നാലും വല്ലതും വരിത്തിന്നട്ടെ.

[രണ്ടുപേരും അകത്തേക്കു പോകുന്നു]

രംഗം 9

[കുഞ്ഞൻ പണിക്കരുടെ വീട്ടിൽ അകത്തെമുറി. സമയം ഉച്ചതിരിഞ്ഞു. രണ്ടുമണി. ഒരു മരുപ്പട്ടി, കുറേ മുഷിഞ്ഞ വസ്ത്രങ്ങൾ, കീറപ്പായ, തലയണയും മത്തായിയുടെ വേലക്കാരൻ ചാക്കപ്പൻ മുറിവൃത്തിയാക്കുകയാണു്. ഒരു മുഷിഞ്ഞ ടൈസർമാത്രം ധരിച്ചു്, ഏതാണ്ടൊരു പതു വയസ്സുപ്രായമായ ഒരു പയ്യൻ അന്തോണി, മേൽനോട്ടം ചെയ്തുകൊണ്ടു് നിൽക്കുന്നു]

അന്തോണി:—എടാ ചാക്കപ്പാ, ആ അഴുക്കു തുണിയും, പായയും പുറത്തെത്തട്ടു് കത്തിയ്ക്കു്. വല്ലാത്ത നാറ്റം! (മൂക്കുപൊത്തുന്നു ചാക്കപ്പൻ തുണിയും പായയും എടുത്തു് പുറത്തിടുന്നു) ആ പെട്ടീല് എന്തുണ്ടാണോ, ചാക്കപ്പാ?

ചാക്കപ്പൻ:—(പെട്ടി തുറന്നുനോക്കി) ഇതിലെന്തോ കർത്താസും, പുസ്തകങ്ങളുമാണു്.

അന്തോണി:—എന്തൂട്ടു് പുസ്തകാടാ, ചാക്കപ്പാ? നോക്കട്ടെ (ഒരു പുസ്തകം വാങ്ങി തുപ്പിത്തുപ്പിവായിയ്ക്കുന്നു) "എന്റെ....സത്യാ....ന്വേഷണ.....പരീ....ക്ഷകൾ.....മഹാത്മാ.... ഗാ....ന്ധി"..... പണിക്കരച്ചന്റെ പിള്ളേരുടെ പുസ്തകങ്ങളാണു്. ഒരുത്തൻ പണ്ടു് കാങ്കരസ്സിപ്പോയി പത്തു....ഇതൊക്കെ വലിച്ചു മാറ്റത്തിട്ടു് തീകൊടുക്കു്, ചാക്കപ്പാ സ്ഥലം മുടക്കാൻ ഇവിടെ വയ്ക്കണ്ട. (ചാക്കപ്പൻ പുസ്തകങ്ങളും വലിച്ചുവാരി പുറത്തിട്ടു് കത്തിയ്ക്കുന്നു അന്തോണി തന്നെ കയ്യിലുള്ള ഗാന്ധിജിയുടെ പുസ്തകം കൊടുത്തിട്ടു്) ഇതും തീയിലിട്ടേയ്ക്കു്. ഈ പുസ്തകങ്ങളൊക്കെ വായിച്ചു് പഠിച്ചു് മനുഷ്യരാരെങ്കിലും ഇന്നേവരെ നന്നായിട്ടുണ്ടോ? നന്നു് വല്ലരേഖയുമുണ്ടോടാ, ചാക്കപ്പാ? ആദ്യം, അവ്വയും ഉണ്ടായതു മുതൽ തിന്നാനും പെണ്ണുകെട്ടാനുംവേണ്ടി എല്ലാവരും പ്രവർത്തിച്ചു. അതിനുവേണ്ടി കാരോരുത്തനും മറ്റവന്റെ നെഞ്ഞത്തുകയറി. അല്ലാതെ പുസ്തകം വായിച്ചു് ആരും നന്നായിട്ടില്ല ഞാൻ പാഞ്ഞതിലു് വല്ല മിഷ്ടേക്കുണ്ടോ ചാക്കപ്പാ?

ചാക്കപ്പൻ:—അന്തോണ്യേട്ടൻ പറഞ്ഞതു തന്നെ കാര്യം

അന്തോണി:—പുസ്തകം വായിച്ചു് അതുപോലെ നടക്കാൻ ശ്രമിച്ചവൻ വിഡ്ഢി! അപ്പൊങ്കി ഈ പണിക്കരച്ചന്റെ മോന്റെ കഥ തന്നെ ഒന്നു ആലോചിയ്ക്കു്, ചാക്കപ്പാ നല്ലൊരു ചെക്കൻ ഗാന്ധിന്റെ പുസ്തകോം വായിച്ചു ജെലിപ്പോയി ചത്തു് കുടുംബംനശിപ്പിച്ചില്ലേ? എന്താ ചാക്കപ്പാ ഞാൻ പറഞ്ഞതിലു് വല്ല മിഷ്ടേക്കുണ്ടോ?

ചാക്കപ്പൻ:—(മുറിബീഡി വലിച്ചുതീരുന്നു; അല്പനേരത്തെ നിശ്ശബ്ദതയ്ക്കുശേഷം) അല്ലാ, അന്തോണ്യേട്ടാ ഒരു കാര്യം ചെയ്യാന്നു.....

അന്തോണി:—എന്തൂട്ടാണ്ടാ, ചാക്കപ്പാ, അതു്?

ചാക്കപ്പൻ:—തന്നോം, മോളോം ഇവിടിരുന്നോട്ടെ. ഞാൻ വീടുപൊളിച്ചു ഒരു പത്തുരൂപേടെ കാശെങ്കിലും കൈയിലുവെച്ചുകൊടുക്കാന്നു.....

അന്തോണി:—നിയ്യു് പറഞ്ഞതിലു് മിഷ്ടേക്കില്യ. പാവങ്ങളു്. ഒരു പത്തുരൂപാടെകാശു് കൊടുക്കാന്നു. പക്ഷെ ഞാനെന്തുചെയ്യാ? മുതലാളി പറഞ്ഞതു് അൻസരിക്കലല്ലേ എന്റെ പ്രവർത്തി? മുതലാളി പറഞ്ഞതു, അവറങ്ങളെ എറക്കിവിടാൻ; പറഞ്ഞതു ഞാൻ ചെയ്തു

ചാക്കപ്പൻ:—പാവങ്ങളു്! പെരുവഴിയിലു് തെണ്ടിത്തിരിയുന്നതോന്നു് ഒരാപ്പായ മോന്താൻ കാത്രണ്ടാവില്ല, കയ്യിലു്

അന്തോണി:—അവറങ്ങളെവിടെപ്പോയി, ചാക്കപ്പാ?

ചാക്കപ്പൻ:—ആ അമ്പലത്തിന്റെ അരുത്തു് ഇരിപ്പുണ്ടു്, മാനത്തേയ്ക്കും നോക്കി

അന്തോണി:—അവറങ്ങളിനി എന്തുചെയ്യാൻ പോകുന്നു?

ചാക്കപ്പൻ:—കർത്താവിന്നറിയാം!.....

അന്തോണി:—പെരുവഴി തെണ്ടലല്ലാതെ ഗതിലു.

ചാക്കപ്പൻ:—തന്നെ, ആ കാങ്കരസ്സ്മേന്റെ അരുത്തു് ആവലാധി പറയാൻ പോകാണ്ടന്നു്

അന്തോണി:—(തലകുലുക്കുന്നു) പാവം! തന്തയ്ക്കു് ഒന്നു അറിലു.

ചാക്കപ്പൻ:—ആളുകളു് വല്ലാത്തതൊക്കെ പറേണുണ്ടു് അന്തോണ്യേട്ടാ.

അന്തോണി:—എന്തൂട്ടാണ്ടാ, ആളു്കളു് പറേണതു്?

ചാക്കപ്പൻ—കെളവനേം പെണ്ണിനേം പെരുവഴി തെണ്ടിച്ചതു് അക്രമാണെന്നു്.

അന്തോണി:—ആരാണ്ടാ ഇതു് പറഞ്ഞതു്?

ചാക്കപ്പൻ:—തറക്കലെ കുറിയർ പറയണതു് കേട്ടു

അന്തോണി:—ആരെങ്കിലും, എന്തെങ്കിലും പറയട്ടെ. നിയ്യുതിലൊന്നിലും കൂടാൻ പോകണ്ടാ

ചാക്കപ്പൻ:—ഞാനൊന്നിലുല്യ, അന്തോണ്യേട്ടാ.

അന്തോണി:—പാവങ്ങളെ ഇറക്കിവിടണ്ടാർന്നുന്നു തോന്നുണ്ടു് എനിയ്ക്കു്. പക്ഷെ ഞാനെന്തുചെയ്യും? മുതലാളി പറഞ്ഞതു അൻസരിയ്ക്കലല്ലേടത്തെ ന്യായിലു? ഞാനൊരു ഭാഗത്തുല്യ. മുതലാളി പറഞ്ഞതു് ഞാൻ ചെയ്തു. അതിലു് വല്ല മിഷ്ടേക്കുണ്ടോ ചാക്കപ്പാ?

ചാക്കപ്പൻ:—അന്തോണ്യേട്ടൻ പറഞ്ഞതു് ശരിയാണു്.

അന്തോണി:—(അല്പനേരത്തെ നിശ്ശബ്ദതയ്ക്കുശേഷം) എടാ, ചാക്കപ്പാ, നിയ്യു്, ഈ ചുമരിന്മേലെത്തെ പൊടിയൊന്നടിയ്ക്കു്. എന്റെ കർത്താവെ, എത്രപാരംപൊടിയാണു്! ആ പെണ്ണു്, ഇവിടെങ്ങും അടിയ്ക്കാറില്ലെന്നു തോന്നുന്നു (ചാക്കപ്പൻ ചൂലെടുത്തടിയ്ക്കുന്നു) എന്നിട്ടു് നിയ്യു് പുറംപൂടി അങ്ങോട്ടു വായോ. ഞാൻ പോകട്ടെ

[അന്തോണി പോകുന്നു; ചാക്കപ്പൻ ഏകാകിയായിപണി തുടരുന്നു]

അമ്മമാരും കുഞ്ഞുങ്ങളും സോവിയറ്റ് റഷ്യയിൽ

(ഇന്ദു)

അമ്മമാരെയും കുഞ്ഞുങ്ങളെയും ശരിയായി സംരക്ഷിക്കുക എന്നതു്, ഗവൺമെൻറിന്റെയും സമുദായത്തിന്റെയും അതിപ്രധാനമായ ഒരു കർത്തവ്യമായിട്ടാണ് സോവിയറ്റ് ഗവൺമെൻറ് പ്രഖ്യാപിച്ചിട്ടുള്ളതു്. അവരുടെ ആരോഗ്യം നിലനിറുത്തുന്നതിനും, അമ്മമാരുടെ പ്രസവരക്ഷയ്ക്കും, കുഞ്ഞുങ്ങളുടെ വളർച്ചയ്ക്കും, ആവശ്യമായ നൂതനപദ്ധതികളും, കഴിഞ്ഞ വർഷത്തിലും സോവിയറ്റ് ഗവൺമെൻറ് സ്വീകരിച്ചു വരുന്നു.

ഏറ്റവും പുരോഗമനപരമായ നിയമനിർമ്മാണം മൂലമാണ്. അവരുടെ താല്പര്യങ്ങൾ റഷ്യൻ ഗവൺമെൻറ് പരിരക്ഷിച്ചു പോരുന്നതു് പ്രസവാശുപത്രികളും, സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കുമായുള്ള സാനിട്ടോറിയം, കുഞ്ഞുങ്ങൾക്കു മാത്രമായുള്ള ആശുപത്രികളും പാൽവിതരണ കേന്ദ്രങ്ങളും എന്നുതുടങ്ങി വിവിധരീതിയിലുള്ള അനവധി സ്ഥാപനങ്ങളും, ഈ ഉദ്ദേശത്തോടുകൂടി, അവിടെ നടത്തിവരുന്നുണ്ട്.

ആയാസമേറിയ പണികൾക്ക് സ്ത്രീതൊഴിലാളികളെ നിയോഗിക്കുന്നതിനെ സോവിയറ്റ് ഗവൺമെൻറ് കർശനമായി നിരോധിച്ചിട്ടുണ്ട്. ഗർഭിണികളും, ചെറിയ കുഞ്ഞുങ്ങളുള്ള അമ്മമാരും രാത്രികാലങ്ങളിൽ ഫാക്ടറികളിൽ ജോലിചെയ്യാൻ പാടില്ല എന്ന നിയമമുണ്ട്. രണ്ടു കുട്ടികളുള്ള എല്ലാ അമ്മമാർക്കും, മൂന്നാമതു മുതൽക്കുള്ള ഓരോ പ്രസവത്തിനും, ഗവർമ്മെൻറ് പ്രസവാലവൻസ് അനുവദിച്ചിട്ടുണ്ട്. ഈ തുക കുട്ടികളുടെ എണ്ണം അനുസരിച്ച് 200 മുതൽ 2500 റൂബിൾ (റഷ്യൻ നാണയം) വരെ ആയിരിക്കും. ഇതിനും പുറമെ നാലാമത്തെ പ്രസവം മുതൽക്കുള്ള ഓരോ പ്രസവത്തിനും പ്രതിമാസ പ്രസവാലവൻസും അനുവദിക്കുന്നുണ്ട്. ഈ തുകകൾ ഒരിക്കലും കുടിശ്ശിക വരുത്തുന്ന പതിവു് റഷ്യയിലില്ല; ശമ്പളംപോലെ വാങ്ങാവുന്നതാണ്. കഴിഞ്ഞ 5 വർഷങ്ങൾക്കിപ്പുറം ഈ അലവൻസു വകയിൽ 1600 കോടി റൂബിൾ ഗവൺമെൻറിനു ചിലവായിട്ടുണ്ട്. ഈ വർഷത്തിലെ ബഡ്ജറ്റിലും 400 കോടി റൂബിൾ ഇതിനായി നീക്കിവെച്ചിട്ടുണ്ട്.

ഇതിലേറെ രസാവഹമായിട്ടുള്ളതു് പ്രസവത്തിനു് കീർത്തിമുദ്രകൾ നൽകുന്ന ഏർപ്പാടാണ്. ഏറ്റവും കൂടുതൽ കുഞ്ഞുങ്ങളെ പ്രസവിക്കുന്ന അമ്മമാർക്കാണ് ഈ കീർത്തിമുദ്രകൾ ലഭിക്കുന്നതു്. ഈ ഇനത്തിൽ 27 ലക്ഷം അമ്മമാർക്ക് ഇതിനകം "Order of the glory of mother hood," 'Mother hood medal' എന്നീ കീർത്തിമുദ്രകൾ ലഭിച്ചിട്ടുണ്ട് പത്തും അതിലധികവും മക്കളെ പെറ്റവളർത്തിയതിനു് 'Mother heroein' എന്ന ബഹുമതി 30,700 റഷ്യൻ അമ്മമാർക്കുണ്ട്

വൈദ്യസഹായം കൂടാതെയുള്ള പ്രസവത്തെപ്പറ്റി ചിന്തിക്കാൻപോലും ഒരു റഷ്യൻ വനിതയ്ക്കു സാദ്ധ്യമല്ല എന്തെന്നാൽ 99 ശതമാനം പ്രസവവും പ്രസവാശുപത്രികളിൽ വച്ചാണ് നടക്കുന്നതു്. പ്രസവാശുപത്രികളിലെല്ലാംകൂടി 1,24,000 കിടക്കകൾ ഉണ്ടെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നതു്.

സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കുമായുള്ള ആശുപത്രികൾ റഷ്യയിൽ എണ്ണായിരത്തോളമുണ്ട്. ശുശ്രൂഷാപരിചരണത്തിലും പ്രസവശുശ്രൂഷയിലും റഷ്യൻ ഗവൺമെൻറ് എത്രമാത്രം ശ്രദ്ധ ചെലുത്തുന്നു എന്നു നോക്കുക. മുപ്പായിരത്തിലധികം പാൽവിതരണ കേന്ദ്രങ്ങളാണ് ഇന്നു റഷ്യയിലുള്ളതു്. കുഞ്ഞുങ്ങൾക്കു ശരിയായി പാൽകൊടുത്തുവളർത്തുന്ന കാര്യത്തിൽ ഈ കേന്ദ്രങ്ങൾ അത്യന്തം ശ്രദ്ധിക്കുന്നുണ്ട്. ഏതു വിധത്തിലുള്ള വൈദ്യസഹായവും സൗജന്യമായി ലഭിക്കുന്ന ഒരു രാജ്യമാണ് സോവിയറ്റ് റഷ്യയെന്നുള്ളതു് നാം പ്രത്യേകം ഓർക്കേണ്ട ഒരു സംഗതിയാണ്.

റഷ്യയിലെ കുട്ടികൾ നിറഞ്ഞ സന്തുഷ്ടിയോടുകൂടി രോഗങ്ങളില്ലാത്ത ആരോഗ്യവാന്മാരായിട്ടാണ് വളർന്നു വരുന്നതു്. അവരുടെ വിദ്യാഭ്യാസത്തിനും മറ്റും ഗവൺമെൻറ് ചെയ്യുന്ന സഹായങ്ങളും എത്രയെല്ലാമാണെന്നു് പറഞ്ഞറിയിക്കാൻ പാടുകയില്ല. അവർ, ആരോഗ്യദൃഢഗാത്രരായി സൽസ്വഭാവികളായി, സംസ്കാര സമ്പന്നരായി വളരുന്നവരാണുള്ള സകല സാഹചര്യങ്ങളും, സോഷ്യലിസത്തിന്റെ ജന്മഭൂമിയായ റഷ്യയിലുണ്ട്.

അമ്മമാർ ഫാക്ടറികളിൽ പോയാൽ, പിന്നെ ചെറിയ കുഞ്ഞുങ്ങളെ, പള്ളിക്കൂടത്തിൽ പോകാനുള്ള പ്രായമാകുന്നതുവരെ ആരു നോക്കുന്നു? സ്വാഭാവികമായി ഉദിക്കുന്ന ഒരു ചോദ്യമാണിതു്. അങ്ങനെയുള്ള കുഞ്ഞുങ്ങൾക്കുവേണ്ടി എന്തെല്ലാമാണ് അയാറക്കിയിരിക്കുന്നതു് എന്നു നോക്കുക. തൊട്ടിലുകൾ, കിൻറർഗാർട്ടൻ, കളിസ്ഥലങ്ങൾ എന്നിവ അവർക്കുള്ളതാണ്. അവർക്കായുള്ള തൊട്ടിലുകൾ സ്ഥാപിച്ചിരിക്കുന്നതു് 'എതു സ്ഥലത്താണെന്നുള്ള കേട്ടാൽ റഷ്യക്കാരല്ലാത്ത ആരും അത്ഭുതപ്പെടും 8,49,000 സ്ഥലങ്ങളിലാണ്, കഴിഞ്ഞ വർഷത്തിൽ സ്ഥിരമായി തൊട്ടിലുകൾ സ്ഥാപിച്ചിട്ടുള്ളതു്. 12,70,000 സ്ഥലങ്ങളിലാണ് സ്ഥിരമായ കിൻറർഗാർട്ടൻ സ്ഥാപിച്ചിട്ടുള്ളതു്. പിന്നെ, കൊയ്ത്തുകാലത്തു പാടത്തു പണിയെടുക്കുന്ന കർഷകരുടെ കുഞ്ഞുങ്ങൾക്കുവേണ്ടി താല്ക്കാലികമായി സ്ഥാപിക്കാറുള്ള തൊട്ടിലുകളും കിൻറർഗാർട്ടനും നിരവധിയാണ് ഈ സ്ഥാപനങ്ങൾ എല്ലാം തന്നെ നവീനരീതിയിലുള്ള കളിക്കോപ്പുകൾകൊണ്ടു നിറച്ചിരിക്കും എത്ര മനോഹരമാണെന്നോ ആ കാഴ്ച? ഈ സ്ഥാപനങ്ങളിൽ കുഞ്ഞുങ്ങളെ 'കണ്ണുമാനം' അഴിച്ചുവിട്ടേയ്ക്കുകയാണെന്നു വിചാരിക്കരുതു്. അവർ വിദഗ്ധന്മാരായ ഡാക്ടർമാരുടെയും അദ്ധ്യാപകന്മാരുടെയും മേൽനോട്ടത്തിലാണ് കഴിയുക കുഞ്ഞുങ്ങൾക്ക് അവിടം സ്വർഗ്ഗമാണ്.

അനാഥരായ ശിശുക്കളുടെ കാര്യത്തിൽ പൊതുജനങ്ങൾക്കും ഗവർമ്മെൻറിനും പ്രത്യേകം ശ്രദ്ധയാണ്. അവരെ സംരക്ഷിക്കുന്നതിനായി ശിശുസംരക്ഷണകേന്ദ്രങ്ങളുണ്ട്. ഗവൺമെൻറ് ചിലവിൽ അവരുടെ വിദ്യാഭ്യാസം ഗവർമ്മെൻറ് ചുമതലയിലാണ്. മാതാപിതാക്കളും തങ്ങൾക്കു നഷ്ടപ്പെട്ട എന്ന തോന്നൽ ഒരിക്കലും അവർക്കുണ്ടാകാത്ത രീതിയിലാണ് അവരെ വളർത്തുന്നതു്.

കുഞ്ഞുങ്ങളിൽ കുടികൊണ്ടുകിടക്കുന്ന കലാവാസനകളെ തട്ടിയുണർത്തി അഭ്യുന്നതിക്കു പ്രോത്സാഹനം നൽകുന്നതിനായി, റഷ്യയിൽ ധാരാളം കലാകേന്ദ്രങ്ങളും സ്ഥാപിച്ചിട്ടുണ്ട് ഇങ്ങനെയുള്ള കേന്ദ്രങ്ങളും റഷ്യയിലെ എല്ലാ നഗരങ്ങളിലും തൊഴിലാളികേന്ദ്രങ്ങളിലും, ഗ്രാമങ്ങളിലും കാണാവുന്നതാണ്.

കഴിഞ്ഞ വർഷത്തെ കണക്കനുസരിച്ച് ഇത്തരം 1000 സാംസ്കാരിക കേന്ദ്രങ്ങളും, 670 ശില്പകലാകേന്ദ്രങ്ങളും 140 സംഗീതശാലകളും (കുട്ടികൾക്കായുള്ളതു) 2000 ലൈബ്രറികളും (കുട്ടികൾക്കായുള്ളതു) റഷ്യയിലുണ്ട് ഇവയ്ക്കു പുറമേ കുട്ടികൾക്കായുള്ള ഉദ്യാനങ്ങൾ, സ്റ്റേഡിയം, സന്ദർശകകേന്ദ്രങ്ങൾ, നീന്താനുള്ള കൃത്രിമപ്പുഴകൾ എന്നിവ എണ്ണമറ്റതാണ്. ഈ കേന്ദ്രങ്ങളിൽ, കലാസമിതികൾ, നാടകസമിതികൾ നൃത്തകലാസംഘങ്ങൾ എന്നിവ ആയിരക്കണ

[ശേഷം]—

ചെറുകഥ



മകനെക്കാത്ത്

(ചേലാട്ട്, പത്മസേനൻ)

കായലിന്റെ കരയ്ക്കാണാ കുടിൽ നിൽക്കുന്നത്. മേഞ്ഞിരുന്നപൊളിഞ്ഞ് ഈക്കിലെഴുന്നു കൊണ്ടിപ്പുഞ്ഞരുപോലെ അതങ്ങനെ നിൽക്കുവാൻ തുടങ്ങിയിട്ട് കുറേ നാളായി. ഒരു ശവപ്പറമ്പുപോലെ അവിടം ശാന്തമാണ്. എങ്കിലും ജീവിതത്തിന്റെ നേർത്ത ഒരു ചലനം അതിനുള്ളിലുണ്ട്. ആ കുടിലിന്റെ മൺവശത്തിരുന്നു മിക്കവാറും ആസ്ത്രീ ചകരിചീവിക്കുന്നതുകാണാം. രക്തവും മാംസവും വലിഞ്ഞു വിളറിയരൂപം. അനങ്ങുന്ന കരസ്ഥികൂടംപോലെ അതങ്ങനെ ജീവിക്കുന്നു. ആ ജീവിതം അങ്ങോളമിങ്ങോളം വേദനയിൽ പൊതിഞ്ഞ യാഥാർത്ഥ്യങ്ങളുടെ തുടർച്ചയാണ്.

ഇരുപതുകൊല്ലംമുമ്പ് ആ കുടിൽ നിൽക്കുന്ന സ്ഥലം കൈതയും കണ്ടലും കാട്ടുപൊന്തകളും കെട്ടുപിണഞ്ഞ് കിടന്നിരുന്നതാണ്. രാമശ്ശാരുടെ കൈകളാണതൊക്കെ വെട്ടിത്തെളിച്ചത്. കായലിൽനിന്നു കട്ടയും പെളിയും വാരിക്കൊണ്ടുവന്ന് അവിടം നികത്തിയതും അയാളത്രെയാണ്. കാളിയമ്മയും ഭർത്താവിനെ കഴിയുന്നത്ര സഹായിച്ചിട്ടുണ്ട്.

അങ്ങനെ പാക്കോച്ചന്റെ കാരുണ്യംകൊണ്ട് രാമശ്ശാർക്ക് ഒരു 'കിടപ്പാടമുണ്ടായി. പരിഷ്കാരം തീണ്ടിയിട്ടില്ലാത്ത ഒരോലക്കുടിൽ എങ്കിലും അവിടെ ഒരു കാന്തിവിശേഷം കുതിരിട്ടുനിന്നു.

രാമശ്ശാർ അശ്രദ്ധാനശീലനാണ്. ഒരു സമയവും വെറുതെയിരിക്കുന്നതിഷ്ടമല്ല. പാടത്തുതന്നെപ്പണിക്കോ അല്ലെങ്കിൽ വള്ളമുന്നാന്നോപോകും. കണക്കുപറഞ്ഞ കൂലിവാങ്ങുന്നതയാൾക്കിഷ്ടമല്ല. കൊടുക്കുന്നതു വാങ്ങും. കണക്കുപറയുന്നതൊരു പോരായ്മയല്ലേ? വയറുപട്ടിണിയുള്ള ആഹാരം കിട്ടിയാൽ എന്തുപണിയും അതെത്ര ക്ലേശകരമായിരുന്നാൽപോലും ചെയ്തീർക്കാൻ അയാൾക്കൊരു പ്രത്യേക ഉത്സാഹമുണ്ട്. മിക്കവാറും ദിവസങ്ങളിൽ പാക്കോച്ചന്റെ പാടങ്ങളിലും പാടത്തുതന്നെയുള്ള പണിയുണ്ടാവും.

അന്ന് നേരം വെള്ളവീശിയതുമുതൽ മൂവന്തി കറുക്കുന്നതുവരെ വിശ്രമമില്ലാതെ അശ്രദ്ധനിച്ച് വിയർത്ത ശരീരവുമായി അയാൾ മടങ്ങിയെത്തിയപ്പോൾ കാളിയമ്മ അത്താഴം ശരിപ്പെടുത്തുകയായിരുന്നു.

"ഇന്നെന്നാ ഇത്രേം താമസിച്ചത്" കാളിയമ്മ ചോദിച്ചു.

"ഇന്നു പാക്കോച്ചന്റെ പാടത്തായിരുന്നു പണി"

"കൊറച്ചുനേരത്തേ വേല കേറിയതെന്താ?"

"പോരെ തിന്നാലെത്രന്റെ കൂടെകാണിക്കേണ്ടേ. അങ്ങേരു നന്നായ്ക്കെടന്നാ നമുക്കു കൊള്ളാം."

"അങ്ങേരു നന്നായിക്കിടന്നാലങ്ങേരുടെ കെട്ടിയോൾക്കും മക്കൾക്കും കൊള്ളാം"

"പോട്ടീ. നെനക്കറിയാമ്മേല രാമച്ചോകേം നെന്നു പറഞ്ഞാ പാക്കോച്ചനു ജീവനാ"

"കാരുലാപമെള്ളുകൊണ്ടാ."

"എന്നാ കാരുലാപം"

"വേലയെടുക്കണ്ടെന്ന്."

"ചുമ്മാതാണോ. വേലയെടുക്കണ്ടെന്ന്."

"എന്നിട്ടിപ്പം എന്നാ കയ്യിലൊണ്ട്. നാളേക്കാലത്തു ജീവിക്കണ്ടേങ്കിലേ ഇങ്ങനെ ശരീരംനോക്കാതെ വേലയെടുക്കരുത്"

"കാളിയമ്മേ"

"ഒറ....."

"പാക്കോച്ചൻ നല്ലവനാ നമ്മളേക്കാലത്തു കുറച്ചുവരുമ്പം അങ്ങേരു നമ്മളെ സഹായിക്കും അതുകൊണ്ടാ ഞാനിങ്ങനെ പുത്തിമുട്ടണത്."

പാക്കോച്ചൻ ഒരു നല്ല മനുഷ്യനാണെന്നു കാളിയമ്മയ്ക്കും തോന്നാഞ്ഞിട്ടല്ല. എങ്കിലും ഭർത്താവിന്റെ വിയർത്തുലിച്ച ശരീരം കാണുമ്പോൾ അവളുടെ കരൾ വേദനിക്കും അവളുടെ ജീവിതത്തിന്റെ തണ്ടും തണലുമായിട്ടയാൾ മാത്രമേയുള്ളൂ.

അത്താഴം കഴിച്ചിട്ട് അവരിരുവരും കിടന്നാൽ കാളിയമ്മ വിളക്കണച്ച കുടിലിൽ ഇരുട്ടായി പുറത്തു നിലാവിൽ കുളിച്ചുനിന്ന പ്രകൃതി അവരെ ആകർഷിച്ചില്ല കായൽപ്പരപ്പിൽ വെള്ളിപ്പടവുകൾ നിർമ്മിച്ചുകൊണ്ട് പൂർണ്ണചന്ദ്രൻ ഉദിക്കുന്നതും അസ്തമിക്കുന്നതും അവർ കണ്ടിട്ടുണ്ട്.

"കാളിയമ്മേ."

"ഒറ...."

"നീയ്ങ്ങോട്ടടുത്തുകെടക്ക്...."

ഭർത്താവിന്റെ ശരീരത്തിൽ ഭാര്യയുടെ ചൂടുള്ള ശരീരം സ്പർശിച്ച അയാളുടെ തഴമ്പിച്ച കൈപ്പടം അവളുടെ മുടിക്കെട്ടിൽ മതുപ്പിടിച്ചപ്പോൾ അവളാകെ കോരിത്തരിച്ചുപോയി. സ്നേഹത്തിന്റെ ലോലലോലമായ വികാരങ്ങൾ ഒരൊറ ബിന്ദുവിലേയ്ക്കു അലിഞ്ഞുചേരുന്ന അനർഘനിമിഷം. അവരുടെ വികാരങ്ങൾക്കു ഭാഷയില്ല പൂന്തോവിലെ 'റോമൻസ്' അവക്കു ജ്ഞാതമാണ് എങ്കിലും സ്നേഹത്തിന്റെ മൈതനും ആനന്ദത്തിലിപ്പുകളിൽപ്രതിധ്വനിച്ചിരുന്നു

ഒരു ദിവസം തുമ്പായും തോളിൽ വച്ചുകൊണ്ട് രാമശ്ശാർ പുറത്തേക്കിറങ്ങിയപ്പോൾ കാളിയമ്മയുണ്ട് വാതുക്കലിരുന്നു ചർദ്ദിക്കുന്നു.

"പെണ്ണേ നെനക്കെന്താ."

ക്കിന്ന് എന്നും പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്ന ഇവ കൊച്ചു കലാകാരന്മാരെല്ലാം ഒത്തുകൂടി ആണ്ടിലൊരിക്കൽ പ്രകടനങ്ങൾ നടത്താറുണ്ട്. വിശ്രുതരായ പല കലാകാരന്മാരും ശാസ്ത്രജ്ഞന്മാരും ഇവർക്കു നേതൃത്വവും പ്രോത്സാഹനവും നൽകിവരുന്നുണ്ട്.

കുട്ടികൾക്കായുള്ള സാഹിത്യശില്പങ്ങൾ കോടിക്കണക്കിനാണ് റഷ്യയിൽ ചിലവാകുന്നത്. പുസ്തകങ്ങൾ, മാസികകൾ, ആഴ്ചപ്പതിപ്പുകൾ, പ്രതിദിനപത്രങ്ങൾ എന്നിവ ഇക്കൂട്ടത്തിൽപ്പെടുന്നു. 1946-ൽ 49 കോടിയിലധികം കുട്ടികൾക്കായുള്ള (കുട്ടികൾക്കായുള്ള) ജനപ്രീതിപുസ്തകങ്ങളാണ് റഷ്യയിൽവിറ്റഴിച്ചത്. മൊത്തം 17,80,00000 പ്രതികൾ വിറ്റിട്ടുണ്ട് എന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്.

കുട്ടികൾ അവരുടെ അവധിക്കാലം പ്രയോജനപ്പെടുത്തുന്നതിനു വേണ്ട സജ്ജീകരണങ്ങൾ ശരിപ്പെടുത്തുന്ന ജോലിയിൽ ഗവൺമെൻറും ട്രെയിഡ് യൂണിയനുകളും ഇപ്പോൾ വ്യാപൃതരായിരിക്കുകയാണ്.

കുട്ടികൾക്കു വിനോദത്തിനായി ആണ്ടുതോറും കുന്നുകൾ പുറപ്പെടുന്ന പതിവുണ്ട്. ഈ കുന്നുകൾ, സാധാരണയായി, പ്രകൃതിസൗന്ദര്യത്തിന്റെ ഉറവകളായ തടാകതടങ്ങളിലും, പുഴവക്കത്തും, സമുദ്രതീരങ്ങളിലും, വനവിഭാഗങ്ങളിലും ആണ് സ്ഥാപിക്കാറ്. കഴിഞ്ഞ വേനൽക്കാലത്ത് ഇങ്ങനെയുള്ള കുന്നുകളിൽ 50 ലക്ഷം കുട്ടികളിൽ കുറയാതെ താമസിച്ചിട്ടുണ്ട്. വേനലവധിക്കാലത്ത് വിനോദയാത്രകൾ നടത്തി ഈ കൊച്ചുമിടുക്കന്മാർ, ആരോഗ്യവും, ഉത്സാഹവും, വിജ്ഞാനവും വർദ്ധിപ്പിക്കുന്നു.

അമ്മമാരുടേയും കുഞ്ഞുങ്ങളുടേയും കാര്യത്തിൽ സോവിയറ്റ് ഗവൺമെൻറ് എത്ര ശ്രദ്ധിക്കുന്നു എന്നും നോക്കുക..

---

* സോവിയറ്റ്

"ഇനിക്കൊന്നുല്ല" കാക്കാനിക്കുന്നതിനിടയിൽ അവൾ പറഞ്ഞു.

"കപ്പ തിന്നതു വയറിപ്പിടിക്കാഞ്ഞിട്ടാ."

"ആ ഇനിക്കറിയാമ്മേല."

അയാൾ പാടത്തേക്കു പോയി പിന്നെ പല ദിവസവും കാളിയമ്മ അങ്ങനെ കാക്കാനിക്കുന്നതൊരു പതിവായി. "പെണ്ണേ മരുന്നുവല്ലോം മേടിക്കണോ" വേണ്ടെന്നവൾ മറുപടി പറയും. അവളുടെ ക്ഷീണം അടിക്കടി വർദ്ധിച്ചു വന്നു വലിയ തളർച്ച. മൂന്നാലുമാസം കഴിഞ്ഞപ്പോൾ ആ തളർച്ചയുടെ പൊരുൾ മനസ്സിലായി. അവളുടെ വയറ്റിൽ ഒരു പുതിയ ജീവൻ നാമ്പെടുക്കുകയാണ്. അതറിഞ്ഞപ്പോൾ രാമശ്ശാർക്കുണ്ടായ ആനന്ദം അതിരറ്റതായിരുന്നു. കാളിയമ്മയുടെ കണ്ണുകളിൽ ഒരു പുതിയ പ്രകാശം പാറിക്കളിച്ചു.

* * *

കൊയ്ത്തു കഴിഞ്ഞയവസരമാണ്. രാമശ്ശാർക്കു പിടിപ്പതു ജോലിയുണ്ട്. കളത്തിൽനിന്നു മാറാൻ നേരമില്ല. നെല്ല മുഴുവൻ ചാക്കോച്ചന്റെ പത്തായപ്പുരയിലെത്തിച്ചശേഷമേ അയാൾക്കൊന്നു മൂരി നിവർക്കാനൊള്ളു. അപ്പോഴാണ് ഒരു മൂവന്തിനേരത്തു് അയാളുടെ അയലത്തെ ശങ്കരന്റെ അമ്മ ഓടിക്കിതച്ചു് അവിടെ എത്തിയതു്.

"എന്താ മാമ്മേ വിശേഷം?" രാമശ്ശാർ തെല്ലു പരിഭ്രമത്തോടെ ചോദിച്ചു.

"കാളിയമ്മയ്ക്കു നോവുകെട്ടി നിയ്ക്കുന്നു."

പേറുനോവു്! രാമശ്ശാരുടെ ഉള്ളിൽ ഒരാളൽ. അയാൾ ജന്മിയുടെ അടുത്തു ചെന്നു.

"എന്താ രാമച്ചോകോനേ." ചാക്കോമാപ്പിള ചോദിച്ചു.

"ഇനിക്കു വീട്ടിവരെ ഒന്നു പോകണം."

"അയ്യോ, രാമച്ചോകോൻ പോയാലെങ്ങനാ ഇതൊന്നു പത്തായത്തിലാക്കാതെ."

"അത്യാവശ്യമാ"

"എന്നാ ഇത്ര അത്യാവശ്യം"

"പെണ്ണുംപുള്ളയ്ക്കു പേറുനോവാ"

"അതിനെ?"

"വീട്ടിവരെ ഒന്നുപോണം."

"നോവുകെട്ടിയെങ്കി പെറോളം."

"അപ്പാ. പോകാതെ പാടുകേല"

"എന്നാലൊരുകാര്യംചെയ്യ്. പോയേച്ചു വേഗം വാ."

രാമശ്ശാർ ധൃതിയിട്ടു വീട്ടിലേക്കു നടന്നു. തലയ്ക്കുള്ളിലുള്ള കനത്ത ചിന്ത കാലുകൾ മുമ്പോട്ടനീങ്ങുന്നില്ല. അയാൾ ബദ്ധപ്പെട്ടു കുടിലിന്റെ വാതുക്കലെത്തി. അയലത്തെ അഞ്ചാറു പെണ്ണുങ്ങൾ അവിടെ നിൽപുണ്ട്. വാതിൽ ചാരിയിരുന്നു. "അയ്യോ.....എൻറമ്മോ.....ശ് ശ് യ്യോ....." അകത്തു നിന്നും കാളിയമ്മയുടെ നിലവിളി പുറത്തേക്കിഴഞ്ഞുവന്നു.

അയാളുടെ തരിച്ചുനിന്നതായതോടെ അടുത്തുള്ള സ്ത്രീകൾ ഓടിക്കൂടാൻ തുടങ്ങി. അവരിൽ ചിലർ അകത്തേക്കു കടന്നു. അവർ പുറത്തേക്കു വന്നു

പണിക്കരേ ഈ കടലിൽ അങ്ങനെ കുനിച്ചിട്ടിരിക്കുന്നത് അലയിളകുന്ന കായലിലേക്കയാളൊന്നു നോക്കി ഒന്നു രണ്ടു പ്രാവശ്യം വള്ളങ്ങൾ ഓളങ്ങൾക്കിടയിൽ ഉലഞ്ഞുലഞ്ഞ് നീങ്ങുന്നുണ്ട്.

"രാമച്ചോകോനേ" മുറത്തുനിന്നാരോ വിളിച്ചു. അയാൾ പുറത്തേക്കിറങ്ങിയപ്പോൾ കൊച്ചു 'മുതലാളി'നുണ്ട് ഒരു സിഗ്രാറും പുകച്ചുകൊണ്ടവിടെ നിൽക്കുന്നു

"എടീ കാളിയമ്മേ ഒരു പായിങ്ങോട്ടെടുത്തേ"

"വേണ്ട ഞാനിവിടെ നിന്നുകൊള്ളാം. ഇരിക്കാൻ നേരമില്ല" പാപ്പച്ചൻ ഒട്ടൊരു ഘനഭാവത്തിൽ പറഞ്ഞു.

"പിന്നെ ഇങ്ങോട്ടെറങ്ങിയതെന്തിനാ"

"അതുവശുമായിട്ടൊന്നുക്കയ്യ് പോണം ആ തോമ്മാച്ചട്ടൻ കൊറെ സിമൻറ് തരാമെന്നു പറഞ്ഞിട്ടുണ്ട്."

രാമച്ചൻ കായലിലേയ്ക്കു നോക്കി ഓളങ്ങൾ അങ്ങനെ ചുരുണ്ടു ചുരുണ്ടു കരയ്ക്കു വന്നടിയുന്നു.

"കായലിക്കോളാണല്ലോ?"

"അതു സാരമില്ല"

"നാളത്തേയ്ക്കു മാറിയാലോ"

"അങ്ങനെ നീട്ടിവയ്ക്കാൻ മേല ഇന്നതന്നെ കളയയ്ക്കുമെന്നാ ഞാൻ പറഞ്ഞിരുന്നതു്."

രാമച്ചൻ പിന്നീടൊന്നും മിണ്ടിയില്ല അന്നേരം 'മുതലാളൻ' പറഞ്ഞിട്ടുള്ളതൊക്കെ അയാൾ അനുസരിച്ചിട്ടുള്ളവനാണ്.

അയാൾ തോട്ടിൽനിന്നു വള്ളം കെട്ടഴിച്ചു കൊണ്ടുവന്നു. മങ്ങിയ ദിനാന്തം അലകളിരമ്പുന്ന കായൽപ്പരപ്പ്. അതിനകമ്പടി സേവിക്കുന്ന കോടക്കാറും. വള്ളത്തിൻറെ തലയ്ക്കൽ കയറിയിരുന്നിട്ട് അയാൾ വിളിച്ചു "കാളിയമ്മേ....." കുടിലിനുള്ളിൽനിന്നു കാളിയമ്മ പുറത്തേക്കു വന്നു.

"ഞാൻ അക്കരയ്ക്കൊന്നു പോകേണ്ടി"

"എൻറെ ദൈവേ, കായലിലു വല്ലാത്ത കോളു വെളുപ്പിനേ പോകാം" കാളിയമ്മ നെഞ്ചത്തു കൈവച്ചു.

അതുവിശമാണെന്നു കൊച്ചു മൊതലാളൻ പറഞ്ഞു."

"എന്നാ അതുവിശാണേലും ഇന്നു പോകണ്ട"

"പേടിയില്ലെങ്കിൽ അങ്ങോട്ടറിയാം"

"അറിഞ്ഞാമലന്നാ."

"പിന്നെ ഇവിടെ പൊറുക്കണ്ട."

അതോർക്കാതെ ശരിയാണെന്നു കാളിയമ്മക്കും തോന്നി 'ഗോപാലനെന്തേ" രാമച്ചൻ മകനെ അന്വേഷിച്ചു.

"അവൻ പീടികേ പോയിരിക്കയാ" കാളിയമ്മയുടെ സ്വരം പതറിയിരുന്നു.

അലകളിരമ്പുന്ന കായൽപ്പരപ്പിലൂടെ ആ കൊച്ചുവള്ളം മുമ്പോട്ടുനീങ്ങി അതു കണ്ണിൽ നിന്നു മായുന്നതുവരെ കാളിയമ്മ നോക്കിനിന്നു.

കരയിൽനിന്നകന്നു പോകുംതോറും കാറ്റിൻറെ ശക്തികൂടിത്തുടങ്ങി. അലറുന്ന ഓളപ്പരത്തികളിലൂടെ ആടിയുലഞ്ഞ് ആ വള്ളം നീങ്ങുകയാണ്. രാമച്ചൻ കരയിലേക്കുനോക്കി, തെങ്ങിൻതോപ്പുകളുടെ ഇരുണ്ടരൂപം അങ്ങകലെ അവ്യക്തമായികാണാം. ചുറ്റുപാടും പരന്നുകിടക്കുന്ന അഗാധമായ കായൽ അയാളുടെ കൈകൾ കുഴഞ്ഞു. കാറ്റു പിന്നെയും ചീറിയടിച്ച വള്ളം ഓളത്തിൽ കിടന്നു ശക്തിയായിക്കുലുങ്ങി. പങ്കായം കയ്യിൽനിന്നു വഴുതിപ്പോയി, നുരഞ്ഞുപതയുന്ന ഓളപ്പരപ്പുകളിലൂടെ അതകന്നകന്നുപോയി. രാമച്ചൻ വള്ളത്തിൻറെ വില്ലിയിൽ മുറുക്കിപ്പിടിച്ചുകൊണ്ട് അലച്ചയരുന്ന തിരകളിലേക്കു മിഴിച്ചുനോക്കി

ഒരൊറ്റ നിമിഷം.....വള്ളം മറിഞ്ഞു

പിടയുന്ന പ്രാണൻറെ ഒന്നു രണ്ടു കരച്ചിലുകൾ ആ ഏകാന്തഭീകരതയിൽ വിലയം പ്രാപിച്ചു. പിന്നെ തിരമാലകളുടെ അലർച്ചമാത്രം

പിറ്റേന്നുനേരം വെളുത്തു. കായലിലെ കാറ്റടങ്ങിയിരുന്നു. ഏറ്റക്കുറച്ചിലുകളിൽ ചില പുത്തനായ ചിന്താഗതികൾ തലപൊക്കിത്തുടങ്ങിയിരുന്നു. 'മുതലാളൻറെ പടിക്കൽ അവരാരും മുട്ടുമടക്കാറില്ല. അവരുടെ കഴിവുകളിലവർക്കു വിശ്വാസമുണ്ട്. അവശതകളെക്കുറിച്ചു ബോധമുണ്ട്.

അങ്ങനെ ആദ്യമായിട്ടവർ ജന്മിയുടെ മുമ്പിൽ നിവർന്നുനിന്നു കൂലി ചോദിച്ച അതിൻറെ മുന്നണിയിൽ നിന്നിരുന്നതു ഗോപാലനായിരുന്നു "ഞങ്ങൾക്കു ജീവിക്കാനുള്ള കൂലികിട്ടണം" ഒരേ സ്വരത്തിൽ അവരാവശ്യപ്പെട്ട ഏറ്റവും ന്യായമായ ആ അവകാശത്തിനുമുമ്പിൽ ജന്മി തലകുനിച്ചുപോയി.

അന്നുമുതൽ പാപ്പച്ചൻ ഗോപാലൻറെ ശത്രുവായിത്തീർന്നു

* * * *

മങ്ങിയ നിലാവുള്ള ഒരു രാത്രി ഗോപാലൻ എവിടെയോ പോയിട്ട് വീട്ടിലേക്കു മടങ്ങുകയായിരുന്നു. അയൽവീടിൻറെ പടിഞ്ഞാറേ വശത്തെത്തിയപ്പോൾ അവിടെ വാഴക്കൂട്ടത്തിനിടയിൽ വല്ലാത്ത ഒരനക്കം. അയാൾ സൂക്ഷിച്ചു. ആരോ ഒരു പെണ്ണിനെ മാറോട്—ചേർത്ത് അമർത്തിപ്പിടിച്ചിരിക്കുന്നു അവൾ കുതറിരക്ഷപ്പെടാൻ ആവുന്നത്ര പരിശ്രമിക്കുന്നുണ്ട്.

വാഴയിലകൾ തിരശ്ശീലപിടിച്ച ആ ഇരുണ്ട പശ്ചാത്തലത്തിലൂടെ ഗോപാലൻ പതുക്കെ അങ്ങോട്ടു നടന്നു. "ഓ....ോ ..." കുണുങ്ങിപ്പൊളിയുന്ന രണ്ടടി ഒരാൾ ഇരുളിലേക്കോടി മറഞ്ഞു അതു പാപ്പച്ചനായിരുന്നു

ഗോപാലൻ ആ പെണ്ണിനെ സൂക്ഷിച്ചുനോക്കി. അയലത്തെ ശങ്കരൻറെ മകളാണ്. ജാനകി അവളുടെ വായ്ത്തരികിക്കയറിയിരുന്ന ഖർക്കർച്ചീഫ് അയാൾ പുറത്തേക്കെടുത്തു. അവളുടെ മാറിടം വല്ലാതെ പിടയ്ക്കുന്നുണ്ടായിരുന്നു

"മനുഷ്യത്വമില്ലാത്തദ്രോഹി" ഗോപാലൻ പല്ലിറുമ്മിക്കൊണ്ടു തനിയെ പറഞ്ഞു

"ഗോപാലൻചേട്ടനല്ലാഞ്ഞെങ്കിലയാളെന്നെ....." ജാനു ആ വാചകം പൂർത്തിയാക്കിയില്ല

"പിന്നെന്നാ പട്ടികളാണോ" അവൾ ചീറിവന്നു.

"അപ്പോൾപോലും നമ്മളും പോരയും മാംസവുമുള്ള മനുഷ്യർ തന്നെയാണ്. വിശപ്പും ദാഹവുമൊക്കെനമുക്കുണ്ട്, പക്ഷേ പട്ടികളേക്കാൾ കഷ്ടമാണമ്മേ ഈ നാട്ടിലെ പാവപ്പെട്ടവൻറെ നില"

അതൊക്കെ ദൈവനിശ്ചയമാകുത്തേ"

"ഇതൊന്നും ദൈവനിശ്ചയമല്ല, പണക്കാരൻറെ ലോകത്തിൽ പാവപ്പെട്ടവൻറെ അന്നവുമാണിതു് അച്ഛൻ എതുകലഹം കൂടുപെട്ടതാണമ്മേ, എന്നിട്ട് അച്ഛൻറെന്നെ പറയാൻ നമുക്കെന്തുണ്ട്....."

ഗോപാലൻറെ സംഭാഷണം അങ്ങനെ നീണ്ടുപോയി അവൻ പറഞ്ഞതൊക്കെത്തന്നെയും ശരിയാണെന്നു കാളിയമ്മയ്ക്കു മനസ്സിലായി

ആ നാട്ടുമ്പുറത്തെ കുഗ്രാമങ്ങളിലെ ചില കുടികളിൽ ചില പുത്തനായ ചിന്താഗതികളും തലപൊക്കിത്തുടങ്ങിയിരുന്നു. 'മുതലാളൻറെ പടിക്കൽ അവരാരും മുട്ടുമടക്കാറില്ല. അവരുടെ കഴിവുകളിലവർക്കു വിശ്വാസമുണ്ട്. അവശതകളെക്കുറിച്ചു ബോധമുണ്ട്.

അങ്ങനെ ആദ്യമായിട്ടവർ ജന്മിയുടെ മുമ്പിൽ നിവർന്നുനിന്നു കൂലി ചോദിച്ച അതിൻറെ മുന്നണിയിൽ നിന്നിരുന്നതു ഗോപാലനായിരുന്നു "ഞങ്ങൾക്കു ജീവിക്കാനുള്ള കൂലികിട്ടണം" ഒരേ സ്വരത്തിൽ അവരാവശ്യപ്പെട്ട ഏറ്റവും ന്യായമായ ആ അവകാശത്തിനുമുമ്പിൽ ജന്മി തലകുനിച്ചുപോയി.

അന്നുമുതൽ പാപ്പച്ചൻ ഗോപാലൻറെ ശത്രുവായിത്തീർന്നു

* * * *

മങ്ങിയ നിലാവുള്ള ഒരു രാത്രി ഗോപാലൻ എവിടെയോ പോയിട്ട് വീട്ടിലേക്കു മടങ്ങുകയായിരുന്നു. അയൽവീടിൻറെ പടിഞ്ഞാറേ വശത്തെത്തിയപ്പോൾ അവിടെ വാഴക്കൂട്ടത്തിനിടയിൽ വല്ലാത്ത ഒരനക്കം. അയാൾ സൂക്ഷിച്ചു. ആരോ ഒരു പെണ്ണിനെ മാറോട്—ചേർത്ത് അമർത്തിപ്പിടിച്ചിരിക്കുന്നു അവൾ കുതറിരക്ഷപ്പെടാൻ ആവുന്നത്ര പരിശ്രമിക്കുന്നുണ്ട്.


വാഴയിലകൾ തിരശ്ശീലപിടിച്ച ആ ഇരുണ്ട പശ്ചാത്തലത്തിലൂടെ ഗോപാലൻ പതുക്കെ അങ്ങോട്ടു നടന്നു. "ഓ....ോ ..." കുണുങ്ങിപ്പൊളിയുന്ന രണ്ടടി ഒരാൾ ഇരുളിലേക്കോടി മറഞ്ഞു അതു പാപ്പച്ചനായിരുന്നു

ഗോപാലൻ ആ പെണ്ണിനെ സൂക്ഷിച്ചുനോക്കി. അയലത്തെ ശങ്കരൻറെ മകളാണ്. ജാനകി അവളുടെ വായ്ത്തരികിക്കയറിയിരുന്ന ഖർക്കർച്ചീഫ് അയാൾ പുറത്തേക്കെടുത്തു. അവളുടെ മാറിടം വല്ലാതെ പിടയ്ക്കുന്നുണ്ടായിരുന്നു

"മനുഷ്യത്വമില്ലാത്തദ്രോഹി" ഗോപാലൻ പല്ലിറുമ്മിക്കൊണ്ടു തനിയെ പറഞ്ഞു

"ഗോപാലൻചേട്ടനല്ലാഞ്ഞെങ്കിലയാളെന്നെ....." ജാനു ആ വാചകം പൂർത്തിയാക്കിയില്ല

—കഥയിൽ



ഇത്ര ആഴ്ച ചേച്ചി വലിയ സന്തോഷത്തോടുകൂടിയാണ് എഴുന്നേറ്റത്. കഴിഞ്ഞയാഴ്ച ചേച്ചി ഒരു സ്വപ്നം കണ്ടു എന്തെന്നറിയണ്ടേ? പിന്നെ, ഒരു പ്രഭാതത്തിൽ കൗമുദിലീഗിലെ എല്ലാ അംഗങ്ങളും കൂടി ഒരു സ്ഥലത്തു കൂടി. എന്തൊരുത്സാഹമായിരുന്നു ചേച്ചിയ്ക്കെല്ലാവരെയും കാണാൻ സാധിച്ചു. ചിലരുമായി സംസാരിച്ച ചിലർ ചേച്ചിയെ കളിക്കാൻ ക്ഷണിച്ച അങ്ങനെ കളിച്ചും രസിച്ചും സമയം കൊഴിഞ്ഞു. ഒരു യോഗം കൂടാൻ തീരുമാനിച്ചു. അദ്ധ്യക്ഷൽ ഒരു മീട്ടുക്കനായിരുന്നു ചേച്ചി പ്രസംഗിക്കാമെന്നോ ചേച്ചി എന്തെല്ലാം പറഞ്ഞെന്നു ശരിയ്ക്കോർമ്മയില്ല. പക്ഷേ കൗമുദിലീഗിന്റെ ഒരു വിശേഷാൽപ്രതി അച്ചടിക്കാൻ പത്രാധിപരോട് അനുവാദം ചോദിക്കാമെന്നു ചേച്ചി പറഞ്ഞതായി ഓർമ്മിക്കുന്നു. പിന്നെ കൂട്ടുകാരെക്കുറിച്ചാത്ത ചിലരെ കാണാൻ സാധിച്ചു. അവർ അറിയാത്ത മട്ടിൽ ഇടക്കണ്ണിട്ടു നോക്കുകയാണ്. ചേച്ചിക്കു ചിരിവന്നു. പിന്നെ ചിലക്കു വലിയ പരാതി. ചേച്ചി മറുപടി അയയ്ക്കുന്നില്ലെന്ന്. കാരണമെന്ത് അവിടെ വച്ചതന്നെ മറുപടി കൊടുത്തു ചിലർക്കു ഇത്ര ആഴ്ച മറുപടി എഴുതാമെന്നു ഏറ്റിട്ടുണ്ട്. അങ്ങനെ ചേച്ചി നിങ്ങളുമായി സന്തോഷപ്രദമായി കഴിച്ചുകൂട്ടി. അയ്യോ! കഷ്ടം. അമ്മ ചോദിക്കുകയാണ് "ഉച്ചയായാലും എണീക്കാൻ വയ്യല്ലോടി" ചേച്ചി കണ്ണുതുറന്നുപോയി. കഷ്ടമെന്നു തോന്നി. പെട്ടെന്നൊരു സംശയം അടികൊണ്ടതു നിങ്ങളും കണ്ടോ എന്ന്. ഭാഗ്യമായി. അപ്പോഴാണ് കാമ്പവന്നതു നേരം വെളുത്തെന്ന്. ആരെങ്കിലും കണ്ടോ? ഒരു കാര്യം നിങ്ങളോടു പറയാൻ മറന്നുപോയി. പതിനഞ്ചുത്രൈമാസത്തിന്റെ ഉത്തരങ്ങൾ അയയ്ക്കേണ്ട അവസാനത്തീയതി ഡിസംബർ 15-ാംതീയതിയാണ്. പിന്നെ അംഗത്വകാർഡുകൾ ഡിസംബർ 1-ാംതീയതി അയയ്ക്കുന്നതായിരിക്കും പുതിയ കാർഡാണ്. പഴയതുപോലെല്ലാ കാത്തിരിക്കൂ. നമസ്തേ!

സ്നേഹം ചേച്ചി

ഉഷ.

പദപ്രശ്നത്തിന്റെയും ചോദ്യങ്ങളുടേയും ശരിയായ ഉത്തരങ്ങൾ അയച്ചവർ

1 എച്ച്. പദ്മനാഭയ്യർ, 1091 2. സി. എം. പാഠം, 930 3 രാമചന്ദ്രൻനായർ, 914 4. കെ സന്തോഷസഭാഗുസന്താനവല്ലി, 5, പി. ശാന്തകുമാരി, 916 6 കെ ഗോപാലകൃഷ്ണൻ, 1036 7. കെ. ശ്രീധരൻ, 357 8. പി. എസ്. ശേഖർ, കൊട്ടാരക്കര 9. കെ. രാമചന്ദ്രൻനായർ, 806. 10 ഏ. ആർ രാധാകൃഷ്ണൻ, 458. 11 ഹസ്സൻകുഞ്ഞ, പെരുമ്പാവൂർ, 12. സോഫിഇബ്രഹാം, 183. 13 കെ വിജയരാഘവൻ, 571. 14 എൻ പൊന്നപ്പൻനായർ, 820 15 കെ. വിജയമ്മ, 138. 16 വി. കെ. സോമകുമാർ, ആലുവാ, 17 സി. വി. സുനന്ദ പരവൂർ, 18. സി വി. ഭാമിനി, പരവൂർ, 19. എ എം സലീം, 572 20, ലൈല ബീവി 832. 21, ബാബുരാജൻ, 485 22. എ സൈമൺ, 96 23. കെ പി. പത്മശേഖരൻനായർ, 15 24. കെ വിദ്യാധരൻ, 833 25 പി. ജി കെ നായർ 148. (ചിലർ പേരു എഴുതിയിട്ടില്ല, നവ: 25-ാം തീയതിക്കുമുമ്പു വന്നിട്ടുള്ള ശരി ഉത്തരങ്ങളേ സ്വീകരിച്ചിട്ടുള്ളൂ. പുസ്തകങ്ങൾ താമസിയാതെതന്നെ അയയ്ക്കുന്നതാണ്. ചേച്ചിക്കു കൂടുതൽ ദിവസമായി വലിയ ജോലിത്തിരക്കായതുകൊണ്ടാണ് ഇത്ര താമസം)

ചേച്ചിയുടെ മറുപടി

എം. ഇ. സുബൈദാബീവി, തിരുവനന്തപുരം.

ഇതുവരെ ചേച്ചിയ്ക്കെഴുതാൻ സമയമുണ്ടായില്ലാതെ പോയല്ലോ? ചേ

"എന്തു ചെയ്യാം ജാനു പാവപ്പെട്ടവന്റെ കൂടിലിൽ പിറന്നാൽ ഇതാണനുഭവം"

"പാവങ്ങൾക്കും മാനമുണ്ടേട്ടാ"

"അവനെല്ലാം അതു മനസ്സിലാക്കാനുള്ള കാലം അടുത്തുപോയെന്നിയത്രേ"

"ഏതായാലും അയാളുടെ ചെവിക്കല്ലു തകർക്കണം." അവൾ പുഞ്ചിരി തൂകി

"വേലക്കാരന്റെ കുശുമ്പിച്ച കയ്യുടെ കരുത്തവനറിയട്ടെ" ഗോപാലനും ചിരിച്ചു

"ഹോ കഠിച്ചില്. ഇതാരും അറിയണ്ട. "അവൾ പറഞ്ഞു."

"വാസ്തവം." ഗോപാലൻ തിരിഞ്ഞു നടന്നു. ജാനു അവളുടെ വീട്ടിലേക്കും.

അടുത്തദിവസം വൈകുന്നേരം രണ്ടുപോലീസുകാർ ഗോപാലന്റെ കൂടിലിന്റെ വാതുക്കലെത്തി, കയറുപിരിച്ചുകൊണ്ടിരുന്ന കാളിയമ്മ കാര്യം മനസ്സിലാകാതെ അമ്പരന്നുപോയി.

"ആരാന്റെ മകനുണ്ടോടി ഇവിടെ"

"അകത്താണ്." കാളിയമ്മയ്ക്കു നാക്കു കുഴയുന്നതുപോലെ തോന്നി.

"അവനൊന്നെ പൊറത്തേക്കെഴുന്നള്ളാൻ പറ."

ഗോപാലൻ പുറത്തേക്കു വന്നു.

"ഗോപാലനെന്ന പറയുന്ന പോക്രി നീയാണോടാ."

"അതെ"

"നിനക്ക് അറസ്റ്റ് വാറണ്ടുണ്ട്."

"എന്റെ പേരിലുള്ള കുറ്റമെന്താണ്."

"നീ വല്യ കമ്മ്യൂണിസ്റ്റുകാരനാണല്ലോടാ"

"വേലയെടുക്കുന്നതിനു കൂലിയാവശ്യപ്പെടുന്നതും, മനുഷ്യത്വം അവമാനിക്കപ്പെടുമ്പോൾ പോരും ചെയ്യുന്നതും കുറ്റമാണെങ്കിൽ...." ഗോപാലൻ ആ വാചകം മുഴുമിപ്പിക്കുന്നതിനുമുമ്പ് പോലീസുകാരിലൊരാൾ അവന്റെ മുഖമടച്ച് കരടു; അവന്റെ മൂക്കിൽനിന്നു ചോരയൊലിച്ചു

"പൊന്നുമോനേ; എന്റെ മകനെ തല്ലല്ലേ." കാളിയമ്മ വാവിട്ടു കരഞ്ഞുകൊണ്ടപേക്ഷിച്ചു

"ഹും.....മോളേ; മീണ്ടുപ്പോകരുത് .....ചവുട്ടിക്കലക്കും." മകന്റെ മുമ്പിൽവച്ച് അമ്മയെ ചീത്ത വിളിക്കുക. ആ മകൻ അതു കേട്ടു നിൽക്കുക. എത്ര വലിയൊരു ഗതികേടാണത്. ഗോപാലന്റെ കൈകൾ പുറകിൽവച്ചു ബന്ധിക്കപ്പെട്ടു. പോലീസുകാർ അവന്റെ മുതുകിൽ ആഞ്ഞാഞ്ഞിടിച്ചു. അതു നോക്കി ആ പെറ്റതള്ളയിപ്പിന്നെയും പൊട്ടിക്കരഞ്ഞു.

പോലീസുകാർ ഗോപാലനേയും കൊണ്ടു പോയി.

* * * *

ദുഃഖമുകമായ ദിനയാത്രയുമായി തള്ളിനീക്കിക്കൊണ്ട് ഇന്നും ആ അമ്മ അവിടെത്തന്നെ ജീവിക്കുന്നു. ജയിലിൽ കിടക്കുന്ന മകന്റെ തിരിച്ചുവരവും കാത്തു്.

ച്ചി എല്ലാം ആഴ്ചയും സുബൈദായുടെ എഴുത്തു ഉണ്ടോ എന്നു നോക്കുമായിരുന്നു. വേച്ചിയുടെ ക്ഷമയ്ക്കും കരതിരില്ലേ? കവിത പ്രസിദ്ധീകരിക്കാം.

കെ ഇന്ദിരക്കുട്ടി, ചങ്ങനാശേരി. തങ്കമണിക്ക് കാർഡ് കിട്ടിയില്ലേ. നമ്പർ എത്രയാണ്. ഇനിയും കിട്ടിയിട്ടില്ലെങ്കിൽ വേച്ചിയ്ക്കെഴുതാൻ പറയണം. മുഖംനോക്കി എഴുതുന്ന വിധം ഇന്ദിര കുന്നപറഞ്ഞതുമോ? ലളിതയേയും സുശീലയേയും ശാന്തമ്മയേയും ചോദിച്ചതായി പറയണം. എഴുത്തെഴുതിയപ്പോൾ തങ്കമണി അടുത്തുണ്ടായിരുന്നോ?

ബി. ഗോപിനാഥനാശാൻ, കടയ്ക്കൽ. കുമുദിലീഗ് മാസിക തുടങ്ങിയാൽ ഗോപി വാങ്ങുമോ? ഏതുകൂട്ടുകാരാണ് പറഞ്ഞതു് എഴുതാൻ വയ്യാഎന്നു്. അവക്ക് കൈയ്യിൽ വല്ലസുഖക്കേടുമാണോ?

പി. മാധവൻ, ചേന്ദമംഗലം. മാധവനെ വേച്ചിമറക്കുമോ? ഹരിഹരൻറെ മേൽവിലാസം ഇതാണ്. കെ ആർ, ഹരിഹരൻ, സിംഗാരം സ്ട്രീറ്റ കുമരൻ തിരുവനന്തപുരം. നാണം കെട്ട് എഴുതുന്ന എഴുത്തിനു് മറുപടി എഴുതിയെന്നേയുള്ളൂ. കാർഡ് വേഗം അയയ്ക്കൂ

ആർ. ശാന്തകുമാരി, തിരുവനന്തപുരം. വേച്ചിയ്ക്കിതിനുമുമ്പു് എഴുതിയിട്ടുണ്ടോ? ആലുവാ എന്നാണ് ആദ്യം എഴുതിയതു്. സ്കൂൾ അടുത്തതാണോ? മണ്ണെൽ ശ്വാസിക്കുസുഖമാണോ? കൂട്ടുകാരിയുടെ മേൽവിലാസം ഇതാണ്. എ രാധാദേവി, വലിയകുന്നുവീട്, അരുത്രപറമ്പു്, നെടുമങ്ങാട്.

എൻ. വാസുദേവൻ, ചിക്കോടി എഴുത്തെഴുതാൻ താമസിച്ചതിൽ സങ്കടമുണ്ട്. പരീക്ഷ കുഴപ്പമായിരുന്നോ? ഈ കൂട്ടുകാരനെഴുതു. വി അപ്പുക്കുട്ടൻനായർ റ്റാറാണി മേലേ പുത്തൻവീട്, പാച്ചല്ലൂർ, വെങ്ങാനൂർ.

വി എസ്. കൃഷ്ണകുമാരി, ചേട്ട. എന്തു എഴുത്തെഴുതി? ഇതുവരെ മറുപടി തന്നില്ലേ? വിജയത്തിനെ ചോദിച്ചതായി പറയണം. ഇതായിരുന്നു കൂട്ടുകാരി, പി സരസ്സമ്മ, പേരൂർ ബംഗ്ലാവു് പാല.

കെ. പി. തമ്പി, തിരുവനന്തപുരം. വേച്ചി മറന്നിരിക്കുമെന്നു വിചാരിക്കുന്നതല്ലേ? വാസ്തവത്തിൽ മറന്നിട്ടില്ല. നാലു എഴുത്തിനു എട്ടു ചക്രമായോ? ഏഴു ചക്രത്തിനു നാലു സ്റ്റാമ്പു വേണോ? വേച്ചി അവസാനം കണ്ട സിനിമാ "ഖിലാഡി" ആണ്. ഈ മേൽവിലാസത്തിൽ എഴുതു ബണ്ണാട്ട റ്റൈസോയോ ആനയടി ബംഗ്ലാവു്, വെന്നിക്കോട്.

സരോജിനിമുക്കു്, പെരുമ്പാവൂർ. കുമുദിലീഗിലെ ഒരംഗമാണ് സരോജിനിയെന്നു വേച്ചിക്കറിഞ്ഞകൂടേ റ്റൈനിസണ് ഏതു കൂട്ടുകാരനോടാണ് വേണ്ടതെന്നറിയിക്കാൻ പറയണം. ഈ കൂട്ടുകാരിയുടെ എഴുത്തുണ്ടോ. എ. സരോജിനിഅമ്മ, പുന്നവിളാകത്തുവീട്, പാലോട്, പച്ച റ്റൈനിസണ് അടുത്തയാഴ്ച തീർച്ച.

പി ശ്രീധരൻനായർ, പെരുമ്പാവൂർ. ഈ അധികം എഴുതാൻ എങ്ങനെ സാധിച്ചു. എല്ലാം സമ്മതിച്ചു. വേച്ചിയുടെ ഹൃദയം കരിങ്കല്ലാണെന്നുള്ളതിനോടു യോജിക്കുന്നില്ല. തിരുവനന്തപുരത്തു നിന്നാണ് ഈ കൂട്ടുകാരൻ എന്നു തോന്നുന്നു. പി. എൻ വിജയൻ, ഗ്രന്ഥക്കാരം ശ്രീകണ്ഠേശ്വരം, തിരുവനന്തപുരം കഥ പ്രസിദ്ധീകരിക്കാം.

കെ. ആർ. നളിനി, ഇരുത്തിപ്പുറം. ഉത്തരങ്ങൾ ശരിയായതുണ്ടോ? ഇതല്ലേ ആവശ്യപ്പെട്ട കൂട്ടുകാരി കെ. ശാന്തകുമാരി, കിഴക്കെപുതുവൽ, പ്രാക്കുളം, പെരിനാട് കൊല്ലം

സി. കെ. രവീന്ദ്രൻ, പെരുമ്പാവൂർ. കൊച്ചനുജത്തിയുടെ ഫോട്ടോ പ്രസിദ്ധീകരിക്കുന്നുണ്ട്. വേച്ചിയുടെ കുടുംബത്തിൽനിന്നും ഒരു കൂട്ടുകാരനെ തരാം എൻ സദാനന്ദൻ, കഴിവിള, ചെങ്കോട്ടകോണം, പെമ്പഴന്തി പള്ളർ, തിരുവനന്തപുരം

ആർ വിമലാദേവി, തഴത്തല. സുഗന്ധിയുടെ മേൽവിലാസം അറിഞ്ഞകൂടേ. ആർ. സുഗന്ധി. കിഴക്കേവിള, പുത്തൻചന്ത, വക്കല പുതിയമേൽവിലാസം റിക്കാർഡിൽ മാറ്റി എഴുതിയിട്ടുണ്ട്.

N. B. ലീഗ് കാർഡ് ഇതുവരെയും അച്ചടിച്ചു കിട്ടാത്തതുകൊണ്ടാണ് ഈ ആഴ്ചയും അംഗങ്ങളുടെ പേരു പ്രസിദ്ധീകരിക്കുന്നില്ല. ഒരു മാസത്തിനുമുമ്പു് അയച്ചിട്ടുള്ളവർക്കു ഇതുവരെ അംഗത്വം നൽകിയിട്ടില്ല. ക്ഷമിക്കൂ. അടുത്ത ആഴ്ച നിങ്ങളുടെ പേരു തീർച്ചയായും പ്രസിദ്ധീകരിക്കുന്നതാണ്.

ഗോപാലന്റെ പ്രണയം

(കെ. ഐഷ
പേട്ട, തിരുവനന്തപുരം നമ്പർ 23)

"എല്ലാവരും കല്യാണം കഴിക്കുന്നു. പിന്നെ എനിക്കു കല്യാണം കഴിച്ചുകൂടെ?" ഗോപാലൻ അമ്മയോടു പറഞ്ഞു.

അമ്മ കോപത്തോടുകൂടി പറഞ്ഞു "കുന്നകിൽ നീ അടങ്ങിമിണ്ടാതിരുന്നു ഇവിടെ നില്ക്കണം. അല്ലെങ്കിൽ പെണ്ണിനേയും കെട്ടിയെടുത്തു് വല്ലടത്തും പൊയ്ക്കോളണം."

10 വർഷമായി അവൻ ആ വീട്ടിൽ ജോലിചെയ്യാൻ തുടങ്ങിയിട്ടു്. എന്നാൽ ഇതുവരെ അവനു് ഇങ്ങനെ ഒരു പ്രണയം ഉണ്ടായിട്ടില്ല.

കറുത്ത നിറവും, വണ്ണിച്ച ശരീരവും, സല്പ, പരന്ന മൂക്കും വലിയ കണ്ണുംആണ് പെണ്ണിനു് ഉള്ളതു്. എന്നാൽ അവനു് ആ പെണ്ണിനെ ഒരു സുന്ദരദേവതയായി തോന്നിയിരിക്കണം. അതുകൊണ്ടു് അവനു് ആ പെണ്ണിനെ കല്യാണം കഴിക്കണം എന്നാൽ അവനു് വീട്ടിൽനിന്നും പോകാനും മനസ്സില്ല. അവസാനം വല്ലവിധവും പെണ്ണുമതി എന്നു തീർച്ചപ്പെടുത്തി.


ഈ വിവരങ്ങളൊന്നും ഗൃഹനാഥൻ ശരിയായി അറിഞ്ഞിരുന്നില്ല. ഒരു ദിവസം അദ്ദേഹവും കുറച്ചു സ്നേഹിതന്മാരും കൂടി പല വിനോദങ്ങളും പറഞ്ഞു രസിക്കയായിരുന്നു. പെട്ടെന്നു് അദ്ദേഹത്തിനു് ഇവൻറെ കാര്യം ഓർമ്മവന്നു. ഉടൻ അദ്ദേഹം അവനെ വിളിച്ചു ചോദിച്ചു; "ഈ പറയുന്നതെല്ലാം ശരിയാണോ ഗോപാലാ?"

അവൻ പുഞ്ചിരിച്ചുകൊണ്ടു പറഞ്ഞു "ക.....പക്ഷേ..... ആ പക്ഷേ അവനു് പൂർത്തിയാക്കാൻ സാധിച്ചില്ല.

ഗൃഹനാഥൻ കണ്ണു് ഉരുട്ടിക്കൊണ്ടു് ഇപ്രകാരം പറഞ്ഞു. "എടാ, കുന്നകിൽ സത്യം പറയണം അല്ലെങ്കിൽ മൂലുകൊണ്ടു നല്ല തല്ലു തരും." അവനു് അപ്പോഴും ചിരിതന്നെ. അവൻറെ ചിരികണ്ടു് കൃഷ്ണനായ ഗൃഹനാഥൻപോലും ചിരിച്ചുപോയി. അദ്ദേഹം ചോദിച്ചു. "എടാ.....അങ്ങതിലെ സ്ത്രീ അല്ലയോ നിനക്കു് കല്യാണം നടത്തിച്ചതു്?"

അവൻ ചിരിച്ചുകൊണ്ടു പറഞ്ഞു" അല്ല.....മലക്കറിക്കാരിയാ.....അവരു പറഞ്ഞു എന്നിട്ടു് അവളോടു് പ്രണയമഭ്യർത്ഥിക്കുന്നു്....." അവൻ പറഞ്ഞു് അവസാനിക്കുമുമ്പു അവർ എല്ലാവരും കൂടി ഒരു കൂട്ടച്ചിരി!! അവൻ ലജ്ജ സഹിക്കാൻവയ്യാതെ സ്ഥലംവിട്ടു.

* * * *



മരിച്ച നഗരം

(പട്ടത്തുവിള കരുണാകരൻ, ന്യൂയാർക്ക്)

[അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ ഭടന്മാർ 'ഷിമോചിപ്പിച്ച' സഥാനം നഗരത്തിലെ നഗ്നമായ യാഥാർത്ഥ്യങ്ങളെ ചിത്രീകരിക്കുന്ന ഒരു കഥയാണിതു്, സമരരംഗത്തുനിന്നും അമേരിക്കയിൽ ലഭിക്കുന്ന വിവരങ്ങളുടെ വരികൾക്കിടയിൽകൂടി ഗ്രഹിക്കുവാൻ സാധിച്ചിട്ടുള്ളവിവരങ്ങളെ അടിസ്ഥാനമാക്കിയാണു ഈ കഥ രചിക്കപ്പെട്ടിരിക്കുന്നതു്. കു. പ.]

സോഹംനഗരം കിരാതരായ ശത്രുക്കളിൽ നിന്നും 'മോചിപ്പിച്ചു്' മക്കാർതർ സിഗ്മാൻ റീക്ക മടക്കി നൽകി. അദ്ദേഹം ഭരണം തുടർന്നു. മുനിസിപ്പൽ മന്ദിരത്തിൽവച്ചു നടന്ന 'സ്വാതന്ത്ര്യ'സന്ദേശനത്തിൽവച്ചു് സമീപത്തിരുന്ന മക്കാർതറെ നന്ദിയോടെ നോക്കിക്കൊണ്ടു്, സിഗ്മൻ റീ പ്രസ്താവിച്ചു. "……നമ്മുടെ ഏറെയും നിറഞ്ഞ കൃതജ്ഞത അമേരിക്കൻ ജനതയെ അറിയിക്കുന്നു. ആ പ്രബലശക്തിയുടെ കരുത്തേറിയ പിൻതുണയില്ലായിരുന്നു എങ്കിൽ നമുക്കു് ഇന്നിതു കൈവരുമായിരുന്നില്ല. കാരുണികനായ ദേവൻ അവരെ അനുഗ്രഹിക്കട്ടെ!" അവരെല്ലാം—അവിടെ നിറഞ്ഞിരുന്ന രാജ്യസ്നേഹികളെല്ലാം—ഒന്നടങ്കം എഴുന്നേറ്റുനിന്നു കൈയടിച്ചു ശരിവച്ചു. ഒരു നന്ദിപ്രകടനത്തിൽ പുളകിതനായ പട്ടാളനേതാവു് പുഞ്ചിരിതൂകി.

നാനാഭാഗത്തുനിന്നും നിരത്തുകളിൽ വന്നു് നഗരത്തിൽ ചേരുന്നു. എങ്ങുംകൂടെ ഇഴയുന്നു മാതിരി, ഈ നിരത്തുകളിൽകൂടി മനുഷ്യർ കൂട്ടമായി നടന്നു നഗരത്തിലേക്കു വരുന്നുണ്ടു്. അവരുടെ മുട്ടിനുമുകളിവരെ ചെളിയും പൊടിയും പൊതിഞ്ഞിരിക്കുകയാണു്. തുണിഭാണ്ഡങ്ങൾ പണിപ്പെട്ടു വഹിച്ചുകൊണ്ടു്, വിശപ്പിൽ, ക്ഷീണത്തിൽ ബലഹീനതയോടു തമ്മിൽ തങ്ങി, അവർ ഏറെനാളുകളെപ്പോലെ നിരയായി നഗരത്തിലേക്കു നീങ്ങുന്ന മലകളിലും കുറിക്കാടുകളിലും, നാട്ടിൻപുറങ്ങളിലും സമരനേരത്തു അഭയംതേടിയ അവർ സുരക്ഷിതം വിശ്വസിച്ച മടങ്ങിവരുകയാണു്—'മോചിപ്പിക്ക'പ്പെട്ട നഗരത്തിലേക്കു്!

അതൊരു നഗരത്തിന്റെ പ്രേതമാണു്. മൂകതയെ ഭേദിച്ചുകൊണ്ടുള്ള ഒരു സൈനികവാഹനങ്ങളുടെ ഇരമ്പൽ തുടർച്ചയായികേട്ടുകൊണ്ടിരിക്കും. ചിലപ്പോൾ വേദനയോടുള്ള ഒരു സ്ത്രീയുടെ രോദനം ഉയർന്നുകേൾക്കുന്നുവരും അല്ലെങ്കിൽ ഒരു ശിശുവിന്റെ പൊട്ടിക്കരച്ചിൽ,

അതൊരു മരിച്ച നഗരമാണു്.

അവിടെ യുവാക്കളില്ല—പട്ടാളച്ചട്ടയിട്ടവരൊഴിച്ചാൽ. വിരാരം വാരിയെല്ലുകൾ കുനിപ്പിടിച്ചു നടക്കുന്നതുകാണാം. ചിലപ്പോൾ അവർ ചെട്ടെന്നു നിന്നു്, പ്രയാസപ്പെട്ടു നിവർന്നു്, അന്യനെ ഉളുച്ചുനോക്കും, കുറച്ചപ്പെട്ടുന്നതുപോലെ. ആ നീക്കത്തിനോട്ടം നേരിടാതാകയില്ല. ശക്തിക്ഷയിച്ച നയനങ്ങൾ എന്തോ പറയാൻ തുനിയും. അവർ കുനിപ്പിടിച്ച നടത്ത മറയും. ആശനശിച്ച ക്ലർക്ക് അവർ എങ്ങിനെ ജീവിച്ചു? എന്തിനു ജീവിക്കുന്നു?

അവിടത്തെ കണ്ണുനീരു വറ്റിയ സ്ത്രീകൾ ഭയത്തോടെ നടക്കുന്നതുകാണാം. ഒരു ചെറിയ ശബ്ദത്തിൽ അവർ നടുങ്ങിപ്പോകും. എവിടെയാണവർക്കിരുപേടി! ഭീകരമായ മരണം നഗ്നതയോടെ നൃത്തം വയ്ക്കുന്നതവർ നേരിൽ കണ്ടതാണു്. അവരുടെ കണ്ണുനീരൊഴുത്തുപോയി.

അവിടെ നിരത്തിൽ കുഞ്ഞുങ്ങൾ നഗ്നരായി ഭക്ഷണംതേടി നടപ്പുണ്ടു്. ആഹാരം കണ്ടാൽ അവർ മോഷ്ടിക്കാൻ തരം കാത്തുനിൽക്കും. അവരിൽ മിക്കവരും അനാഥരാണു്. അവർക്കപ്പോൾ നമ്മമാരില്ല, സ്വന്തമായി വീടില്ല. സമരത്തിൽ ഉപേക്ഷിക്കപ്പെട്ട ശിശുക്കൾ. അതിൽ ഒരു കുഞ്ഞിനോടു ചോദിച്ചാൽ അവൻ (അവൾ) നിങ്ങളെ കൂട്ടി അടുത്തുള്ള പാഴ്സ്ഥലം മൂണ്ടിപറയും:— എന്റെ വീടുനിന്ന സ്ഥലം. അവിടത്തെ തുണുപോലും കരിഞ്ഞ കിടപ്പുണ്ടാകും!

അതൊരു സമരത്തിൽ മരിച്ച നഗരത്തിന്റെ പ്രേതമാണു്. ഇടുങ്ങി പൊടിനിറഞ്ഞ—അരുകിലെ ചുവരു പതിച്ചുപോലും തൊടിച്ച ചുടുകല്ലുകൾ വിതറിയ—നിരത്തിൽകൂടി നടക്കുമ്പോൾ നിരയായി നിലംപതിച്ച കെട്ടിടങ്ങൾ കിടപ്പുണ്ടാകും. പകുതിവീണ ചുവരുകൾക്കു മുകളിൽ ചേർന്നു വെന്ത മേൽക്കൂരകൾ ഭീകരമായ നിശ്ശബ്ദതയിൽ നിൽക്കുന്നതു കാണാം. അതു നോക്കി ഭയന്നു് ആളുകൾ ഒഴിഞ്ഞുമാറി പോകും. അവയ്ക്കു നിങ്ങളെ അറിയിക്കാൻ നിങ്ങ കഥകളൊന്നുമില്ല. ചൈശാചികമായ വിമാനാക്രമണത്തിന്റെ ചുരുങ്ങിയ ഒരു ചരിത്രം മാനത്തുനിന്നു ചീറിക്കൊണ്ടു പതിച്ച ബോംബുകളുടെ ഭീകരമായ പൊട്ടിത്തെറിക്കലുകൾ അതിന്റെ സാക്ഷിയായി, പതിച്ച ചുവരിനിടയിൽ ചിതറിയ മനുഷ്യശരീരങ്ങൾ കിടന്നു ദ്രവിക്കുന്നുണ്ടായിരിക്കും. അവിടെ നശിക്കാത്തതായി ഒരു കെട്ടിടമില്ല. പലയിടവും ഇടിഞ്ഞു പതിച്ച കൂനയായി കിടപ്പുണ്ടു്. കമ്പിയും ചുടുകല്ലും പലകയും.

വീണ്ടും, തെരുവുയുദ്ധത്തിന്റെ ചുരുങ്ങിയ ഒരു കഥ. ഓരോ തെരുവിനുവേണ്ടിയും, ചിലപ്പോൾ ഓരോ ഭവനത്തിനുവേണ്ടിപ്പോലും പിൻവാങ്ങിയ ശത്രു പൊരുതി—അവർ സ്വയം കുരുതികൊടുത്തു. അതിന്റെ രേഖ, പകുതി പൊളിഞ്ഞ ചുവരിൽ പാറിപ്പോയ ചോരകണ്ടു് ഏതും വരാം.

ഒരു വശംപൊളിഞ്ഞ മുനിസിപ്പൽ മന്ദിരത്തിൽനിന്നു നോക്കിയാൽ അതിനപ്പുറം കീഴ്ക്കുമാറി അനേകം നിലംപതിച്ച കെട്ടിടങ്ങളും കഴിഞ്ഞു് ഏതാനും ചുവന്ന ചുവരുകളുള്ള പൊക്കംകൂടിയ ഒരെടുപ്പുകാണാം. അതിന്റെ ഒരു ഭാഗം അല്പം തകർന്നതാണെങ്കിലും അതു താരതമ്യേന കേടുതട്ടാതെ നിൽക്കുന്ന തകർന്നവശത്തു് ഒരുകൂട്ടം പട്ടാളക്കാർ നിരപ്പുണ്ടു്. അതിന്റെ മുൻഭാഗത്തു പാറകൊണ്ടുള്ള ഭിത്തിയിൽ കൊത്തിവച്ചിട്ടുണ്ടു്:—

സോഹംസിറ്റി ജയിൽ

അതു നിർമ്മിച്ചകൊല്ലം അതിനടിയിലായി അതിനുള്ളിൽ പടികളിറങ്ങി ചെല്ലുമ്പോൾ ഇരുമ്പഴികൾക്കു പുറകിൽ പുറത്തെ വെളിച്ചത്തിൽനിന്നു നയനങ്ങൾ അകത്തെ ഇരുളുമായി പരിചയപ്പെടുമ്പോൾ, തിങ്ങി ഞെരുങ്ങികിടക്കുന്ന തടവുകാരെ കണ്ടെണം. എത്ര പേരുണ്ടെന്നറിയാൻ കഴികയില്ല അവിടെ, അതാ ആ കാണുന്ന മുറിയിലു്, അതിനോടു ചേർന്നുള്ള മുറികളിലും, അതിനു പുറകിലും എല്ലാം തടവുകാരാണു്. അവർ ഉരുവിനിൽക്കുന്നു, ചിലർ കുനിപ്പിടിച്ചിരിക്കുന്നു. കണക്കറിയാൻ കൗതുകമുണ്ടെങ്കിൽ, മുകളിൽ വാതലിനു സമീപമുള്ള പ്രാകൃതമായി ഒരുക്കിയിട്ടുള്ള ആഫീസു മുറിയിൽ, പരുത്ത മേശമേലുള്ള തടിച്ച ബുക്കിൽ നോക്കിയാൽ മതി, അ

നിപ്പു—

തിനുള്ളിലെ ഉദ്യോഗിക കണക്കനുസരിച്ച്, ഇപ്പോഴും നാലായിരത്തിൽപരം തടവുകാരുണ്ട് ഇപ്പോഴും. എന്നതു പ്രധാനമാണ് എന്തെന്നാൽ കുറെ കഴിഞ്ഞു—അല്ലെങ്കിൽ നാളെ—അവരുടെ എണ്ണം കുറഞ്ഞോ കൂടിയോ എന്നവരും. കുറയുന്നതിനുള്ള പ്രധാന കാരണം മിക്ക ദിവസങ്ങളിലും കുറേപ്പേരെ പുറത്തു കൊണ്ടുപോകാറുണ്ട്. അവരൊന്നും മടങ്ങിവന്നിട്ടില്ല. അവിടെ പുറത്തുപോകാനുള്ള കൊതിയാക്കമില്ല. മേശമേലുള്ള അതേ ബുക്കിൽ നിന്നതന്നെ ഇവരൊക്കെ കമ്മ്യൂണിസ്റ്റുകളാണെന്ന് മനസ്സിലാക്കാം—രാജദ്രോഹികൾ!

ആഫീസുമുറിക്കു നേരെ താഴെ, താഴത്തെ നിലയിൽ, തടവുകാരികളിലേക്കു നയിക്കുന്ന ഇരുമ്പഴികളുള്ള വാതലിൽ രണ്ടു പട്ടാളക്കാർ തോളത്തു തൂങ്ങിയ തോക്കുകളുമായി കാവാണ്ടു ചെയ്യുന്നുണ്ട്. അപരിചിതനു ഒരു നോട്ടത്തിൽ രണ്ടു പേരെയും തിരിച്ചറിയാൻ കഴിയില്ല. അവരൊക്കെ— കൊറിയാക്കാരൊക്കെ— എന്താണ് ഒരേ രൂപമുള്ളവരായി തോന്നിപ്പോകും. കുറച്ചു സൂക്ഷ്മതയുടെ നോക്കിയാൽ അതിൽ ഒരാൾക്ക് കൂടുതൽ ജാപ്പനീസ് മുഖഭാവമായ ഉള്ളതായിക്കാണാം അയാളുടെ മുഖത്തെ എല്ല് നന്നായൊന്നു തെളിഞ്ഞു. ആ മുഖം അല്പം വികൃതമാക്കുന്നു. പെരിയ കണ്ണടകൊണ്ടു തടിച്ച പോളയിൽ തീരെ കുഴിഞ്ഞതായി അനുഭവപ്പെടുന്നു. ഒരു പക്ഷേ അയാളുടെ ജനനം ജാപ്പനീസ് പട്ടാളത്തിന്റെ സാന്നിധ്യത്തിന്റെ മറയ്ക്കുള്ളാകാത്ത തെളിവായിരിക്കാം. അയാളുടെ സ്നേഹിതൻ കുറേക്കൂടി മെലിഞ്ഞിട്ടാണ് അയാൾക്ക് അല്പം പ്രായകൂടുകാണാം. വളരെ മാർദ്ദവമായ തീരെ രോമരഹിതമായ മുഖം ഒരു ശിശുവിന്റേതുപോലെ തോന്നുന്നു ആ മുഖവുമായി അയാളുടെ തോളത്തുള്ള തോക്ക് ഒരു കടുത്ത വൈരുദ്ധ്യതസൃഷ്ടിക്കുന്നു സാധാരണ സമയത്ത് ഒരു പക്ഷേ, വികൃതമെങ്കിൽ അയാൾ പുസ്തകവുമായി സ്കൂളിലേക്കു പോകുന്നതു കണ്ടേനെ. എന്നാൽ ഇതു സാധാരണ കാലമല്ല. സമരകാലം. കമ്മ്യൂണിസ്റ്റുകാർ ആക്രമണം നടത്തി. അനുകമ്പ തോന്നിയ അമേരിക്കർ ശത്രുവിനെ തുരത്തി നഗരത്തെ മോചിപ്പിച്ചു. മോചിപ്പിച്ച നഗരത്തിന്റെ ഭരണമാണ് പുറമേകാണുന്നതു് ആ യുവാവു പെട്ടെന്നു തിരിഞ്ഞു് ശിശുസഹജമായ ഉൽക്കണ്ഠയോടെ ചോദിച്ചു:—

"ഇന്നുകൊണ്ടുവരുന്നവരെ എവിടെയിടും?"

"നിന്റെ ജോലിനോക്കു്. അതു ജെയിലർ തീരുമാനിക്കൊള്ളും"

അകാരണമായി കുറ്റപ്പെടുത്തിയ അനുസരണശീലനായ ബാലനെപ്പോലെ അയാളുടെ മുഖത്തു പരിഭവം പകർന്നു. ആ മറുപടി സൃഷ്ടിച്ച അകൽച്ചയെ അകറ്റാനെന്നവണ്ണം പ്രായംകൂടിയ പട്ടാളക്കാരൻ തുടർന്നു:—

"ഇന്നു കുറെയെണ്ണത്തിനെ പുറത്തുകൊണ്ടുപോകും. അതാ ആ സെല്ലിൽനിന്നു" അയാൾ നേരെ മുൻപിലുള്ള മറി മൂണ്ടികാണിച്ചുറപ്പിച്ചു.

അതു കേട്ടമാത്രയിൽ ആ യുവാവു് ഒരു ഞെട്ടലോടെ കവാത്തു നിർത്തിത്തിരിഞ്ഞു് സഖാവിനെനോക്കി. കുറ്റപ്പെടുത്തുന്ന ഉഗ്രത ആ നയനങ്ങളിൽ തെളിഞ്ഞിരുന്ന അപരാധബോധത്തോടെ അയാളുടെ മുഖം താണു. അതു പറഞ്ഞുകൂടാത്തതായിരുന്നു എന്നു് അയാളുടെ അമ്പരപ്പു പ്രകടമാക്കി. അതു് അവിടെ അവർക്കിടയിൽ ഒരു നേർത്ത അന്തരീക്ഷം സൃഷ്ടിച്ചു അന്യോന്യം മുഖത്തു നോക്കാൻ അവർ അറച്ചു ഇരുവരും നയനങ്ങളും തിരിക്കാൻ തുനിഞ്ഞു. ഒരു വല്ലാത്ത വല്ലായ്മ. അവർ തിരിഞ്ഞു, ആ സെല്ലിലേക്കു നോക്കി അതിനുള്ളിൽനിന്നു മൂടിയുള്ള നനഞ്ഞ നാറുന്ന വായു വന്നുകൊണ്ടിരിക്കുന്നു. അവിടെ മനുഷ്യ ശബ്ദങ്ങളൊന്നുമില്ല, യാതൊരു സംഭാഷണവുമില്ല. അവരൊക്കെ ഉറുമ്പുകളെപ്പോലെയാണു കഴിയുന്നതു്. എന്തായിരിക്കും അതിനു കാരണം? അവരുടെ നാക്കറുത്തുപോയോ? അവർക്കു ചിന്തകളുണ്ടുമില്ലേ? അതിനു പ്രകാശം കൊടുക്കുവാനുള്ള മനുഷ്യസഹജമായ പ്രേരണ അതുകൂടെ നശിച്ചുപോയെന്നു വരുമോ? ആ ജയിലിനുള്ളിൽ നാലായിരത്തിനുമേൽ തടവുകാരുണ്ട്. അവർക്കു തമ്മിൽ അറിയിക്കാനൊന്നുമില്ലേ? ആ അന്തരീക്ഷം വിങ്ങി വീർപ്പു മുട്ടിയതാണു്. അവരെ പൊതിയുന്ന ആ ഘനത്ത പാറകൊണ്ടുള്ള ഭിത്തിയെപ്പോലും പിളർക്കത്തക്ക തീക്ഷ്ണതിനകത്തു്. തീർച്ചയായും അവർ ചിന്തിക്കുന്നുണ്ട്. ഭയംകൊണ്ടു്, നിരാശകൊണ്ടു്, നിശിതമായ നിയമത്തെ പേടിച്ചു്, അവർ അതിനു ശബ്ദം കൊടുക്കുന്നില്ല. അതിനുള്ളിലെ പൂട്ടുള്ള നാറുന്ന വായുവിൽ നാലായിരം പേരുടെ ശോകാത്മകവും, പ്രതികാരേച്ഛ കലർന്നതുമായ ചിന്തകളും തമ്മിൽ ചേരുന്നുണ്ടു്. അവരുടെ ഭിന്നങ്ങളായ, ചിലപ്പോൾ തെളിഞ്ഞ വൈരുദ്ധ്യത കലർന്ന ചിന്തകളും പിണയുന്നുണ്ടാവാം, മത്സരിക്കുന്നുണ്ടാവാം.

അവിടെനിന്നുയരുന്ന ശബ്ദം പ്രധാനമായി, തടവുകാർ ഏറെനേരം നിന്നോ ഇരുന്നോ അസ്ഥികൾ കുഴയുമ്പോൾ ആശ്വാസത്തിനുവേണ്ടി തിരിയുമ്പോഴുണ്ടാകുന്ന അനക്കങ്ങളാണു്.

പെട്ടെന്നു്, വലതുവശത്തു സ്ത്രീകളെ ഇട്ടിരിക്കുന്ന സെല്ലിൽനിന്നു യാതൊരു മുന്നറിയിപ്പുമില്ലാതെ ഒരു കുഞ്ഞിന്റെ പൊട്ടിക്കരച്ചൽ കേട്ടു. അവിടത്തെ, അനുലോകത്തെ നിശ്ശബ്ദതയിൽ, ഇരുണ്ട വെളിച്ചത്തിൽ ആ കുഞ്ഞിന്റെ കരച്ചൽ എന്തോ ഒരു ഭീകരത ഉളവാക്കി. യുവാവായ പട്ടാളക്കാരനെ ശബ്ദം ഭയപ്പെടുത്തുന്നതായി തോന്നി. അയാൾ ആ വശത്തേക്കു തിരിഞ്ഞു്, ക്രമത്തിലേറെ ഉച്ചത്തിൽ വിളിച്ചു പറഞ്ഞു.

"അതിന്റെ തൊണ്ട അടക്കു്!"

ആ കുഞ്ഞിന്റെ മാതാവായിരിക്കണം, ഒരു യുവതി അതിന്റെ വായ് പൊത്തിപ്പിടിച്ചു. കാവൽക്കാരന്റെ കൽപ്പന കേട്ടമാത്രയിൽ തന്നെ അതു കരച്ചിൽനിർത്തി. ക്രമത്തിലധികരിച്ച സ്വപ്നം അലർച്ചതന്നെ ആ പട്ടാളക്കാരനെ അലട്ടുന്നതായി തോന്നി. അയാൾ ആപ്പകടനത്തിൽ സ്വയം വഞ്ചിതനും, ഏതാണ്ടു കോപിതനും ആയി കാണപ്പെട്ടു. അയാൾ മുഖം തിരിച്ചു കളഞ്ഞു.

അവിടത്തെ അല്പംകലങ്ങിയ അന്തരീക്ഷത്തിനു് ഒരയവുവരുത്താനെന്നവണ്ണം ജാപ്പനീസ്സായുള്ള പട്ടാളക്കാരൻ ചോദിച്ചു:—

"നിന്റെ അമ്മാവൻ പിടികൊടുത്തോ?

"കഴിഞ്ഞയാഴ്ച പോലീസുകാർ പിടിച്ചു" അയാൾ തലയുയർത്താതെ അറിയിച്ചു.

"എവിടെ? ഈ കൂട്ടത്തിലുണ്ടോ?" അല്പം ഉല്ലുണ്ണിയോടെയായിരുന്നു ആ ചോദ്യം.

"ഇല്ല കിംപൊൻ തെരുവിലുള്ള സബ് ജയിലിൽ"

"അങ്ങേരുടെ മകനോ?" ആ ചോദ്യത്തിൽ നേരിയ അനുകമ്പ കലർന്നിരുന്നു.

ആ യുവാവിന്റെ മുഖം വീണ്ടും വേദനയോടെ ചുളുങ്ങി. ഒരു നിമിഷം അയാൾ ഉത്തരം നൽകാതെ തുറിച്ചുനോക്കി അയാളുടെ ശബ്ദത്തിൽ കോപവും, നിസ്സഹായതയും നിരാശയും നിഴലിച്ചു.

"വെടിവച്ചുകൊന്നു അവർ പന്ത്രണ്ടു പേരെ കൊന്നിച്ചനിരത്തി നിറുത്തി വെടിവച്ചുകൊന്നു." കുറെ ശ്വാസത്തിൽ അസാധാരണമായ കച്ചയിൽ നേരെ മുഖത്തു തുറിച്ചുനോക്കിയാണയാൾ അതു പറഞ്ഞതു്. അയാൾ കരയുമെന്നു തോന്നി. തടവുകാരിൽ പലരും മുഖം ഉയർത്തിനോക്കി.

"എന്തായിരുന്നു കുറ്റം?"

"കുറ്റം?" അയാൾ തിരിഞ്ഞു തടവുകാരുടെ കൂട്ടത്തെ നോക്കി. അവരെ എല്ലാം ഉൾപ്പെടുത്തി വലതുകൈയ് വീശിക്കൊണ്ടു് ഉടനേ:— "ഇവരുടെ എല്ലാമേ കുറ്റംതന്നെ. ശത്രുവുമായി സഹകരിച്ചു"—ഒരു നിമിഷം കഴിഞ്ഞയാൾ കോപത്തോടെ ആവർത്തിച്ചു "ശത്രു" ഇനി അധികം താങ്ങാൻ അയാൾക്കു കഴിയുമായിരുന്നില്ല. ആ ശിശുവിന്റേതുപോലത്തെ മുഖം ഉടഞ്ഞു. അയാൾ തോക്കിനു താങ്ങാനാകാത്ത ഭാരമുള്ളതുപോലെ പണിപ്പെട്ടു തോളിൽനിന്നെടുത്തു് തറയിലൂന്നി. അതിൽ തല താങ്ങിനിന്നു.

"നീ സുക്ഷിച്ചോ!" അയാളുടെ സ്നേഹിതൻ ഉൽക്കണ്ഠയോടെ മുന്നറിയിപ്പു നൽകി "സ്വന്തക്കാരാണെന്നറിഞ്ഞാൽ—" ആ വാചകം അവസാനിപ്പിക്കാൻ അയാൾ തുനിഞ്ഞില്ല

പുറകിൽ കാൽപെരുമാറ്റം കേട്ടു് അവർ വീണ്ടും ഊർജ്ജിതത്വം ഭാവിച്ചു കവാത്തുചെയ്യുതുടങ്ങി. ജയിലർ ഒരു പട്ടാളഉദ്യോഗസ്ഥനുമായി കടന്നുവന്നു. ജയിലരുടെ കൈയിൽ ഒരു കടലാസുണ്ടായിരുന്നതു് അദ്ദേഹം ശ്രദ്ധയോടെ പഠിച്ചുകൊണ്ടിരുന്നു. മദ്ധ്യഭാഗം കടന്നുകഴ

കെ. കെ. വാദ്ധ്യാർ & പാർട്ടിയുടെ

കഥാപ്രസംഗ പരിപാടി

പുഷ്പികം 2. തിരു: റേഡിയോ. 4. അങ്കമാലി. 7. കൊച്ചിൻ. 8 ചേർത്തല തിയേറ്റർ 9. പ്രാക്കുളം. 10. കമ്പഴ 11. വെളിയം (12 മുതൽ 21 വരെ മദ്രാസിൽ) 24. കൊട്ടങ്ങല്ലൂർ 25. മൂത്തുരുത്തി. 28 കോന്നി (എഴുത്തുകുത്തിൽ) 29 മലയാലപ്പുഴ.

ധനുമാസത്തേക്കുള്ള ബുക്കിംഗ് ഉടനടിയിൽ

പശ്ചാത്തല സംഗീതം:—

ഗായിക—എം. കെ. സുശീലാമിനിയമ്മ. T. A കൃഷ്ണപ്രാഭോഗവതർ. ആലപ്പുഴ ജാനി ഖാൻ (ബുഡുബുഡു) കൊല്ലം കൊച്ചുകൃഷ്ണനാശാൻ (മൃദംഗം)

നിശ്ചിത തീയതി കാണിച്ച് ഈ മേൽവിലാസത്തിൽ എഴുതുക:—

കെ. കെ. വാദ്ധ്യാർ—മയ്യനാട്.

നും വളരെതടിച്ച ശരീരം പൊക്കത്തെ കുറക്കുന്നതായിതോന്നുന്നു. നടക്കുമ്പോൾ മൻഭാഗംഉയർന്നുതന്നിൽക്കും അതു മറ്റുള്ളവരുള്ള സ്ഥാനത്തിൽ നടത്ത കൂടുതൽ വികൃതമാകുന്നു. ഏതാണ്ടു, ഇടത്തരക്കാരനായ ഒരു കച്ചവടക്കാരന്റെ ഭാവമുണ്ടു കണ്ടാൽ തടിച്ചുമുഖത്തിനു് സ്ഥിരതപ്പാതോന്നിപ്പിക്കുന്ന ഒരു ശ്രദ്ധയില്ല യാതൊരു വികാരങ്ങളും അവിടെ പ്രതിഫലിക്കയില്ല സകലതും അവിശ്വസിക്കുന്ന സ്വഭാവം, ഒന്നിനും ഒരു സ്ഥിരതപ്പില്ലാത്തതുപോലെ എതു ഭാഗത്തെയും ഒരേ ദൃഷ്ടിയിൽ വീക്ഷിക്കുന്നു. സ്വന്തം ചുമതല ക്ലസൽകൂടാതെ, കരുണയോ മനസ്സാക്ഷിയോയില്ലാതെ അസാമാന്യകൃത്യനിഷ്ഠയോടെ പരിപാലിക്കും. യാതൊരു പ്രോത്സാഹങ്ങളുമില്ല ജയിൽപുള്ളികളുമായി പഴകി മനുഷ്യനിലുള്ള വിശ്വാസംതന്നെ നശിച്ചിരിക്കയാണു്. കടലാസിൽനിന്നു കണ്ണുയർത്താതെ ജയിലർ കുറുപ്പിനോടു പറഞ്ഞു: —

"ഇതിൽ കരുത്തിക്കു് ഒരു കുഞ്ഞുണ്ടു് ആ ആളുടക്കാരിക്കു് അതിനെ ഇവിടെ ഇടണ്ടെ ഒക്കെയില്ല. തള്ളയുടെകൂടെ കൊണ്ടുപൊയ്ക്കോളുവാൻ എന്തു ചെയ്താലും എനിക്കൊന്നുമില്ല. ഇവിടെ ഇടണ്ടമാതൃസാദ്ധ്യമല്ല.

കുറുപ്പിനു് എന്തോ പറയാൻ ഭാവിച്ച എന്നാൽ ജയിലറുടെ മുഖത്തു നോക്കിയിട്ടു് അതു വേണ്ടെന്നുവച്ചു പറഞ്ഞതുകൊണ്ടു യാതൊരു പ്രയോജനവും ഉണ്ടാകയില്ലെന്നു തോന്നിയതിനാലായിരിക്കണം. കുറുപ്പിനു നന്നേ ചെറുപ്പമാണു്. തെളിഞ്ഞ വാത്തെടുത്ത മുഖം. പട്ടാളത്തിൽ ചേരാൻ ആഹ്വാനം ചെയ്തുകൊണ്ടു റെയിൽവേസ്റ്റേഷനുകളിലും മറ്റും ഒട്ടിച്ചിരിക്കുന്ന പരസ്യങ്ങളിൽ കാണുന്ന അതേ മുഖം. വല്ലാത്ത കരുക്ഷമത ആ നയനങ്ങളിൽ നിഴലിക്കുന്നു. ചുചികരമല്ലാത്ത. എന്നാൽ അനുസരിക്കാതെ തരമില്ലാത്ത ഒരു കൃത്യം ചെയ്യുതീക്കാനുള്ള തിടുക്കം പ്രദർശിപ്പിച്ചുകൊണ്ടു്.

അവർ കാവൽനിന്ന പട്ടാളക്കാരെ കടന്നു്, ഇരുമ്പു ഗോവണിയിറങ്ങി മുൻപിലുള്ള തടവുകാരുടെകൂട്ടത്തെ അഭിമുഖീകരിച്ചു അവരുടെയിടയിൽ ഒപ്പട്ടെന്നു് അനക്കം വർദ്ധിച്ചു. അവർ ഒന്നോടെ ഭയത്തോടെ പുറകോട്ടു വലിയുന്നതായി തോന്നി. ജയിലർ കടലാസുയർത്തി പിടിച്ചു്, നേരെ മുൻവരിയിലുള്ളവരെ നോക്കി ഉച്ചത്തിൽ വിളിച്ചറിയിച്ചു:—

"ഞാൻ പേരു വിളിക്കുന്നവർ മുൻപോട്ടു വരണം" ഒരു നിമിഷം കഴിഞ്ഞു് കുറുപ്പിന്റെ പേരെല അദ്ദേഹം തുടർന്നു. "കളിക്കുന്നതുകൊണ്ടു യാതൊരു പ്രയോജനവുമില്ല സകലരേയും എനിക്കു നേരിട്ടറിയാം. ഇന്നലെ നടന്നതറിയാമല്ലോ?" ക്രൂരത കലർന്ന ആ പുഞ്ചിരി ആ വികൃതമായ മുഖത്തു തെളിഞ്ഞു.

അദ്ദേഹം തലതാഴ്ത്തി ദൂരക്കാഴ്ചയുള്ളവനെപ്പോലെ കടലാസു കയ്യിൽ അകത്തിപ്പിടിച്ചുകൊണ്ടു്, [illegible]യുടെ പേരുകൾ വിളിച്ചു. ഓരോ പേരും നിറുത്തി, ഇരുപത്തഞ്ചു പേരുകൾ അദ്ദേഹം വിളിച്ചു. ആ പഴയ ചിരി മുഖത്തു വന്നു അവർ തനിയേ അനുസരിക്കയില്ലെന്നു താൻ നേരത്തേ അറിഞ്ഞിരുന്നതായി മുഖഭാവം വ്യക്തമാക്കി. അദ്ദേഹം തിരിഞ്ഞു് പുറകേനിന്ന രണ്ടു പട്ടാളക്കാരെ വിളിച്ചു തടവുകാരുടെ കൂട്ടത്തിലേക്കു കടന്നു.

ഇരുണ്ടു പേരായി കൈകൾ വരിഞ്ഞു പുറകിൽ കൂട്ടിക്കെട്ടിയ ഇരുപത്തഞ്ചുപേരെ മുൻപോട്ടു തള്ളിക്കൊണ്ടു വരപ്പെട്ടു. അവർ പരമ്യതയോടെ തല കുനിച്ചു നിന്നു. ജയിലർ നിരീഞ്ഞു് വലതുവശത്തു സ്ത്രീകളെ ഇട്ടിരിക്കുന്ന വാർഡിലേക്കു കടന്നു അല്പനിമിഷങ്ങൾക്കു കഴിഞ്ഞു് ഒരു യുവതിയും, കുറച്ചു പ്രായംചെന്ന മറ്റൊരു സ്ത്രീയും ജയിലർക്കു മുൻപിലായി കൈകൾ പുറകിൽ കെട്ടി തടവുകാരുടെ കൂട്ടത്തിലേക്കു വന്നു. ആ യുവതിയെ മുൻപോട്ടു തള്ളിക്കൊണ്ടു്, ജയിലർ അവജ്ഞയോടു പറഞ്ഞു:

"ആ കമ്മ്യൂണിസ്റ്റുകാരന്റെ വെപ്പാട്ടി!"

തള്ളിന്റെ ഉശുകാലെന്നപോലെ അവൾ കുറുപ്പിന്റെ കാൽക്കൽ ചെന്നു മുന്നോട്ടുവീണു. മുഖം ഉയർത്തി പ്രാർത്ഥനയുടെ അവതാരമായി.

"മേജർ ദയവായി—ദയവായി, എന്റെ കുഞ്ഞിനെ—"

പട്ടാളഉദ്യോഗസ്ഥൻ കുറുപ്പിനെന്നറിയഞ്ഞിട്ടോ, അതോ, കൂടുതൽ മേന്മകല്പിച്ചു് അദ്ദേഹത്തെ വശീകരിക്കാമെന്നു കരുതിയോ എന്തോ അവൾ മേജർ എന്നാണു് വിളിച്ചതു്. എന്തായാലും കുറുപ്പിന്റെ മുഖത്തു കൂടുതൽ അക്ഷമതപ്രകടമായി. അദ്ദേഹം പട്ടാളക്കാരന്റെ വടിവോടെ തിരിഞ്ഞു് നിവർന്നുനടന്നു പടികൾ കയറി മുകളിലേക്കുപോയി. അവൾ നിരാശയോടെ പിടഞ്ഞെഴുനേറ്റു.

അവിടെ ഉണ്ടായിരുന്നവക്കെല്ലാം അവളെ അറിയാം—ജയിലർക്കും, കുറുപ്പിനും, രണ്ടു കാവൽകാർക്കും, തടവുകാരിൽ മിക്കവർക്കും അവളെ അറിയാം നാഷണൽ തിയേറ്ററിലെ നർത്തകി. അവളുടെ പടം പരസ്യചിത്രങ്ങളിൽ അവർ കണ്ടിട്ടുണ്ടു്, നർത്തകിയുടെ വേഷത്തിൽ വശീകരണച്ചിരിയോടെ അവൾ നിൽക്കുന്നതു് എന്തായാലും ഒരു നർത്തകിയാണെന്നു് അവളെ നോക്കിയാൽ പറയാൻ തോന്നുകയില്ല. സങ്കല്പത്തിലുള്ള നർത്തകിയുടെ ചിത്രവും അവളുമായി പ്രിയതരമായഒരകൽച്ചയുണ്ടു് നടനം തൊഴിലായുള്ള മറ്റു യുവതികളെപ്പോലെ സ്വയം മേന്മ കല്പിക്കുന്ന ഭാവം അവളിൽ പ്രകടമാകുന്നതേയില്ല അതാ ചിത്രത്തിൽപോലും കാണുകയില്ല. അപരിചിതൻ അവളെ അടുത്ത ഗ്രാമത്തിലെ കർഷകയുവതിയായി കരുതിപ്പോകും. അതുലാളിത്യമുണ്ടു് ആ മുഖത്തിനു്. നിർദ്ദോഷതപ്പാവിളിച്ച പറയുന്ന നയനങ്ങൾ. ഇന്നതു കരഞ്ഞുകലങ്ങിയിരിക്കുന്ന അവളുടെ ഭയവും അമ്പരപ്പും വ്യക്തമാകുന്ന നടപ്പായം തികയാത്ത കുഞ്ഞുങ്ങളുള്ള മാതൃക്കളെപ്പോലെ അവളുടെ മുതുകിലും തുക്കിയിട്ടിരിക്കുന്ന തുണിത്തൊട്ടിലിൽ ശയിക്കുന്ന ഒരു കുഞ്ഞുണ്ടു്.

ഒളിവിലിരുന്ന പാർട്ടിസെക്രട്ടറി അവളുമായി വളരെ അടുപ്പത്തിലാണെന്ന സംസാരമുണ്ടായിരുന്നു. അവളുടെ മുതുകിൽ ശയിക്കുന്ന കുഞ്ഞിന്റെ അച്ഛൻ അയാളാണെന്നും പാടുച്ചിലുണ്ടു്. അവിടെ സമരം തുടങ്ങുന്നതിനു മുൻപു് അവൾ നാഷനൽ നാടകശാലയിലെ നർത്തകിയായിരുന്നു. അതിനുശേഷം യുദ്ധസമയത്തും കമ്മ്യൂണിസ്റ്റരഭരണം തുടങ്ങിയപ്പോഴും അവൾ നടനം തുടർന്നുവന്നു. വീണ്ടും കമ്മ്യൂണിസ്റ്റുകാർ പിൻവാങ്ങിയപ്പോൾ അവൾ അവരോടൊന്നിച്ചു പോയില്ല. ശക്തിയായ പ്രേരണ ഉണ്ടായിരുന്നിട്ടും അവൾ നിർബന്ധപൂർവ്വം അതിനെ നിഷേധിച്ചു അമേരിക്കർ നഗരം 'മോപ്പിടിച്ച'പ്പോൾ അവൾ തുറങ്കിലായി

അവളുടെ മുതുകത്തു്, തുണിത്തൊട്ടിലിലുള്ള ശിശു യാതൊന്നും സംഭവിച്ചിട്ടില്ലാത്തതുപോലെ

ശയിക്കുന്നു. ഒരു പക്ഷേ ഉറങ്ങുകയായിരിക്കും. അതനങ്ങുന്നതേയില്ല. ജീവൻ നശിച്ച കണക്കേ നിശ്ചലമായി അതു കിടക്കുന്നു. ആ മൃദുലശരീരത്തിന്റെ വളവുമാത്രം തുണിത്തൊട്ടിലിൽ വ്യക്തമാകുന്നുണ്ട്. ഒരു പക്ഷെ മറ്റു തടവുകാരെപോലെ അതും മൂകത സ്വയം വരിച്ചിരിക്കയായിരിക്കുമോ. മരിച്ചുവീഴുന്നതിനും മുൻപേ അതും ഭയക്കാൻ പഠിച്ചു കഴിഞ്ഞു!

ആ പ്രായംചെന്ന സ്ത്രീ ഒരു പ്രതിമപോലെ നിന്നു. അവർ ഇതൊക്കെ അസാമാന്യമായ സഹനശക്തിയോടെ അഭിമുഖീകരിക്കുന്നു. അവരുടെ മുഖത്തു ഭയമോ അമ്പരപ്പോയില്ല. അവരുടെ നയനങ്ങൾ നനഞ്ഞിട്ടില്ല. അവർ പാറപോലെ ഉറച്ചു നിൽക്കുന്നു. ഉഗ്രമായ പ്രതികാരത്തിന്റെ നിഴൽമാത്രം ആ നയനങ്ങളിൽ തെളിഞ്ഞു കാണാം.


ക്യാപ്റ്റന്റെ പുറകേ അവരെ ഇരുപത്തേഴു പേരെയും വെളിയിൽ നിരത്തിലേക്കു നയിച്ചു. അവിടെ തിളങ്ങുന്ന വെയിലിൽ രണ്ടു ലോറിയും ജീപ്പും കിടപ്പുണ്ട്. പട്ടാളക്കാരുടെ കാക്കിയുടെ നിറമാണു് ആ വാഹനങ്ങൾക്കും. അടുത്തു നോക്കിയാൽ അവയുടെ എഞ്ചിനുകളിൽ ബോണറ്റിന്റെ വശത്തു് ഫോർഡുകമ്പനിയുടെ കച്ചവടമുദ്ര കാണാം.

രണ്ടു ലോറികളിലേയ്ക്കു ഇരുപത്തേഴു തടവുകാരും പന്ത്രണ്ടു പട്ടാളക്കാരും കയറി. ക്യാപ്റ്റൻ മാറ്റ രണ്ടു പട്ടാളക്കാരോടൊന്നിച്ചു് ജീപ്പിൽ കടന്നു. ഒരു ഞെട്ടലോടെ ആ വാഹനങ്ങൾ നീങ്ങി, ഇരമ്പിക്കൊണ്ടുപോയി. അതിനുള്ളിൽ തടവുകാർ കാലുകൾ പൂട്ടി തല കുനിച്ചിരുന്നു, ഏറ്റവും ഇരുന്ന എല്ലു നൊന്തിട്ടായിരിക്കണം ഒരു തടവുകാരൻ തല മെല്ലെ ഉയർത്തി. ഒരു തോക്കിന്റെ പാത്തി ഹൃദയം നോവുന്ന ശബ്ദത്തിൽ ആ തലയിൽ പതിച്ചു അതിനെ പൂർവ്വസ്ഥിതിയിലേയ്ക്കു് അമർത്തി. എല്ലു തെരിയുന്ന ശബ്ദം ആ ഇരമ്പലിൽകൂടെ കേട്ടു. നിലംപതിച്ചു കെട്ടിടങ്ങളും, പൊളിഞ്ഞ റോഡുകളും, പകുതി വെന്ത ഭവനങ്ങളും, ഉപയോഗശൂന്യമായ പട്ടാളവാഹനങ്ങളും കടന്നു് അവർ പട്ടണത്തിനു പുറത്തെത്തി, ഒരു പാടത്തിനരികിൽ കലക്കത്തോടുനിന്നു. നീണ്ട വയലിന്റെ വക്കിൽ പൊക്കമുള്ളതും നീണ്ടതുമായ ഒരു കുന്നുണ്ട്. അതിന്റെ പരിവിൽ പാടത്തിനു മുകളിലേക്കു തടവുകാരെ നയിച്ചു. അവർ നിശബ്ദരായി നീങ്ങി

പെട്ടെന്നു്. യുവതി, തനിക്കു നിന്നുപോലെ, പട്ടാളക്കാരിൽനിന്നും കിതച്ചുകൊണ്ടു്, കൈകെട്ടിയിരിക്കയാൽ വളരെ ആയാസപ്പെട്ടുകൊണ്ടു ക്യാപ്റ്റന്റെ ജീപ്പിലേക്കു് ഓടി. അവൾ അതിന്റെ സമീപം മുൻപോട്ടു വീണു, മുഖം അതിന്റെ വക്കിൽ തല്ലി പതഞ്ഞ രക്തം തുളുമ്പി. മൂക്കിൽ കിടന്ന കുഞ്ഞു് ഒന്നു് ഞരങ്ങിതിരിഞ്ഞു. അതു വീണ്ടും നിശ്ശബ്ദമായി തുടർന്നു.

"മേജർ, മേജർ, എന്റെ കുഞ്ഞിനെ—"

ഡോ. സി. മാധവൻ വൈദ്യരുടെ



നൂതികാമൃതം

രക്തവർദ്ധനവിനും
ശരീരപുഷ്ടിക്കും
പ്രസവശേഷം
അത്യുത്തമം

സൗജന്യ പുസ്തകത്തിനെഴുതുക:—

ടിടൗൺ ആയുർവ്വേദിക്
ഫാർമസി

—ആലപ്പുഴ—

ക്യാപ്റ്റൻ മുഖം തിരിച്ചു് കുന്നിൻ പരിവിലേക്കു നോക്കി, നല്ല തിളങ്ങുന്ന സൂര്യപ്രകാശത്തിൽ ആ ഉന്നപ്രദേശം ശോഭിക്കുന്നു. കുന്നിന്റെ തന്നാൽ ഇരുപാടംവരെ എത്തുന്നുണ്ടു്. എല്ലുംനിറഞ്ഞ പച്ച, പാടത്തിൽ പഴുത്തു തുടങ്ങിയ നെല്ലിൽകതിർ കാറ്റിൽ ഉലയുന്നു. കുന്നിൻപരിവിൽ ഒൻപതു തുണികൾ കഴിച്ചിട്ടിട്ടുണ്ടു്. മുൻപും ലോറികൾ കൊടി പല്ലു പതഞ്ഞ കരിഞ്ഞ പാലുകാണാം. അല്പം മാറി കുറേപേർ നിന്നു കഴികൾ തോണ്ടുന്ന കൂട്ടത്തിലെ അവർ ജിജ്ഞാസയോടെ തിരിഞ്ഞു്, തടവുകാരെ നോക്കുന്നുണ്ടു്. ക്യാപ്റ്റൻ അവരെ നോക്കി തെ പറഞ്ഞു.

"ഇതൊക്കെ നേരത്തേ കാക്കേണ്ടതാണോ? ഞങ്ങളൊന്നുമല്ല ഇതു തീരുമാനിക്കുന്നതു് എന്റെ ജോലി ഞാൻ നോക്കുന്നു അത്രതന്നെ"

സ്വയം അറിയാതെ, ഉള്ളിൽ ഉയരുന്ന അനുകമ്പയെ മായ്ക്കുവാനായി സ്വാഭാവികമായി ഉപയോഗിക്കുന്ന കേഴപത്തിന്റെ സ്വരം അദ്ദേഹത്തിന്റെ ശബ്ദത്തിൽ കലർന്നിരുന്നു.

പെട്ടെന്നു് അത്ഭുതശക്തിയാലെന്നപോലെ അവളുടെ മുഖംതെളിഞ്ഞു. കവിളിൽ ഉറ്റുകണ്ണുനീർ അപ്രതീക്ഷിതമായി അവിടെ പതിച്ചതുപോലെ തോന്നി. അവൾ മടങ്ങി നാടകശാലയിലെ സ്റ്റേജിൽ ഒരു രംഗം ഭാവനയിൽ കാണുകയായിരിക്കും. മുഖത്തെ ശോകച്ഛായ മാറിയില്ലെങ്കിലും നയനങ്ങൾ പ്രകാശിച്ചു അവൾ പാണിപ്പെടാതെ, എഴുന്നേറ്റുനിന്നുകൊണ്ടു തെളിഞ്ഞ ശബ്ദത്തിൽ പാടി. അതു് അവിടത്തെ ഗ്രാമ്യനാട്ടിൻപുറത്തു്, പാടത്തിനരികിൽ സ്വാഭാവികമായ ഒരന്തരീക്ഷം സൃഷ്ടിച്ചു. അവിടെ അഭിനയിക്കപ്പെടുന്ന ക്രൂരനാടകത്തിനു് പോരാത്ത പശ്ചാത്തലത്തെ കരുപ്പിക്കൊണ്ടു്, അവൾ പാടാറുണ്ടായിരുന്ന നഗരത്തിലെ നൃത്തഗീതങ്ങളൊന്നുമല്ല അവളിൽ നിന്നുയർന്നതു്. അവൾ നിൽക്കുന്ന നാട്ടിൻപുറത്തെ യുവതികൾ പരമ്പരയായി പാടാറുള്ള ഒരു നാടോടിപ്പാട്ടു്. അകന്നുപോയ കാമുകൻ തിരിച്ചുവരാൻ കേഴുന്ന കാമുകീപ്രേമയാചന.

"വരിക കാമുക"

ക്യാപ്റ്റൻ തീരെ അസ്വസ്ഥനായി ഇരുന്നു. എന്തോ അലട്ടുന്നതുപോലെ അദ്ദേഹം കൈയിലുള്ള ലാത്തിയിൽ കൈകൾ അമർത്തിപ്പിടിച്ചു. അവരെല്ലാം അവളെതന്നെ നോക്കി തടവുകാരിൽ പലരും അതുകേട്ടില്ല എന്നു നടിച്ചു. അവളും അവരെപോലെ മൂകയായിരുന്നുവെങ്കിൽ എന്നവർ ആഗ്രഹിച്ചിട്ടുണ്ടായിരിക്കണം. അവൾക്കു കഴിയുമായിരുന്നുവെങ്കിൽ അവർ അവളുടെ വായ് പൊത്തിപിടിക്കുമായിരുന്നു അവൾ ഒരു സപ്തന്ത്രിയെന്നപോലെ സാവധാനം തിരഞ്ഞു് വായുവിൽ നടക്കുന്നതുപോലെ തടവുകാരുടെ നേർക്കുപോയി അവൾ അവരുടെ വരിയിൽ ചേർന്നുനിന്ന കുന്നിനപ്പുറം ചക്രവാളത്തിൽ നോക്കിപ്പാടി.

"വരിക കാമുക!——
വരിക, വരിക, വരിക!"

ആ ഇമ്പമുള്ള ശബ്ദം ഇന്നു പ്രദേശത്തു പ്രതിധ്വനിക്കാതെ, അവിടത്തെ [illegible] കലരാത്ത വായുവിൽ അല

ഒപ്പട്ടന്നു ചുമതല മാമ്പഴവരോപോലെ പട്ടാളക്കാർ ഒൻപതു തടവുകാരെ തൂണുകൾക്കു സമീപത്തേക്കു നയിച്ചു. അവരുടെ പിറകേ തൂണിനോടു ചേർത്തു തോളും, കയ്യും അതിശോധനാ ചെയ്തു കെട്ടി. എന്നിട്ട് അവരുടെ നെഞ്ചിൽ ഹൃദയം തുടിക്കുന്നതിനുമീതെ, ഉന്നം തെറ്റാതിരിക്കാനായി കാരോ ചുവന്ന തുണിക്കഷണം കുത്തിച്ചേർത്തു. ഇതൊക്കെ നിശ്ശബ്ദമായി നടന്നു. ഒരു പക്ഷേ അവരുടെ ഹൃദയത്തുടിപ്പു ആ പട്ടാളക്കാർക്കു കേൾക്കാമായിരുന്നിരിക്കണം. എന്തുകൊണ്ടാലും അതവരെ അലട്ടിയതായി തോന്നിയില്ല. മരണം വിധിക്കപ്പെട്ട അവർ തലതിരിച്ച് അടുത്തുള്ള പുതുതായി കഴിച്ച കഴികളിലേക്കു നോക്കി. നനഞ്ഞ മണ്ണ് ക്രമേണയായി കഴികൾക്കു സമീപം ഉയർന്നു കൂടിക്കിടക്കുന്നു. അവർ കഴികുഴിക്കുന്നവരെ നോക്കി. പ്രാകൃതരായ കർഷകർ. ധനുമാസ നിലം ഉഴുതുന്നതിലാണവർക്കു കൂടുതൽ പ്രീതി. എന്നാൽ പ്രേമം തോന്നുന്ന അവരുടെ ഗ്രാമപ്രദേശത്തെ പ്രശാന്തതയിൽ അഭിനയിക്കപ്പെടുന്ന ക്രൂരത! ആ ചിന്തയിൽ അവരുടെ മുഖങ്ങൾ തീവ്രമായ ശോകത്തിൽ വിങ്ങിയിരുന്നു. ഒരു നിമിഷം അവരുടെ കണ്ണുകൾ ഇടഞ്ഞു. കുറേബോധത്തോടെ കുഴി തോണ്ടുന്നവരുടെ നയനങ്ങൾ താണു. അവ ആഴമുള്ള കുഴികളിൽ പതിഞ്ഞു. ഒക്കെ ഇപ്പോൾ കുഴിയും. ജീവനുള്ള ശരീരങ്ങൾ അവയുടെ ശക്തിയുള്ള ഏടയെസ്സന്ദനം, ആ ചുവന്ന തുണിത്തുണ്ടുകൾക്കിടയിൽ അതു നിശബ്ദമാകും. അല്പനേരത്തിനുള്ളിൽ, ആ നനഞ്ഞ കുഴികളുടെ ഇരുളിൽ എല്ലാം—പച്ചച്ചെടികൾ, പഴുത്തുലയുന്ന നെൽപാടങ്ങൾ, മരം നിറഞ്ഞ കുന്നും, അതിനുമേലുള്ള മേഘമില്ലാത്ത വാനവും, ആ മരിച്ച നഗരവും—എല്ലാം അല്പനിമിഷങ്ങൾക്കുള്ളിൽ അവർക്കു മുൻപിൽ അദൃശ്യമാകും.

പട്ടാളക്കാർ കാരോ സിഗാറും എടുത്തു വരിഞ്ഞുകെട്ടിയിരുന്ന ജയിൽപുള്ളികളുടെ തുണികൾക്കിടയിൽ ചേർത്തുകൊളുത്തി. ഒരു തടവുകാരൻ കോപത്തോടെ അക്ഷമയോടെ അയാളുടെ ശേഷിച്ചശക്തി എല്ലാം ഉപയോഗിച്ചുകൊണ്ടു പറഞ്ഞു:—

"അങ്ങുകൊന്നു തൊലക്കരുതോ? ഏതിനാ ചവത്തിനെ കത്തുന്നതു?"

അതാ പട്ടാളക്കാരനെ അല്പവും അലട്ടിയില്ല. അയാൾ ജോലിതുടർന്നു: —

"മേലിൽനിന്നുള്ള നിർദ്ദേശം: കൊലക്കുവിധിച്ച തടവുകാർക്കു വെടിവയ്ക്കുംമുൻപേ സിഗാറുകൊടുക്കണം!"

അയാൾ പലതവണ ഇതിനുമുൻപും പലരോടും അതു പറഞ്ഞിട്ടുണ്ടാവാം.

ഏറ്റവും ഒടുവിൽനിന്ന തടവുകാരൻ നിരാശയോടെ അറിയിച്ചു:

"അതെടുത്തോണ്ടു കുപ്പിച്ചോറുതന്നെങ്കിൽ മതി!"

അങ്ങനെ സിഗാറുകൾ തുണികളിൽ

വാസുദേവവിലാസം
ദശകാന്തിച്ചൂർണ്ണം
പല്ലുകൾക്കു നല്ല ഉറപ്പും
വണ്ണവും നൽകുന്നു
വാസുദേവവിലാസം
ആയുർവ്വേദ ഫാർമസി
കോട്ടയ്ക്കം, തിരുവനന്തപുരം.

നിന്നു നിലത്തുവീണു. പട്ടാളക്കാരൻ അതെടുത്തു ചോക്കറിലിട്ടു

പട്ടാളക്കാർ തടവുകാർക്കുമുമ്പിൽ അണിനിരന്നു അവർ നിർദ്ദേശം കാത്തുനിന്ന കുപ്പറൻ ജീപ്പിൽ നിന്നിറങ്ങി അവർക്കു സമീപം വന്നു പട്ടാളമുറയിൽ നിന്നു.

നർത്തകിയുടെ പാട്ട് അപ്പോഴും തെളിവോടെ കേൾക്കാം. എന്നാൽ അതാരും ശ്രദ്ധിക്കുന്നതായി തോന്നിയില്ല അവളുടെ സമീപം നിന്ന പ്രായംചെന്ന സ്ത്രീകണ്ണുകൾ ഇരുകൈപൂട്ടി മറവശത്തേക്കു തലതിരിച്ചു കഴികുഴിച്ചുകൊണ്ടിരുന്നവർ പണിനിറുത്തി നോക്കിനിന്നു.

ഒരു നിമിഷംകൂടി കഴിഞ്ഞു.

കുപ്പറൻ വെടിവെയ്ക്കാനുള്ള ആജ്ഞനൽകി

ഒരു ഞൊടിക്കുള്ളിൽ അതുകഴിഞ്ഞു. കുന്നിനു മറുപുറത്തുനിന്നു തുടർന്ന വെടിയുടെശബ്ദം പ്രതിധ്വനിച്ചു. മുന്നുശരീരങ്ങൾ കെട്ടുപൊട്ടി നിലം പതിച്ചു. തൂണുകൾക്കു ചുവട്ടിൽ കുനികിടന്നു. മറ്റുള്ള ശരീരങ്ങൾ ഒഴുകുന്ന ചോരയിൽ കുളിച്ചു നിശ്ചലമായിനിന്നു

ആ ഒൻപതു ശരീരങ്ങളും അകലത്തേക്കു നീക്കപ്പെട്ടു ആ തൂണുകളിൽ പുതുതായി ഒൻപതുപേർ ബന്ധിക്കപ്പെട്ടു കഴിഞ്ഞ നടപടികൾ ആവർത്തിച്ചു.

ശവശരീരങ്ങളുടെഎണ്ണം പത്തൊന്നായി വർദ്ധിച്ചു

ഇനി ജീവനുള്ള ഒൻപതുശരീരങ്ങൾ ശേഷിച്ചു. അതിൽ രണ്ടുസ്ത്രീകളും അവിടെ അപ്പോഴും പാടിക്കൊണ്ടിരുന്നു, യാതൊന്നും സംഭവിച്ചിട്ടില്ലാത്തരീതിയിൽ അവരെ തൂണുകളിലേക്കു നയിക്കാനായി പട്ടാളക്കാർ സമീപിച്ചു. ഒരു നടുക്കത്തോടെ അവിടെ പാട്ടുനിറുത്തി. അവളുടെ മുഖം ഭയത്താൽ ചുളിഞ്ഞു ആ ശരീരം വികാരത്താൽക്കുനിഞ്ഞു. അവിടെ പണിപ്പെട്ട് ഓടി. ഓടി

Visit! Bharat Studios, Trivandrum.

കുപ്പറൻറെ കാൽക്കൽവീണു. അവിടെ ഏങ്ങലടിച്ചു കൈയുംപൊട്ടിക്കരഞ്ഞു.

"എന്നെ എന്തുവേണമെങ്കിലും ചെയ്തോളൂ. അയ്യോ, മേജർ എൻറെ കുഞ്ഞിനെ—"

രണ്ടു പട്ടാളക്കാർ വന്നു അവളെപൊക്കി എടുത്തു. നിരാശ നീറുന്ന, സഹിക്കാനാകാത്ത നിരാശയിൽ ആ മുഖം ക്ലാവു അവിടെ ഒരു ഏങ്ങലോടെ നിലവിളി നിറുത്തി. അവിടെ നടക്കവേദിയിലേക്കു മടങ്ങി. ആ നർത്തകി പാട്ടു തുടർന്നു അവർ അവളെ നയിച്ചു.

കുപ്പറൻ എന്തോ ഓർത്തിട്ടെന്നപോലെ പെട്ടെന്നു വിളിച്ചുചോദിച്ചു,

ഏ! അവളുടെ കൊച്ചിനെ മാറിയോ? അതിൻറെ പേരു ഈ ലിസ്റ്റിലില്ല."

ഒരു പട്ടാളക്കാരൻ അവളുടെ മുതുകിൽ തൂക്കിയിരുന്ന തുണിത്തൊട്ടിൽ ഒപ്പോക്കി എടുത്തു അയാൾ രണ്ടു കൈകൊണ്ടും അതു തൂക്കിപ്പിടിച്ചു ജീപ്പിലേക്കു കൊണ്ടുപോയി. ലഘുവായ, നിശ്ചലമായ ഒരു തുണിപ്പൊതി. അതിൻറെ നേരിയ വളവു് അതു തൂക്കുന്നതു നോക്കാൻ അയാൾക്കു മെനക്കേടു വന്നില്ല

കുഞ്ഞിനെ അകറ്റിയതു് അവിടെ അറിഞ്ഞതായി തോന്നിയില്ല. തൂണുകണ്ണുകൾ വിദൂരതയിൽ പേർത്തു് ബോധം നശിച്ചവളെപോലെ അവിടെ പാടിക്കൊണ്ടിരുന്നു. അവളുടെ മാറിൽക്കൂടി വരിഞ്ഞു് തുണിനോടു ചേർത്തു കെട്ടുന്നതുവരെ അവിടെ പാടിക്കൊണ്ടിരുന്നു. തുണിതൻറെ ചുവട്ടിൽ മുൻപിവിടെ വന്നവരുടെ ചോരപതിഞ്ഞ നനഞ്ഞിട്ടുണ്ടു്. അതിൻറെ നിറം ഇനിയും കറുത്തിട്ടില്ല പട്ടാളക്കാരൻറെ ബൂട്ടിനടിയിൽ അതു മണ്ണിൽ മറയുന്നു. അതിനു സമീപം ഒരു പുൽക്കൊടിയിൽ ഒരു തുള്ളിപോരു, കുടുന്ന പാറിയിരിക്കുന്ന മഞ്ഞിൻതുള്ളി കണക്കെ!

അല്പം അകലെ പതിനൊട്ട ശവശരീരങ്ങൾ കിടപ്പുണ്ടു്. വളരെ നിശ്ചലമായി അതു ശയിക്കുന്നു. തൂണുനാട്ടിൻ പുറത്തെ മുഖ്യമായ കാറിൽ അവരുടെ ശരീരത്തിലുള്ള തുണികൾപൊതയായി അനങ്ങുന്നുണ്ടു്. അരുകിൽ കിടക്കുന്ന കരാളൻറെ വായ് ശകലം തുറന്നു് രണ്ടു വരി തെളിഞ്ഞ പല്ലുപുറത്തു കാണിക്കുന്നു. അയാൾ ചിരിക്കുന്നതുപോലെ തോന്നുന്നുണ്ടു്, രണ്ടുകൈത്തടിച്ച ഏറുമുകൾ അയാളുടെ മുഖത്തുകൂടെ ഇഴയുന്നു. അതിൽ ഒന്നു് പകുതി തുറന്ന കണ്ണുകൾക്കു മധ്യത്തുകൂടി സാവധാനം ഇഴഞ്ഞു്, തിരിഞ്ഞു താഴോട്ടിറങ്ങി. പെട്ടെന്നു് ഉഗ്രമായ വെടിയുടെ ശബ്ദം അവിടെ ഉയർന്നപ്പോഴും അതു് പെരുതായ ഒരു ഞെട്ടൽപോലും ഇല്ലാതെ, ഇഴഞ്ഞു് അയാളുടെ മേൽച്ചുണ്ടിനു മുകളിൽവന്നു് തുറന്ന വായിലേക്കു ഇറങ്ങി.

———

പത്മാദേവി

(10-ംപേജിൽനിന്നും തുടർച്ച)

വിക്കാൻ പോകുന്നതു്. ആ മനുഷ്യൻ ഉഷ്ണമാണെന്നതോ പോകട്ടെ, ഉഷ്ണക്കമ്മത്തിനു അയാൾ നിങ്ങളെ പ്രേരിപ്പിക്കയും ചെയ്യുന്ന അയാൾക്കു് ആരിവില്ല, സംസ്കാരമില്ല. എന്തിനാണു് നിങ്ങൾ അയാളുടെ വാക്കുകൾ വിശ്വസിക്കുന്നതു്?"

"ആരെപ്പറ്റിയാണു് കുട്ടീ നീ ഇപ്പറയുന്നതു്? അദ്ദേഹം ആരെന്നു് വിചാരിച്ചു് ആരോടാണു് നീ ഇങ്ങനെ പുലമ്പുന്നതു്?" ത്രിജടയുടെ കണ്ണുകൾ ജ്വലിച്ചു. "ഏതു പിശാചിനു് പിറന്നതു് ഈ പെണ്ണു്?"

പത്മാദേവിക്കു് ഒന്നു മന്ദഹസിക്കണമെന്നു് തോന്നി. ഒരു ക്ഷോഭവും കൂടാതെ അവൾ പോടിച്ചു: —"ആര്, ആ ധർമ്മസ്യന്ദനോ? അയാൾ നിങ്ങൾക്കാരായാലും, എനിക്കൊരുമല്ല. അയാളെ എനിക്കു നല്ലപോലെ അറിയാം. അതു പോകട്ടെ, എന്നെ വെറുക്കുന്നതിനു ഞാൻ നിങ്ങളോടു് എന്തു കുറ്റംകൈയ് ചെയ്തു? നിങ്ങൾക്കൊരു ശ്വാസത്തിനു് എന്തു പരിഹാരം ചെയ്യാനും ഞാൻ സന്നദ്ധയാണു്."

ത്രിജട രൂക്ഷമായി പറഞ്ഞു. —"നീ ചത്തൊഴിഞ്ഞാലല്ലാതെ എനിക്കൊരാശ്വാസവും ഉണ്ടാകുവാൻ പോകുന്നില്ല എന്നാണു് രാധയെ നീ എന്നിൽനിന്നും പിടിച്ചുമാറ്റിയിരിക്കുന്നതു്?"

പത്മാ:—"ഞാൻ പിടിച്ചുമാറ്റിയിരിക്കയല്ലല്ലൊ. എന്നോടെന്നിച്ചു നിൽക്കുന്നതായിരിക്കും അവൾക്കിഷ്ടം! അവൾക്കു് ഒരു ദുഃഖവുമില്ല അതാണോ നിങ്ങൾക്കുള്ള വൈഷമ്യം? അച്ഛന്റെ വീട്ട തീവച്ചകളയുമെന്ന ഭീഷണി ഞാൻ വകവയ്ക്കുന്നില്ല. അച്ഛനും വകവയ്ക്കുമെന്നു് തോന്നുന്നില്ല. നിങ്ങൾ ഇഷ്ടംപോലെ ചെയ്തുകൊള്ളണം ആ ഇഷ്ടത്തിനായി ഞങ്ങൾ ഇവിടം വിട്ടുപോകുമെന്നും നിങ്ങൾ കരുതേണ്ടതില്ല."

ഉലൂപിക കോപവൈവശ്യംകൊണ്ടു് മുന്നോട്ടാഞ്ഞു:—"ഈ നാട്ടുകാരെ ധിക്കരിക്കാമെന്നോ? നിഷേധം അതുമുത്തെന്നോ? മൂധേവികൾ ഇവിടിക്കു് വീട്ടു് പോവില്ലെന്നോ?" അവൾ പത്മാദേവിയുടെ കൈയ്യിൽ കടന്നു പിടിച്ചു.

അതു ശേഖരനു് സഹിച്ചുകൊടുക്കാൻ സാധ്യമായ ഒരു പ്രവൃത്തിയല്ലായിരുന്നു. തന്റെ പ്രിയപ്പെട്ട സ്വാമിനിയുടെ, ദേവിയുടെ കോമളവും പവനവുമായ കളേബരത്തിൽ നടത്തിയ ഒരു അതിക്രമമായിട്ടു് അതിനെ വീക്ഷിക്കുവാൻ അവനു കഴിവുണ്ടായിരുന്നുള്ളൂ. സഹജമായ രീതിയിൽ ആ ആക്രമണത്തെ അവൻ പ്രതിഷേധിച്ചു. അതിങ്കലെയായിരുന്നു, പെട്ടെന്നുണ്ടായ രണ്ടു തയിൽ അവൻ ഉലൂപികയുടെമേൽ ചാടി വീണു, എതിർക്കുന്ന ഇരയെ ഒരു പുലിയെന്നപോലെ, അവൻ അവളെ കടിച്ചു കുടഞ്ഞു, മാന്തിപ്പൊളിച്ചു, അടിച്ചും തൊഴിച്ചും, പിറകോട്ടു തള്ളിത്തുടങ്ങി. ത്രിജട അവളുടെ സഹായത്തിനെത്തിയെങ്കിലും, പത്മാദേവി അവനെ ശാസിച്ചു വിലക്കാൻ നോക്കിയെങ്കിലും, ഒരു ഫലവുമുണ്ടായില്ല. എതുയും ഭയാനകമായി, ഭയചകിതമായ ഒരു സ്ഥിതിയിൽ തന്റെ ശത്രു തന്റെ മുമ്പിൽ കിടന്നു പിടയ്ക്കുന്നതുകണ്ടു ശേഖരൻ അവളുടെ കഴുത്തിൽ കുത്തിപ്പിടിച്ച പിടി വിട്ടതുമില്ല.

"ഭ്രാതൻ! പിശാചു്!" എന്നിങ്ങനെ, ശേഖരൻ ഒടുവിൽ അവളെ മോചിച്ചപ്പോൾ, അവൾ ഭയസംഭ്രമങ്ങളോടെ നിലവിളിച്ചു. വിജയോന്മാദംകൊണ്ടു് കുതഫലചിത്തനായി, പാറിപ്പറിഞ്ഞ തലമുടി ഒതുക്കി പിറകോട്ടിട്ടുകൊണ്ടു്, അവൻ ഉച്ചത്തിലൊന്നു ചിരിച്ചു.

"നിങ്ങളുടെ അവിവേകത്തിന്റെ ഫലം ഞാൻ അനുഭവിക്കുന്നു. നിങ്ങളാണിവിടത്തു് എനിക്കു വലിച്ചുവെച്ചതു്. എന്നെ ഈ ഭ്രാന്തനായ് കെല്പുതെകൊന്നു. പക്ഷെ, നിങ്ങളുണ്ടോ അതു സഹിക്കുന്നു? ഞാൻ ചത്തതുപോലെന്നു്, ഇരുന്നുപോലെന്നു്? രണ്ടും നിങ്ങൾക്കൊപ്പം തന്നെ!" എന്നു് ത്രിജടയെ നോക്കി ഉലൂപിക വിലപിച്ചു.

പെട്ടെന്നു് അവളുടെ വാക്കുകൾ നിന്നു. അവളുടെ കണ്ണുകൾ വികസിച്ച ഒരു മഹാഭീതി ബാധിച്ചു്, അവളുടെ മുഖം വിളറി. അവൾക്കു ശരീരം ആകെ തളരുന്നതുപോലെ തോന്നി. അവൾ പ്രജ്ഞയറ്റുപോലെ ശേഖരനെ തുറിച്ചുനോക്കി ഒരു കൈയ് ഉയർത്തി അവൾ അവനെ തൊട്ടുക്കാണിച്ചു, അവളുമായി നടന്ന പോരിൽ, അവന്റെ വിചിത്രമായ ഉടുപ്പു് കീറിപ്പറിഞ്ഞുപോയിരുന്ന നഗ്നമായ അവന്റെ മാറിൽ, കരിശിന്റെ ആകൃതിയിൽ ഒരു നീണ്ടു ചുവന്ന മറുവുക്തമായി കണ്ടുനേരുണ്ടായിരുന്നു. "ഹാ! ആ മറു! ഇവനിതു് എങ്ങനെ കിട്ടി?" എന്നു് ഭയത്തോടും, ആശ്ചര്യത്തോടുംകൂടി ഉലൂപിക ഉററി.

ത്രിജട അക്ഷമയായി സാവധാനം അവളെ തുറിച്ചുനോക്കി. പത്മാദേവി ഉലൂപികയുടെ ഭാവവിപാലങ്ങൾ ശ്രദ്ധിച്ചു്, മൂകമായി നിന്നതേയുള്ളൂ. കണക്കിനു് ഒരു മറുപടി കൊടുക്കണമെന്ന വാശിയോടെന്നവണ്ണം ശേഖരൻ ആ മറു ഗർവ്വോടെ തലോടിക്കൊണ്ടു് പറഞ്ഞു:—"ആ, ഇതോ! ഇതുകണ്ടു് സകല മൂധേവികളും ഭയന്നോടുകുന്നതിൽ എന്താശ്ചര്യം! പിശാചു് എന്നെ ഉപേക്ഷിച്ചപ്പോൾ എന്റെ മാറിൽ കുത്തിയ പാപ്പയാണതു്. സകലർക്കും അതറിയാം. പക്ഷികളും, പുഷ്പങ്ങളും, വൃക്ഷങ്ങളും, നക്ഷത്രങ്ങളും അതറിയുന്നുണ്ടു്. നിങ്ങൾക്കും അതറിയാം അതെന്തെന്നു്, നിങ്ങളും അതിൽ ഭയപ്പെടുന്നു!"

അവൻ വീണ്ടുമൊന്നു് ഉച്ചത്തിൽ ചിരിച്ചു. അവളുടെ മുഖത്തിനുനേരെ വിരൽ ഞൊടിച്ചുകൊണ്ടു്, അവൻ ഒരു ചെറുനൃത്തം ചവിട്ടി. അവൾ ഭയന്നു വിറച്ച അത്ഭുതാധീനയായിനിന്ന പത്മാദേവിയെ സാവധാനത്തിൽ സമീപിച്ചു്, പഴയ ആ കോപാവേശത്തിന്റെ കണികപോലുമില്ലാതെ ഇടറിയ സ്വരത്തിൽ വളരെ പതുക്കെ അവൾ പറഞ്ഞു:

"അവർ പറയുന്നു കുഞ്ഞു വലിയ ഒഷ്ടയാണെന്നും, കുഞ്ഞിന്റെ ആത്മാവു് പിശാചിനു് തീറാണെന്നും. പക്ഷേ ഞാൻ ഭയപ്പെടുന്നില്ല ഇല്ല, ഒരു കാര്യം സത്യംപറയുമെങ്കിൽ, ഞാൻ കുഞ്ഞിനു മാപ്പുതരാം. കുഞ്ഞിന്റെ സൗഭാഗ്യത്തിനുവേണ്ടി എന്നും പ്രാർത്ഥിച്ചുകൊള്ളാം."

അല്പമൊന്നു് അറച്ചുശേഷം എതുയും കാതരയായി, ഒരു കഠിനശ്രമത്തോടെ ഉലൂപിക തുടർന്നു:—"ദൈവത്തെയോർത്തു് ഈ ശേഖരൻ ആരെന്നെങ്കിലും പറയൂ"

പത്മാ:—"അവൻ ഒരു അനാഥക്കുട്ടിയാണു് അവൻ മഹാബലിഗംഗ [illegible] വന്നു.



ഓം സഹസ്രരശ്മെ ആദിത്യായ സ്വാഹഃ

എം എസ്. വി. ആര്യവൈദ്യശാല & ആയുർവേദ ആശുപത്രി

ചിറയിൻകീഴ്, 10-1-126.

ആയുഷ്മൻ

അയച്ച കത്തു കിട്ടി

വിവരം അറിഞ്ഞു. സ്ഥലക്കുറവുകൊണ്ടു മുരുക്കുന്നു. സപ്തസ്ഥലനം, ശീഘ്രസ്ഥലനം, ധാതുക്ഷയം, മൂത്രച്ചുടു്, തരിപ്പു്, പഴുപ്പു്, കാസം, ക്ഷയം, രാപ്പനി, തലചുറ്റൽ, ഏക്കം, മലബന്ധം, ഒച്ചയടപ്പു് തുടങ്ങിയുള്ള രോഗങ്ങളുള്ളോയുള്ളൂ? ഭയപ്പെടേണ്ട. ശ്രീ കണ്ണാദമഹർഷിയാൽ കണ്ടുപിടിക്കപ്പെട്ട ഞങ്ങളുടെ "നളിനദ്രാക്ഷാലേഹം" ഉപയോഗിച്ചാൽ മതിയാകുന്നതാണു് സാമാന്യപഥ്യം മതിയാകും. ബാലവൃദ്ധസ്ത്രീപുരുഷഭേദമെന്യേ ഉപയോഗിക്കാവുന്നതാണു്. പ്രസവക്ഷീണത്തെ പെട്ടെന്നു മാറ്റും. ഒരു പണ്ടിനു് 3 രൂ 12 ണ. യേ വിലയുള്ളൂ. പോസ്റ്റേജും പാക്കിംഗും വേറെ. കൂടാതെ മറ്റു ആയുർവേദ ഔഷധങ്ങളും കഴിവുള്ളിടത്തോളം ഭംഗിയായരീതിയിൽ തയാർചെയ്തിട്ടുണ്ടു്. മാറുരോഗവിവരങ്ങളും അറിയിക്കുന്നവർ നക്ഷത്രംകൂടി അറിയിച്ചാൽ കൊള്ളാം. മറുപടിക്കു് സ്റ്റാമ്പു് അയക്കണം. കൂടുതൽ വിവരം നിങ്ങളുടെ കത്തു കണ്ടിട്ടു്.

എന്നു്, വിധേയൻ,

എം. എസ്. കെ. രാജാ.

—കു

എന്റെ അച്ഛൻ അവനെ രക്ഷിച്ചു. അന്നു് വേറൊരു ശത്രുവായിരുന്ന ഈ മുറിവു് അപ്പോൾ ഉണ്ടായിരുന്നതാണു്. അതിനുശേഷം അവൻ ഇന്നേവരെ ഞങ്ങളോടൊന്നിച്ചു കഴിയുന്നു."

ഉലൂപിക അവളെ അതിനിശിതമായി കുറേ നേരം നോക്കിനിന്നശേഷം, പെട്ടെന്നു് തല കുമ്പിട്ടു കൃതജ്ഞതകൊണ്ടോ നിരാശകൊണ്ടോ എന്തുകൊണ്ടാണു് അവളങ്ങനെ നിന്നതെന്നു് പറയുക വിഷമമാണു്. അവൾ ഇടറാത്ത സ്വരത്തിൽ ത്രിജടയോടായി പറഞ്ഞു:—"ഞാൻ വീട്ടിൽ പോകുന്നു. മേലാൽ എന്നിൽനിന്നു് ഒരു സഹായത്തിനും നിങ്ങൾ കാത്തുനില്ക്കേണ്ട. എനിക്കു് വലിയ തളർച്ച തോന്നുന്നു. എനിക്കു് സുഖമില്ല." പെട്ടെന്നു് വാടിക്കരുങ്ങിയപോലെ അവൾ വീണുപോയി. ആകാശത്തിലേക്കു് ഭീതിയായി, വിനീതയായി കൈകൾ കൂപ്പിക്കൊണ്ടു് അവൾ നിലവിളിച്ചു "ശ്രീരാമനേ!" "ഭഗവാനേ!" എന്നു്.

അവളുടെ പരവശ്യവും നിസ്സഹായതയും കണ്ടു് അലിവുതോന്നിയ പത്മാദേവി അവളെ ആശ്വസിപ്പിക്കുവാൻ മുതിരുമായിരുന്നു. പക്ഷെ ത്രിജട ഇടയിൽ പാടിവീണ പരുഷമായി പറഞ്ഞു:—"പോകൂ, പോകൂ മന്ത്രംകൊണ്ടു് നീ ഇവളെ മയക്കിയിരിക്കുന്നു. ഞാൻ അതിനു് സാക്ഷിയാണു്. ഇതിനുള്ള ശിക്ഷ നീ അനുഭവിക്കാതിരിക്കയില്ല. ദൈവമെന്നൊന്നുണ്ടെങ്കിൽ, ഞാൻ ജീവിച്ചിരിക്കുമെങ്കിൽ നീ ഇതിനു് പിഴ മുടുണം. പോകൂ, പിശാചു് കൂടി. നിന്നെ സ്നേഹിച്ചു് നിന്റെ പിറകിനു നടക്കുന്ന ആ പൊട്ടപ്പുക്കാരനു് അടിക്കടി സങ്കടവും, നിർഭാഗ്യവും അല്ലാതെ മറ്റൊന്നും നീ നിമിത്തം ഉണ്ടാകാതെ "പോകട്ടെ" ഒരു വികൃത മന്ദഹാസം അവളുടെ വരണ്ട ചുണ്ടുകളിൽ ഒപ്പാടിച്ചു

"എന്തു്, നീ ചൂളിപ്പോകുന്നു അല്ലേ? നിന്റെ മർമ്മസ്ഥാനത്തുതന്നെ ഞാൻ തൊട്ടു. അല്ലെ, ഒരു സർപ്പത്തെപ്പോലെ നീ അവന്റെ മാർവ്വിൽ ചുരുണ്ടുകൂടി അവന്റെ ചുണ്ടിൽ ദംശിക്കുവാൻ നിനക്കു് ധൈര്യം ഉണ്ടാകട്ടെ. നിന്റെ സ്പർശം വിഷമയമായിത്തീരട്ടെ. ഭയവും സംശയിച്ചും, ഉഴിച്ചും നീ തുലയട്ടെ. പോകൂ. എന്റെ കൺമുൻപിൽനിന്നും പോകൂ.

സകല ദുഷ്ടകളും, ദുർവൃത്തികളും നിന്നെ വേട്ടയാടട്ടെ!" ത്രിജട അവളുടെ കയ്യിൽ ഉണ്ടായിരുന്ന വടി ആകാശത്തിൽ ഉയർത്തി ഒരു വൃത്തം ലേഖനംചെയ്തു. പത്മാദേവിയുടെമുഖം കണ്ടു വിറ്റി ഈ ഭ്രാന്തു് പിടിച്ച വാക്കുകൾക്കു് എന്തെങ്കിലും മറുപടി പറയാൻ പത്മാദേവി സന്നദ്ധയായില്ല "വരൂ, ശേഖരാ, നമുക്കു് പോകാം, നേരം വളരെയായി. അച്ഛൻ നമ്മെ അന്വേഷിക്കും" പൂർവ്വാധികം സംഭ്രമിച്ച കൂടെ എടുത്തുകൊണ്ടു് ശേഖരൻ പറഞ്ഞു:—"അതെ, അതേ സൂര്യപ്രകാശം കുഴിഞ്ഞു് മാറുന്നു. നീ ഉടൻതന്നെ ഒന്നിച്ചു് നമുക്കു് കുഴിയുക സാദ്ധ്യമല്ല! ഇവരാകട്ടെ, ദേവി, സ്ത്രീകളല്ല സർപ്പങ്ങളാണു് പോക്കുവരവുകളും മാത്രമാണു്. ഞാൻ പലപ്പോഴും സർപ്പങ്ങളുമായി പടപൊരുതീട്ടുണ്ടു്. എനിക്കറിയാം അവയെ ആട്ടിക്കൊടിക്കുവാൻ, നോക്കൂ, ഒന്നും കണ്ടിട്ടില്ല ഞാൻ ആരെന്നറിഞ്ഞു് ഇരുന്നു കരയുന്നതു്. മറേറ അസത്തു് ശവക്കുഴിയിൽ വീഴാൻ ഭാവിക്കുകയാണു്. ആ ശവത്തിന്റെ മേൽ തഡ്, തഡ്, എന്നു് മൺകട്ടകളും വെട്ടിയിടുന്നതു് എനിക്കു് വ്യക്തമായി കേൾക്കാം ഒരു പേക്കിനാവിനെ കുഴിച്ചുമൂടാൻ വരട്ടെ വരൂ, നമുക്കു് വെളിച്ചത്തിന്റെ പുറകിൽ പോകാം! പേക്കിനാക്കളെ, നിങ്ങളോടു് ഞങ്ങളും യാത്ര പറയുന്നു"

പത്മാദേവിയുടെ കൈയിൽ പിടിച്ചുകൊണ്ടു് ശേഖരൻ നടന്നു. അവർ വൃക്ഷങ്ങൾക്കിടയിൽ മറഞ്ഞപ്പോഴും ത്രിജട അപ്പോഴും വിങ്ങിക്കരഞ്ഞുകൊണ്ടിരുന്ന ഉലൂപികയുടെ നേർക്കു് കേപോകുകയായി തിരിഞ്ഞു:—"എന്താണു് ഈ മഠത്തിനു്" എന്നു് ചോദിച്ചുകൊണ്ടു് അവൾ കയ്യിൽ പിടിച്ചിരുന്ന വടി നിലത്തു് അക്ഷമയായി ഇടിച്ചു "നിനക്കു് ഭ്രാന്തുണ്ടോ? ആ മായാവി നിന്നെ മയക്കിക്കളഞ്ഞോ?"

ഉലൂപിക മുഖം ഉയർത്തിനോക്കി. അവളുടെ മുഖം വീർത്തും കണ്ണീരൊഴുകിയും ഇരുന്നു.

"ഭഗവാനേ കരുണകാണിക്കണേ! ഞാൻ ഇതറിഞ്ഞില്ല. ഞാൻ എങ്ങനെ അറിയാനായിരുന്നു? എന്നു് അവൾ വിലപിച്ചു.

അവളുടെ ഭുജത്തിൽ ബലമായി പിടിച്ചു് കലുക്കിക്കൊണ്ടു് അക്ഷമയായി ത്രിജട ചോദിച്ചു:—"എന്തറിഞ്ഞില്ല? എന്തറിഞ്ഞില്ല!" ഉലൂപിക ഉർവിധിക്കു് കീഴടങ്ങി വിനീത ആക്കപ്പെട്ട ഒരു നിസ്സഹായ ജീവിയെപ്പോലെ

മോഹത്തിന്റെ മൊട്ടുകൾ

യൌവനത്തിലേയ്ക്കു കാലുകുത്തിയ കാലം മുതൽ, കടിഞ്ഞാണില്ലാത്ത കുതിരയെപ്പോലെ വികാരങ്ങളുടെ വികൃതവീക്രിയകൾക്കടിപ്പെട്ടതിന്റെ ഫലമായി അനുദിനം എത്രയെത്ര മോഹത്തിന്റെ മൊട്ടുകളാണു് വിരിയാതെ കരിഞ്ഞുകൊഴിഞ്ഞുപോകുന്നതു്.

കവിളൊട്ടി, കണ്ണുകുഴിഞ്ഞു, എല്ലുപൊന്തി, അരതേഞ്ഞു അവശരായി, അസംതൃപ്തിക്കിടമകളായി, സപ്തസ്നസ്ഖലനം, ശീഘ്രസ്ഖലനം, ഉല്ലാടനേന്ദ്രിയ ദൌർബല്യം, സാദ്ധ്യം മുതലായ കൂട്ടുകാരോടു കൂടി ജീവിക്കുന്ന എത്രയോ യുവാക്കന്മാരുണ്ടു്. അവരുടെ ഒരിതാ



വി. ഗംഗാധരൻവൈദ്യൻ

നുഭവങ്ങളിൽ നിന്നും മോചനം നേടുവാൻ ഞങ്ങളുടെ **രമണൻ** എന്ന വാജീകരണൌഷധം മാത്രംസേവിച്ചാൽമതി 20ഡോസ് ബാട്ടിൽ 2 ക. 8ണ മാത്രം

ചൂവനപ്രാശം— "ഞാനും ചൂവനപ്രാശം സേവിച്ചിട്ടുണ്ടു്" "എന്നു പറഞ്ഞതുകൊണ്ടായില്ല ഞങ്ങളുടെ ചൂവനപ്രാശം നിങ്ങളും സേവിച്ചിട്ടില്ലെങ്കിൽ ഉടനെ സേവിക്കുവിൻ! അപ്പോൾ അനുഭവപ്പെടും അതിന്റെ പ്രത്യേകത

റാത്തൽ കന്നിനു 3 ക. 8 ണ.

N, B. പ്രധാനപ്പെട്ട എല്ലാ ആയുർവേദ ഔഷധങ്ങളും ശാസ്ത്രീയമായി സംസ്കരിച്ചു സംഭരിച്ചിരിക്കുന്നു. വിലയും പരിമിതമാണു്. വി. പി. ആയി ആവശ്യപ്പെടുന്നവർ ഹെഡ്ഓഫീസിലോ വക്കല ബ്രാഞ്ചിലോ എഴുതേണ്ടതാണു്.

സ്വതന്ത്ര ഫാർമസി [REGD.]

H. O. ചാലക്കുടി

ബ്രാഞ്ചു്— ആയുർവേദകോളേജിനു മുൻവശം, പുത്തൻചന്ത, തിരുവനന്തപുരം.

തലയിൽ കൈവച്ച് കൊണ്ട് പറഞ്ഞു:—"ശേഖരൻ എന്റെ മകനാണ് എന്റെ മകൻ! എന്റെ മകൻ! ഞാൻ കൊന്നകളഞ്ഞെന്ന് വിചാരിച്ച എന്റെകുഞ്ഞ്! ഭഗവാനെ! ഞാൻ ഒരു കൊലപാതകവും ചെയ്തില്ല എന്റെ കുഞ്ഞിനെ ഞാൻ കൊന്നില്ല!"

ത്രിജട അത്ഭുതപരതന്ത്രയായിനിന്നു. സാവധാനത്തിൽ അവിശ്വാസത്തോടുകൂടി അവൾ ചോദിച്ചു:—"ഇതു് സത്യമാണോ?"

ഉലൂ:—"സത്യം, സത്യം, സത്യം എന്നെങ്കിലും വെളിച്ചത്തു് വരാതിരിക്കയില്ല, ഞാൻ പറഞ്ഞില്ലെ, അവൻ എന്റെ കുട്ടിയാണെ°.... ഞാൻ ആണ് അവനെ ആ മറവേൽപ്പിച്ചതു്" അവൾ ഒന്നു നടുങ്ങി. അല്പം കഴിഞ്ഞ് പങ്കിഞ്ഞ സ്വരത്തിൽ അവൾ തുടർന്നു:—"ഒരു ചെറിയ കത്തികൊണ്ട് അവനെ കൊല്ലാൻ ഞാൻ ഉദ്യമിച്ചു. പക്ഷെ രക്തം ഒഴുകിക്കണ്ടപ്പോൾ എന്റെ ശരീരം തളർന്നു. എന്റെ ശക്തി നശിച്ച ഒരു ദുഷ്ക്കർമ്മത്തിന്റെ ദുർബീജമായിരുന്നു അവൻ. ഞാൻ അവനെ മഹാബലിഗംഗയിൽ ഞാൻ പറഞ്ഞിട്ടുള്ള പോലെ അന്ന് എറിഞ്ഞു കളഞ്ഞു. എന്റെ കുറേസമ്മതം നിങ്ങൾക്ക് വളരെ ഉപകരിച്ച എന്റെ രഹസ്യം വെളിച്ചത്താക്കുമെന്നു ഭയപ്പെട്ടതി നിങ്ങൾ എന്നെ ഒരു അടിമയെപോലെ കൊണ്ടുനടന്നു. എന്നാൽ ഇപ്പോൾ—"

അവജ്ഞയും, ദ്വേഷ്യതയും നിറഞ്ഞ ഒരു പതിഞ്ഞ ചൊട്ടിച്ചിരിയോടുകൂടി വൃദ്ധ അവളെ തടഞ്ഞുകൊണ്ട് പറഞ്ഞു:—"കട്ടികാം തള്ളമാരെപ്പോലെ ഇരിക്കും തന്തമാരെപ്പോലെയും ഇരിക്കും. നിന്റെ മകൻ അവന്റെ അച്ഛനെപ്പോലെ ആണിരിക്കുന്നതെങ്കിൽ അയാളും എന്തൊരു സുമുഖനായിരുന്നിരിക്കണം" ത്രിജട നിർന്നാഗർഭമായി അവളെ നോക്കി.

പ്രതികാരേച്ഛകൊണ്ടു ഉലൂപികയുടെ കണ്ണുകൾ ജ്വലിച്ചു. ത്രിജടയെ ധിക്കരിക്കുവാൻ സന്നദ്ധയെന്നോണം അവൾ എണീറ്റു:—"ഈ ഭീഷണികൊണ്ടു് ഇനി ഫലം ഇല്ല. നിങ്ങൾക്കെന്നെ ദ്രോഹിക്കാൻ സാദ്ധ്യമല്ല. നാം തമ്മിൽ ഇനി ഒരു ബന്ധവുമില്ല. ആ പാവപ്പെട്ട കുട്ടിയേയോ, അവളുടെ അച്ഛനേയോ ദ്രോഹിക്കുന്നതിൽ ഞാൻ ഇനിക്കുട്ടില്ല. അവരുടെ കുറ്റങ്ങൾ എന്തുതന്നെ ആയിരുന്നാലും അവർ എന്റെ കുഞ്ഞിന്റെ ജീവനെ രക്ഷിച്ചവരാണ്."

ത്രിജട പരിഹാസപൂർവ്വം ചോദിച്ചു:—"അതൊരു മഹാനുഗ്രഹമായിരുന്നു, അല്ലേ?"

ഉലൂ:—"നിശ്ചയമായും! നിങ്ങളുടെ ഭീഷണികൊണ്ടു മേലാൽ പ്രയോജനമില്ല?—ഒരു കൊലപാതകിയെന്നു് നിങ്ങൾക്കിനി എന്നെ തടയിക്കാനും സാദ്ധ്യമാവുകയില്ല"

"ഉവ്വോ! മഠയി!" ത്രിജട പറഞ്ഞു "ആ കുട്ടി ജീവിക്കണമെന്നു് നീ ഉദ്ദേശിച്ചോ? അതു ചത്തെന്നു് കരുതി നീ ആഹ്ലാദിച്ചില്ലേ? ഈ നിമിഷവും ഈ അപവാദം പരത്തി നിനക്കു തലപൊക്കാൻ സാദ്ധ്യമല്ലാതാക്കിത്തീർക്കാൻ എനിക്കു കഴിയില്ലേ? ആ വഷളൻകുട്ടി തന്നെയില്ല, അവനെ കൊല്ലാൻ നീ നടത്തിയ ശ്രമത്തിന്റെ സാക്ഷിയായി? ആ മറ എന്താണു്? എന്തിന്റെ സാക്ഷ്യമാണു്? ആ കലശേഖരൻ തന്നെ ആ കുട്ടിയെ എങ്ങനെ കിട്ടിയെന്നകാര്യം ആരു ചോദിച്ചാലും ഒളിച്ചുവെയ്ക്കണമെന്നുണ്ടോ? തടവുപാടിയ ഒരു ഭയങ്കരൻ. കടവിൽ പിടിച്ചു തുക്കിലിട്ട ഒരു കൊലപ്പുള്ളി ആയിരുന്നു നിന്റെ ജാരനെന്ന സത്യം ആളുകൾ അറിഞ്ഞാൽ പോരെ? എന്തു് സുശീല, എന്തൊരു ചാരിത്രവതിയാണു് ധർമ്മസംക്കന്ധന്റെ വിശ്വസ്തഭൃത്യ ഉലൂപികയെന്നു് എല്ലാവരും അറിയട്ടെ. ഇപ്പോൾ മാത്രമേ നിന്റെ അഹങ്കാരം അടങ്ങാൻ പോകുന്നുള്ളൂ. നിനക്ക് എന്റെ പിടിയിൽനിന്നു മോചനം സിദ്ധിച്ചു. അല്ലെ? ഇല്ല ഇല്ല, ഒരുകാലത്തും സിദ്ധിക്കാനും പോകുന്നില്ല. ഈ ശരീരത്തിൽ ശ്വാസം ശേഷിക്കുന്ന കാലത്തോളം നീ അതിനായിമോഹിക്കയും വേണ്ട. കൊലപാതകി! രാക്ഷസി!"

ഉലൂപിക ശാന്തമായി, അതിതീക്ഷ്ണമായി ത്രിജടയെ നോക്കിക്കൊണ്ടു പറഞ്ഞു:—"അല്ല, ഞാൻ കൊലപാതകിയുമല്ല, രാക്ഷസിയുമല്ല. നിങ്ങൾ രണ്ടുമാണു്"

ചിരുതയുടെ പോർവിളി

(കീരൻ)

"എവിടെയക്കൊച്ചെന്ത്രാ; നവനെന്റെ യേട്ടന്റെ
കഥതീർത്ത;ക്കഥ ഞാനുംകേട്ട"
'പരികാര'ത്തിനു മുറത്തരിശുത്താളുശിർമുറ്റി
യലറുകയായച്ചെറുമി.....
... അറിവില്ലവനെന്നു—പത്തുണ്ടുകൊല്ലം മു—
മ്പവളുടെ യേട്ടൻ കുറുമൻ,
അവിടത്തത്തന്ത്രാനോടഴുതോതി "വേലയ്ക്കു
തരണമെങ്കിലുംക്കൊത്ത കൂലി"
സഹ'കെട്ടഭിക്കാരിച്ചെറുമനെ യവനന്ന
ക്കരിഞ്ഞാറ പാടത്തിൽ പൂഴ്ത്തി.
കഥതീർന്നു;പ്പണിയാളന്നവസാനനിശ്വാസം
പൊലിയുന്നതച്ചേറിൽക്കലർന്നു.
തളിരിട്ട മലരിട്ട തലയാട്ടിച്ചെഴുകയാ—
യവനാന്ന സപ്പത്തിൻനാളും.
ഉഴവന്മാക്കൊക്കെ യപ്പോഴത്തു പണിയുമ്പോ—
ഴശിരോറു മേതോവിഷാദം,
കണ്ണീർക്കണികകൾ കട്ടത്തിയലയുന്നി
കത്തിക്കുമാവേശജ്വാല.....
....പുതുഞാറു നടുവാനിന്ന വിടാൻചിരുതയ
ക്കഥകേട്ടു, പുലയികൾ പൊന്നു.

അടിയേറ്റ പാമ്പുപോലവൾ ചീറിത്തലപൊക്കി—
യടി പാഞ്ഞബ്ഭവനത്തിലെത്തി.....
"....എവിടെയക്കൊച്ചെന്ത്രാ, നവനെന്റെയേട്ടന്റെ
കഥതീർത്ത;ക്കഥ ഞാനുംകേട്ട"
"ചിരുതക്കഴിയട്ടി കീണ്ടിറിന്റെവക്കത്തു—
മിറയത്തു, തൊട്ടുപോയമ്മേ!"
അപരാധക്കൊട്ടയൊന്നരുമക്കിടാവോതി;
വെളിയിലപ്പുറന്നെത്തിതായ.
പൊരിചിതറും തുറികണ്ണുരിവാളുചുഴറിക്കൈ
ങ്ങലറുന്നച്ചെറുപെണ്ണുവീണ്ടും.
"എവിടയക്കൊച്ചെന്ത്രാ;നവനെന്റെയേട്ടന്റെ
കഥതീർത്ത;ക്കഥ ഞാനുംകേട്ട"
തറവാട്ടുമുപ്പത്തി കലികൊണ്ടു:—"പുശാശേ!
മറയത്തു, മരളന്നോപൂച്ചി?
കലിതുള്ളിക്കലിതുള്ളിപ്പിച്ചുചിരട്ടകം
കയറിക്കയ്ക്കയോ വിണ്ണിൽ?
കുറമന്റെയല്ലരി മരവിച്ചകൈയുണ്ട:—
ക്കടിലൊക്കെക്കളമാക്കും—പൊയ്ക്കോ!"
ചിരുതപ്പെണ്ണൻ നീറിച്ചുടലയിലെകട്ടത്തീ
ച്ചുഴലിപോൽപുററിക്കാങ്ങി!

—കുമുദി

നരകത്തിക്കുട്ടികടെച്ചുടരക്തം സിരകളിൽ
കുതികൊണ്ടു; കുരൽവിണ്ടുവീണ്ടും:—
"അമരനോ കുമരനെക്കാലപെയ്കയെണ്ണി—
കുടിലൊരക്കളമാക്കാൻ'—കൊള്ളാം!!
ശവമുണ്ടുരുചിപറാ വിഷനാക്ക ചുഴറന്ന
കൊലയാളിപ്പുനായ്ൻതായേ!
കരുതിയ്യോ, കുടിലിലെത്തരിമണ്ണും പൊരിയുന്നി
ക്കരുതിക്ക പ്രതീകാരംചെയ്യാൻ.

നടുട്ടിൻ വ്ളുവുകളുടെങ്ങും മാറിപ്പോയ്
തട്ടുമിത്തറവാട്ടിൻ കോയ്മ!
പണിയുന്ന ഞങ്ങൾക്ക പതിരേകിപ്പുശിരേക്
പ്പുയുമിത്തറവാട്ടിൻ കോയ്മ!
പണിചെയ്യും ഞങ്ങടെ തലകൊയ്യും കുടിലത
പതിയിട്ടിരിക്കുമിക്കോയ്മ!"

ഞെട്ടിപ്പോയ് ചെറുചെപ്പിൻ വാക്കുത്തിൽ മുമുട്ടി
കെ ഞ്ഞമ്മഹാസുധ
വിറ്റാണ്ടു തപ്പുവാട്ടിക്കരണിമെയണിയിട്ട
മുഖത്തു പുരിവീണുമുത്തി
നിശൽവീഴ്ത്തു ധീരതനിറഞ്ഞിട്ടു മൊഴിയേവം
പതറമ്മമൂരടുകൽ
"രവിദേവൻ കേരിൽകുത്തിയിട്ട വരമിപ്പോഠം
ചീരുത, യെൻകരങ്ങളാൽ"
"രവിദേവൻ!!—
ന്നറിയിക്കുതിനായില്ല ഞാൻ,—
കുതറിപ്പറന്നവൾ; ചുരുൾമുടിപൊട്ടി—
ഞ്ഞതറിക്കൊടുകാറ്റു കുനയ്ക്ക.

മാറത്തുക്കുമകിലെ പുകുലകുതിർന്നിറ
യറവപഴമ്പാളുവീണ.
അവംവയ്ക്കുടിതാകം വയലിൻ വരമ്പുകം
ശിഥിലമായ് ചീതരമ്പോൽ ഞെങ്ങി.

"പ്രവാഹം"

(മാധവശ്ശേരി)

പോരയിൽ!—മഹനീയ—
മാനവതത്തിൽ, നിണ—
പ്പോലയിൽ മലിക്കുന്ന
സാമ്രാജ്യ വേതാളങ്ങം!—
ഇനിയും ക്ഷമിക്കയോ?—
ഈയസമതത്തിന്നും—
രതിവരതതതെ,
യവരടങ്ങുകയില്ല!!
ഉയരാൻ, കൊറിയയെ—
രുജവലരാഷ്ട്രമായ്—
ട്ടുയരാൻ, പോരടിച്ച,
മരിപ്പു കൊറിയക്കാർ!—
സവ്വതേമതപം പുണ്ട—
'ഡോളർ' മേധാവിതപത്തിൻ
സാമ്രാജ്യച്ചെങ്കോലുക—
ളകലെത്തെറിക്കുവാൻ,
ഹൈഡ്രജനാറാംബോംബിൻ—
ഭീകരശ്മശാനത്തിൽ
രുപ്പികാണുന്ന യുദ്ധ—
ത്തുഷ്ണയെത്തുരത്തുവാൻ,
കൈവിട്ടുപോയ നിന്നത്തെ
സ്സുമുഹൂബന്ധങ്ങളെ,
കെട്ടുകെട്ടായ്ക്കുട്ടി—
ച്ചുട്ടിപുണ്ടുനിക്കുവാൻ,
ഏരിയും കൈപ്പുനത്തെം
പോരിയും ദിവനാള—
മുയരെ, യാളിയാള'—
പ്പുടന്ന പിടിക്കുവാൻ,
പലരാൻ വെമ്പൽകൊള്ളം
'നാള'ത്തെ പ്രഭാതമീ—
യുലകിൽ നമുക്കിയും
ശാന്തിയും വിതയ്ക്കുവാൻ,
അകലെ, കൊറിയയിൽ,
മർദ്ദിതവർഗ്ഗത്തിൻറാ—

സമരാഗ്നിയിൽ,
മരിച്ചു വെയ്വതുകണ്ടോ?—
അവിടെ, രണഭൂവിൽ,—
മക്ഷൗഹിണികളിൽ—
അടരടിയ്ക്കും മാതു—
ഭൈരവംഗറില്ലകം;
അരിഞ്ഞരിഞ്ഞു തള്ള,
സാമ്രാജ്യഭൃതന്മാരെ
അകലെപ്പായിക്കുന്ന
പോരിനൊ വീരകണ്ടോ?—

ജനനം, ജനനായ
കരിയ്ക്കും ജനകീയ—
രണമുയരുവാൻ,
മോപനം ജകവരുവാൻ,
ചിറപൊട്ടി യൊഴുകും
ജനകീയാവേശത്തിൽ—
ചീൽപ്പുറകം താനേ—
തകന്നിടുന്ന കണ്ടോ?—

അതുകൊം പ്രവാഹത്തിൻ
തീരത്തുള്ളലൊന്നിനാൽ
വിസ്തൃത കൊറിയ, ത—
ന്നൈകൃത കൈവരുത്തും!
യുദ്ധകുതികളെ
ക്ഷിണേഷ്യയിൽനിന്നും
കെട്ടുകെട്ടിയ്ക്കുനൊറാ—
ശ്ചെട്ടിലണിനിരക്കും!!

അതുപോം പ്രവാഹത്തിൻ—
രോദ്രരസംഘട്ടനത്തിൽ
ഹൈഡ്രജനാറാംബോ ബിൻ—
കത്തുകാവകാശികം
അറവീരവ, രണ—
ഭൂമിയുയരുമപ്പോൾ—
ഉറാസകാധാന സം—
ഗീതമുയ്പാരിലെങ്ങും!!

അതിനായതി വേഗം
പ്രാതാളഭൈരികളെ
തീരത്തി നിരപ്പാക്കി—
ക്കുലയ്ക്കു! "പ്രവാഹ"മേ!!!

Printed and Published by K. Balakrishnan, at the Indira Printing Works. Pettah. Trivandrum

Reg: T. 168. Reg: M. 5661.

The Kaumudi Weekly

PUBLISHED EVERY MONDAY

Vol. I MONDAY 11th DECEMBER 1950 No. 39

കേരളത്തിലെ പ്രശസ്തരായ സാഹിത്യകാരന്മാരുടെ തൂലികാവിലാസങ്ങളാൽ ഒത്തൊരുമിച്ച കാണുവാനുള്ള സുവർണ്ണാവസരം!

കലാകൗമുദി

ഓരോ ലക്കവും ഓരോ വിശേഷാൽപ്രതി!

1951 ജനുവരിയിൽ പുറപ്പെടുന്നു.

കൂടുതൽ വിവരങ്ങൾക്ക് ഉടനെ എഴുതുക :—

മാനേജർ, കലാകൗമുദി, പേട്ട, തിരുവനന്തപുരം.